# അക്ഷരം

## ഡിജിറ്റൽ മാഗസിൻ

Kerala Infrastructure and Technology for Education
Presents

little KITEs



## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

ഗോഖലെ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ കല്ലടത്തൂർ

# ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളെ ആന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി നമ്മുടെ വിദ്യാലയത്തിൽ ഹൈടെക് ക്ലാസ് മുറികൾ സജ്ജമാക്കി. ആധുനിക സാങ്കേതിക വിദ്യായിൽ അധിഷ്ഠിതമായി സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ച് പഠനാന്തരീക്ഷം മെച്ചപ്പെടുത്തുകയാണ് ഹൈടെക്ക് ക്ലാസ് മുറികൾ കൊണ്ട് ഉദ്ദേശിക്കുന്നത്.

ഇത്തരം ഹൈടെക്ക് ക്ലാസ്മുറികളുടെ പരിപാലനം, സൈബർ സുരക്ഷ, ബോധവൽക്കരണം, വിദ്യാലയങ്ങളിലെ ഹാർഡ്വെയർ പരിപാലനം, കമ്പ്യൂട്ടർ പരിശീലനം തടങ്ങിയവ ലക്ഷ്യമാക്കി കേരളത്തിലെ വിദ്യാലയങ്ങളിൽ ഈ വർഷം ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബുകൾക്ക് ആരംഭം കുറിച്ചു.

കല്ലടത്തൂർ ഗോഖലെ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ ഈ വർഷം തുടക്കം കുറിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനാണിത്. ഇതിലേക്ക് ആവശ്യമായ സൃഷ്ടികൾ തന്നത് നമ്മുടെ കൂട്ടുകാരായ വിദ്യാർത്ഥികളാണ്. നമ്മുടെ അധ്യാപകരുടെ നിർദേശങ്ങൾ ഇതിന് വളരെ അധികം സഹായകമായിട്ടുണ്ട്. തുടർന്നും സഹകരിക്കണമെന്ന അപേക്ഷയോടെ....

# മാഗസിൻ സമിതി

## ഉപദേശക സമിതി :

രാമകൃഷ്ണൻ പി കെ (പി ടി എ പ്രസിഡന്റ്)

റഫീഖ് പി വി (ഹെഡ്മാസ്റ്റർ)

അലി അസ്ഗർ കെ വി (എസ് ഐ ടി സി)

പുഷ്പലത ഇ വി (സ്റ്റാഫ് സെക്രട്ടറി)

സിന്ധു എ വി (കൈറ്റ് മിസ്ട്രസ്)

ജാഫർ അലി കെ വി (കൈറ്റ് മാസ്റ്റർ)

## പത്രാധിപ സമിതി:

| | |
|---|---|
| നവനീത് പി പി | IX E |
| ആർഷ ടി പി | IX A |
| ആർദ്ര ഇ എസ് | IX D |
| മുഹമ്മദ് മുസ്തഫ കെ ബി | IX E |
| പവിത്ര പി വി | IX D |

മുഖചിത്രം, വര, ചിത്രങ്ങൾ : സാരംഗ് എം കെ VIII D

ഫോട്ടോ, ക്യാമറ : മിഥുൻ എം – IX A

# സന്ദേശം

ഗോഖലെ ഗവ:  ഹയർ സെക്കണ്ടറി സ്ക്രൂളിലെ ലിറ്റിൽ കൈറ്റസ് പ്രസിദ്ധീകരിക്കുന്ന "അക്ഷരം" ഡിജിറ്റൽ മാഗസിന്    എല്ലാ വിധ ആശംസകൾ നേരുന്നു.

**പി. കെ. രാമകൃഷ്ണൻ (PTA പ്രസിഡന്റ്)**
**ഗോഖലെ ഗവ  ഹയർ സെക്കണ്ടറി സ്കൂൾ**
**കല്ലടത്തൂർ**

# സന്ദേശം

കല്ലടത്തൂർ,
16/01/2019

ഗോഖലെ ഗവ:ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ  കൈറ്റസ് അംഗങ്ങൾ "അക്ഷരം"  എന്ന പേരിൽ ഒരു ഡിജിറ്റൽ മാസിക പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ ആഹ്ലാദമിണ്ട്. ഉദ്യമത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.



ഹെഡ്മാസ്റ്റർ
ഗോഖലെ ഗവ:ഹയർ സെക്കണ്ടറി സ്കൂൾ കല്ലടത്തൂർ

ഗോഖലെ ഗവ: ഹയർ സെക്കണ്ടറി സ്ക്കൂളിലെ ലിറ്റിൽ
കൈറ്റസ് പ്രസിദ്ധീകരിക്കുന്ന"അക്ഷരം" ഡിജിറ്റൽ
മാഗസിന് ആശംസകളോടെ



അലി അഷ്ഗർ മാസ്റ്റർ
ഗോഖലെ ഗവ ഹയർ സെക്കണ്ടറി സ്ക്കൂൾ
കല്ലടത്തൂർ

**ഗോഖലെയിലെ കുട്ടികളുടെ സർഗാത്മകഭാവനകൾ ചിറകുവിടർത്തി ഇനിയും കൂടുതൽ ഉയരങ്ങൾ കീഴടക്കട്ടെ ഡിജിറ്റൽ മാഗസിൻ എല്ലാ വിധഭാവുകങ്ങളും നേരുന്നു.**



ഇ.വി. പുഷ്പലത
സ്റ്റാഫ് സെക്രട്ടറി



ഗോഖലെ ഗവ: ഹയർ സെക്കണ്ടറി സ്ക്കൂളിലെ ലിറ്റിൽ കൈറ്റസ് കൂട്ടുകാർ "അക്ഷരം" എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ അതിയായ ആനന്ദമുണ്ട്. നിങ്ങൾക്ക് എല്ലാവിധ ആശംസകളോടെ

ആദർശ് വി. കെ.(സ്ക്കൂൾ ലീഡർ)
ഗോഖലെ ഗവ ഹയർ സെക്കണ്ടറി സ്ക്കൂൾ കല്ലടത്തൂർ

*അക്ഷരം ഡിജിറ്റൽ മാഗസിൻ*

# ചരിത്രവഴിയിലൂടെ

# ഗോഖലെ സ്കൂൾ

നമ്മുടെ വിദ്യാലയം ഗോഖലെ ഗവഃ ഹയർസെക്കൻണ്ടറി സ്ക്കൂൾ നൂറ് വർഷം പിന്നിടുന്നു. മഹത്തായ കർമ്മവൃത്തിയുടെ ശതാബ്ദി ആഘോഷിക്കുന്ന ഈ വേളയിൽ ഒരു നൂറ്റാണ്ട് പിന്നിട്ട ഈ പ്രദേശത്തിന്റെ സംസ്കൃതിയെ സ്വാധീനിച്ച വിദ്യാലയത്തിന്റെ ചരിത്രവഴികളിലേക്ക് ..............

നൂറ് വർഷങ്ങൾക്ക് മുമ്പ്, മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന് കീഴിൽ, പഴയ പൊന്നാനി താലൂക്കിൽപ്പെട്ട ഇന്നത്തെ പാലക്കാട് ജില്ലയിൽ മലപ്പുറം ജില്ലയോട് ചേർന്നുകിടക്കുന്ന ഈ ഉൾനാടൻ പ്രദേശത്ത് വിദ്യാലയവും വിദ്യാഭ്യാസവും ഒരു വിദൂരസ്വപ്നമായിരുന്നു. ആ സ്വപ്നസാക്ഷാത്ക്കാരത്തിന് മുന്നിട്ടിറങ്ങിയവരും അതിന് വേണ്ട സഹായങ്ങൾ നൽകിയവരം നമ്മുടെ ഗ്രാമസംസ്കാരത്തിന്റെ ശിൽപികളാണെന്നു തന്നെ

*ലിറ്റിൽ കൈറ്റ്സ് ഗോഖലെ.ജി.എച്ച്.എസ്.എസ്.കല്ലടത്തൂർ*

പറയാം.

ഒതളൂർ പടിഞ്ഞാറേപ്പാട്ട് തറവാട്ടിലെ ഉൽപ്പതിഷ്ണുക്കളായ മനുഷ്യസ്നേഹികളുടെ ശ്രമപലമായി പടിഞ്ഞാറേപ്പാട്ട് സ്ക്കൂൾ എന്ന പേരിൽ നമ്മുടെ വിദ്യാലയം പ്രവർത്തനം ആരംഭിച്ചത്. 1914 ൽ ആയിരിക്കാം എന്നാണ് അനുമാനിക്കുന്നത്. അതിനു മുമ്പ് പടിഞ്ഞാറേപ്പാട്ട് തറവാടിന്റെ മേൽനോട്ടത്തിൽ നടത്തിയിരുന്ന നെയ്ത്തുസാലയോട് ചേർന്ന് പ്രവർത്തിച്ചിരുന്ന സംസ്കൃതപാഠശാലയാണ് കുടിപള്ളിക്കൂടമായും പിന്നീട് പടിഞ്ഞാറേപ്പാട്ട് സ്ക്കൂളായും മാറിയത്.

പടിഞ്ഞാറേപ്പാട്ട് ശ്രീ.കൃഷ്ണനുണ്ണി നമ്പ്യാർ, ശ്രീ ടി.എൻ.രാമുണ്ണിമേനോൻ, ശ്രീ.രാമവാര്യർ എന്നിവരുടെ നേതൃത്വത്തിലാണ് വിദ്യാലയം സ്ഥാപിതമായത് എന്ന നിഗമനത്തിലാണ് എത്തി ചേരാൻ കഴിയുന്നത്. ശ്രീ.കേലുക്കുട്ടിനായർ ആയിരുന്നു ഈ വിദ്യാലയത്തിലെ ആദ്യ പ്രധാനാധ്യാപകൻ. നമുക്ക് ലഭ്യമായിട്ടുള്ള ആദ്യകാല പ്രവേശനരജിസ്റ്റർ പ്രകാരം 279-ാം അഡ്മിഷൻ നമ്പറിൽ 1913 നവംബർ 15-ാം തിയ്യതി കല്ലടത്തൂർ സ്വദേശിയായ ഒരു വിദ്യർത്ഥി പ്രവേശനം നേടിയതായി കാണുന്നത് 1914 ജനുവരി 30-ാം തിയ്യതി 284-ാം അഡ്മിഷൻ നമ്പറിൽ പാർവ്വതിക്കുട്ടി വാരസ്യ, D/O കുഞ്ഞുക്കുട്ടിവാരസ്യാർ,വാരിയത്ത്,കല്ലടത്തൂർ എന്ന

വിദ്യാർത്ഥിനിയുടെ പേരും വിലാസവും വ്യക്തമായി കാണുന്നു. എന്നാൽ വിദ്യാലയത്തിലെ ഒരു പഴയ കഴുക്കോലിൽ
1914 എന്ന് ആലേഖനം ചെയ്തിരിക്കുന്നതായും കാണാം. ലഭ്യമായ ഈ വസ്തുക്കളിൽ നിന്നും വിദ്യാലയ പരിവേഷത്തിലേക്ക് കുടിപള്ളിക്കൂടം മാറിയത് 1913 - 1914 കാലഘട്ടത്തിലാണെന്നു വേണം അനുമാനിക്കാൻ.

ശിശുക്ലാസും ഒന്നാംക്ലാസും കൂടി ഒരു ക്ലാസോടെയാണ് വിദ്യാലയ പ്രവർത്തനം ആരംഭിച്ചത്. ഓരോ വർഷം കഴിയുന്തോറും ഓരോ ക്ലാസും വീതം കൂടി വരുന്ന രീതിയിലായിരുന്നു ക്രമീകരണം. പിന്നീട് പൊന്നാനി താലൂക്ക് കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന ആര്യസമാജം വിദ്യാലയത്തിന്റെ മേൽമോട്ടം ഏറ്റെടുത്തു. ഏകദേശം ഒരു വർഷം ആര്യസമാജത്തിനു കീഴിൽ വിദ്യാലയം പ്രവർത്തിച്ചു. ചില സാങ്കേതിക കാരണങ്ങളാൽ വിദ്യാലയത്തിന്റെ ഉടമസ്ഥ വീണ്ടും പടിഞ്ഞാറേപ്പാട്ട് നിക്ഷിപ്തമാക്കുകയാണുണ്ടായത്.

സ്കൂളിനു വേണ്ട എല്ലാ സഹായങ്ങളും ചെയ്തിരുന്ന പടിഞ്ഞാറേപ്പാട്ട് വീട്ടുകാർക്ക് പിന്നീട് സ്കൂൾ നടത്തി കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യം വന്നുചേർന്നു. താലൂക്ക് ബോർഡ് പിരിച്ചു വിട്ടതോടെ ജില്ലാബോർഡ് നിലവിൽ വരുകയും

വിദ്യാലയം ജില്ലാബോർഡിന് കീഴിൽ പ്രവർത്തിക്കുകയും ചെയ്തു.

പ്രമുഖ സ്വാതന്ത്ര്യസമരസേനാനിയും ഗാന്ധിജിയുടെ രാഷ്ട്രീയ ഗുരുവായിരുന്ന ശ്രീ ഗോപാല കൃഷ്ണ ഗോഖലെ അക്കാലത്ത് എലിമെന്ററി വിദ്യാഭ്യാസ കൗൺസിലിലെ അംഗമായിരുന്നു. എലിമെന്ററി വിദ്യാഭ്യാസത്തിന്റെ വികസനാർത്ഥം ഈ സ്ക്കൂൾ എലിമെന്ററി സ്ക്കൂളായി ഉയർത്തപ്പെട്ടപ്പോൾ ഗോപാല കൃഷ്ണ ഗോഖലെ ഉദ്ഘാടനം ചെയ്യാനെത്തുമെന്ന് അറിയിച്ചിരുന്നു. പട്ടാമ്പി റെയിൽവേസ്റ്റേഷനിലേയ്ക്ക് അദ്ദേഹത്തെ സ്വീകരിക്കാൻ ചെന്നവർക്ക് കോയമ്പത്തൂരിൽ നിന്നുള്ള ഗോഖലെയുടെ സന്ദേശം ലഭിച്ചുവെന്നാണ് പറയപ്പെടുന്നത്. വൈസ്രോയിയുടെ ഉത്തരവ് പ്രകാരം പെട്ടെന്ന് മടങ്ങിപ്പോകേണ്ടത് കൊണ്ട് ഉദ്ഘാടനത്തിന് എത്താൻ കഴിയില്ല എന്നായിരുന്നു ആ സന്ദേശം. അങ്ങനെ അന്നത്തെ പ്രാദേശിക നേതാക്കളുടെ അഭിപ്രായ പ്രകാരം സ്ക്കൂളിന് ഗോഖലെ ഹിന്ദുബോർഡ് എലിമെന്ററി സ്ക്കൂൾ എന്ന് നാമകരണം ചെയ്യപ്പെട്ടു.

1931 ൽ ഗോഖലെ ഹിന്ദുബോർഡ് എലിമെന്ററി സ്ക്കൂൾ എന്ന പേരിലാണ് ഈ വിദ്യാലയം അറിയപ്പെട്ടിരുന്നത്. ഇതേ കാലയളവിൽ പടിഞ്ഞാറങ്ങാടിയിൽ ഒരു മാപ്പിള സക്കൂളും

പ്രവർത്തിച്ചിരുന്നതായി പറയപ്പെട്ടിരുന്നു. 1930 ൽ രണ്ടാം തരത്തിൽ പഠിച്ചിരുന്ന താഴത്തേത് ശ്രീ. അപ്പുണ്ണിമേനോൻ അദ്ദേഹത്തിന്റെ വിദ്യാലയങ്ങളിലെ ഇന്നും തെളിമയോടെ ഓർക്കുന്നു. മുപ്പതുകളിലെ സാമൂഹ്യ-സാംസ്കാരിക മേഖലയിലേക്ക് വെളിച്ചം വീശുന്ന ധാരാളം ഓർമ്മകൾ അദ്ദേഹം പങ്കുവെക്കുകയുണ്ടായി. T ആകൃതിയിലുള്ള കെട്ടിടത്തിലായിരുന്നു അന്ന് വിദ്യാലയം പ്രവർത്തിച്ചിരുന്നത്. ശിശുദിന ക്ലാസും അന്നുണ്ടായിരുന്നു. നേരെ കയറി വരുന്ന ഭാഗത്ത് രണ്ടാം ക്ലാസും ഇടതുഭാഗത്ത് പ്രധാനധ്യാപകൻ എ.ഇ.ശങ്കരയ്യരുടെ മുറിയും ഇടതുഭാഗത്ത് നാലാം ക്ലാസുമാണ് പ്രവർത്തിച്ചിരുന്നത്. ഇന്നത്തെ C ആകൃതിയിലുള്ള കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലത്തായിരുന്നു ആ പഴയ കെട്ടിടം നിലനിന്നിരുന്നത്.

ആൺകുട്ടികൾ ഓലക്കുടയും പെൺകുട്ടികൾ തൊപ്പികുടയും വിരലിലെണ്ണാവുന്നവർ ശീലക്കുടയും കൊണ്ടുവന്നിരുന്ന കാര്യവും അപ്പുണ്ണിമേനോൻ ഓർക്കുന്നു. ഒറ്റ മുണ്ടുപോലെയുള്ള വസ്ത്രധാരണം ആയിരുന്നു അന്ന്. കുമരനെല്ലൂരിലെരായിൻ എന്ന തുന്നൽക്കാരനും അദ്ദേഹത്തിന്റെ മകൻ ബാപ്പുട്ടിയും ചാപ്പൻനായർമാഷുടെ തുണിക്കടയും മാത്രമാണ്

വസ്ത്രവുമായി ബന്ധപ്പെട്ട ആശ്രയകേന്ദ്രങ്ങൾ.
ശ്രീ.എ.ഇ.ശങ്കരയ്യർ ആയിരുന്നു ഹെഡ് മാസ്റ്റർ.
അദ്ദേഹം അഞ്ചാംക്ലാസും കൈകാര്യം
ചെയ്തിരുന്നു.ഒന്നാം തരത്തിലും രണ്ടാം തരത്തിലും ശ്രീ.
പി.ടി. കുഞ്ചു എഴുത്തച്ഛനും, നാലാം തരത്തിൽ
ശ്രീ.സി.പി.കൃഷ്ണനുണ്ണി നമ്പ്യാരും, മൂന്നാം തരത്തിൽ
ശ്രീ.വേലുനായരും അന്നത്തെ അദ്ധ്യാപകരായിരുന്നു.
രാവിലെ 11 മണി മുതൽ 4 മണി വരെയായിരുന്നു
വിദ്യാലയത്തിന്റെ പ്രവൃത്തി സമയം. നാലാംതരം വരെ
വിദ്യാഭ്യാസം സൗജന്യമായിരുന്നു. അഞ്ചാംതരം മുതൽ
ഫീസായിരുന്നു. വർഷത്തിൽ ഡിസംബർ-ജനുവരി
മാസങ്ങളിൽ നടത്തിയിരുന്ന 'ആരോഗ്യവാരം'
കുട്ടികൾക്ക് കലാകായികരംഗത്തെ മികവിനുള്ള
അവസരമായിരുന്നു. കന്നിക്കൊയ്ത്ത്, മകരക്കൊയ്ത്ത്
എന്നീ കൊയ്ത്ത്കാലങ്ങളോട് അനുബന്ധിച്ചാണ്
വിദ്യാലയത്തിന് അവധി നൽകിയിരുന്നത്.
നാലുമണിക്ക് ക്ലാസ് അവസാനിക്കുന്ന സമയത്ത്
ബ്രിട്ടീഷ് രാജാവിനെ സ്തുതിച്ചുകൊണ്ട് ചൊല്ലിയിരുന്ന
ഗാനം ശ്രീ.അപ്പുണ്ണിമേനോൻ ഇന്നും ഓർക്കുന്നു.
"വിക്രമാദിത്യ ഛത്രസന്നിഭൻ
മിത്രനൃത്തംനിർത്താടാത്ത ധാത്രിപാലകൻ
ജയജയ രാജൻ ജയജയ രാജൻ
ജയജയാനുമോദമോടെ വാഴ്ക സന്തതം"

കൃഷിയും കൂലിപ്പണിയുമായിരുന്നു ജനങ്ങളുടെ പ്രധാനതൊഴിൽ. ഗതാഗതസൗകര്യങ്ങൾ വളരെ കുറവായിരുന്നതിനാൽ കച്ചവടരംഗം അത്ര പുഷ്ടിപ്രാപിച്ചിരുന്നില്ല. നിർധനരായ വിദ്യാർത്ഥികൾക്കു വേണ്ടി ഉച്ചയ്ക്ക് പടിഞ്ഞാറേപ്പാട്ട് തറവാടിന്റെ പടിക്കൽ കഞ്ഞിയും സംഭാരവും നൽകിയിരുന്നു.

വർഷത്തിൽ ഒരിക്കൽ പടിഞ്ഞാറങ്ങാടിയിലേക്ക് വിദ്യാലയത്തിൽ നിന്നും ഘോഷയാത്ര സംഘടിപ്പിച്ചിരുന്നു. അഞ്ചാം തരത്തിൽ പഠിക്കുന്ന സീനിയറായ ഒരു ആൺകുട്ടി ബ്രിട്ടീഷ് രാജാവിന്റെ ഫോട്ടോയും, ഒരു പെൺകുട്ടി ബ്രിട്ടീഷ് രാജ്ഞിയുടെ ഫോട്ടോയും കയ്യിലെടുത്ത് വാദ്യഘോഷങ്ങളുടെ അകമ്പടിയോടെയാണ് ഘോഷയാത്ര നടത്തിയിരുന്നത്. ഘോഷയാത്രയ്ക്കു ശേഷം വിദ്യാലയത്തിൽ പൊതുസമ്മേളനവും ഉണ്ടായിരുന്നു. ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി സ്വാതന്ത്ര്യസമരം കൊടുമ്പിരിക്കൊള്ളുന്ന സമയത്ത് ബ്രിട്ടീഷ് വിരോധം വളർത്തി ദേശ സ്നേഹം ഊട്ടിയുറപ്പിക്കാൻ അന്നത്തെ അധ്യാപകർ ശ്രമിച്ചിരുന്ന കാര്യവും അപ്പുണ്ണിമേനോൻ പങ്കുവെക്കുന്നു.

1943 സെപ്റ്റംബറിൽ മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് അംഗമായിരുന്ന യശഃശ്ശരീരനായ ശ്രീ.എച്ചുണ്ണിനമ്പ്യാരുടെ പ്രവർത്തനഫലമായി

വിദ്യാലയം മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് ഏറ്റെടുക്കുകയും ഗോഖലെ ബോർഡ് ബോയ്സ് എലിമെന്ററി സ്കൂൾ ആയി മാറുകയും ചെയ്തു. 1949 ജൂലൈയിൽ ഗോഖലെ ബോർഡ് ഹിന്ദു ബോയ്സ് എലിമെന്ററി സ്കൂൾ ആയി മാറി. ഈ കാലഘട്ടത്തിൽ പഠിച്ചിരുന്ന ശ്രീ.ഗോവിന്ദൻ എഴുത്തച്ഛന്റെ അഭിപ്രായത്തിൽ 10 മണി മുതൽ 4 മണിവരെയായിരുന്നു വിദ്യാലയത്തിന്റെ പ്രവൃത്തി സമയം. വർഷം തോറും ആരോഗ്യവാരം സംഘടിപ്പിച്ചിരുന്നു. ഒരു വർഷത്തിലെ പ്രവൃത്തി ദിവസം 220 ആയിരുന്നു. അരക്കൊല്ല പരീക്ഷയും കൊല്ല പരീക്ഷയും നടത്തിയിരുന്നു. മുസ്ലീം സമുദായത്തിൽ നിന്നും വളരെ കുറച്ചുപേർ മാത്രമേ അക്കാലത്ത് സ്കൂളിൽ എത്തിയിരുന്നുള്ളൂ. ഉത്സവം,വാവ് എന്നിങ്ങനെ അവധി ദിവസങ്ങളും ഉണ്ടായിരുന്നു. ഈ കാലഘട്ടത്തിലും അഞ്ചാം തരം കഴിഞ്ഞാൽ ഉപരിപഠനത്തിന്  കുമരനെല്ലൂർ സ്കൂൾ മാത്രമായിരുന്നു ഈ പ്രദേശത്തുകാരുടെ ഏക ആശ്രയം.

1959 ഒക്ടോബറിൽ ഗോഖലെ ബോർഡ് അപ്പർ പ്രൈമറി സ്കൂളായി (G B U P S) Upgrade ചെയ്തതോടുകൂടി തുടർപഠന സൗകര്യവും ഗോഖലെയ്ക്ക് ലഭ്യമായി. 1980-81 കാലഘട്ടം

വിദ്യാലയത്തിന്റെ ചരിത്രത്തിലെ സുപ്രധാനമായ ഒരു അധ്യായമാണ്. യു.പി വിദ്യാലയമായിരുന്ന ഈ സ്ഥാപനം ഹൈ സ്ക്കൂൾ ആയി ഉയർത്തുന്നതിനു വ്ണ്ട ശ്രമകരമായ ദൗത്യം ഏറ്റെടുത്ത വർഷമായിരുന്നു അത്. ഹൈസ്ക്കൂൾ ആയി അപ്ഗ്രേഡ് ചെയ്യപ്പെടുന്ന യു.പി വിദ്യാലയങ്ങളുടെ ലിസ്റ്റിൽ നിന്നും നമ്മുടെ സ്ഥാപനം തഴയപ്പെട്ടതോടു കൂടി പി ടി എ യുടെ നാട്ടുകാരും അതൊരു വെല്ലുവിളിയായി സ്വീകരിച്ച് അപ്ഗ്രഡേഷനുവേണ്ട ശ്രമകരമായ ദൗത്യം ഏറ്റെടുത്തു. അന്നത്തെ കപ്പൂർ പഞ്ചായത്ത് പ്രസിഡന്റും ഇന്നത്തെ ആലത്തൂർ M.L.A-യുമായ ശ്രീ എം. ചന്ദ്രൻ ചെർമാനും ശ്രീ.ഗോവിന്ദനെഴുത്തച്ഛൻ, പൂർവ്വ വിദ്യാർത്ഥി ശ്രീ. കൃഷ്ണൻ തുടങ്ങിയവർ അംഗങ്ങളുമായി ഒരു സമിതി രൂപികരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചു . നമ്പാട്ട് തറവാട്ടിൽ നിന്ന് ഗ്രൗണ്ടിനുവേണ്ട സ്ഥലം ഏറ്റെടുത്തു. താൽക്കാലിക കെട്ടിടം ജനകീയക്കൂട്ടായ്മയുടെ ഭാഗമായി ഉയർന്നു. സമതിയുടെ  നിശ്ചയ ദാർഢ്യത്തിന്റെയും ഇച്ഛാശക്തിയുടെയും ഫലമായി വെല്ലുവിളികളെ അതിജീവിച്ച് വിദ്യാലയത്തെ ഹൈസ്ക്കൂൾ ആയി ഉയർത്തികൊണ്ടുള്ള ഉത്തരവ് നേടിയെടുക്കാൻ കഴിഞ്ഞു. കമ്മറ്റിയുടെ  ചെയർമാൻ ശ്രീ ചന്ദ്രൻ അവർകളുടെ സ്തുത്യഹർവും ത്യാഗോജ്ജ്വലവുമായ സേവനത്തെ ഈ അവസരത്തിൽ പ്രത്യേകം സ്മരിക്കുന്നു. എങ്കിലും

ഹൈസ്കൂളിന്റെ പ്രവർത്തനോദ്ഘാടനം ചില അഭിപ്രായവിത്യാസങ്ങളെ തുടരന്ന് വിദ്യാലയത്തിനു പുറത്തുവച്ചു നടത്തേണ്ടി വന്നു. 1984 ലിൽ ആദ്യ SSLC ബാച്ച് പഠനം പൂർത്തിയാക്കി പുറത്തിറങ്ങി എങ്കിലും 1985 ലാണ് ഈ വിദ്യാലയത്തിൽ പരീക്ഷാസെന്ററിന് അനുമതിയായത്. 2005 ൽ ഹയർ സെക്കണ്ടറി വിഭാഗം പ്രവർത്തനം ആരംഭിച്ച് ഗോഖലെ ഗവ: ഹയർസെക്കണ്ടറി സ്കൂൾ കുമരനെല്ലൂർ ആയിമാറി. PTA യുടെയും നാട്ടുക്കാരുടെയും ആവശ്യപ്രകാരം 2013 ൽ ഗോഖലെ ഗവ: ഹയർസെക്കണ്ടറി സ്കൂൾ കല്ലടത്തൂർ, ഒതളൂർ പി.ഒ. െന്ന വിദ്യാലയത്തിന്റെ പേരുമാറ്റി ഉത്തരവായി. കലാകായികരംഗത്തും പ്രവർത്തിപരിചയമേളയിലും സംസ്ഥാനതലത്തിലും ദക്ഷിണേന്ത്യൻതലത്തിലും ഉയർന്ന സ്ഥാനം നമ്മുടെ വിദ്യാലയം കരസ്ഥമാക്കിയിട്ടുണ്ട്. 1996 ൽ നടന്ന ദക്ഷിണേന്ത്യൻ ശാസ്ത്രമേളയിൽ ഈ വിദ്യാലയത്തിലെ രണ്ട് കുട്ടികൾ സമ്മാനാർഹരായി. കലാമേളയിലും പ്രവർത്തിപരിചയമേളയിലും കഴിഞ്ഞ ഏതാനും വർഷങ്ങളായി ഈ വിദ്യാലയം സ്ഥാനം ഉറപ്പാക്കുന്നുണ്ട് അക്കദമിരംഗത്തും ഉയർന്ന നിലവാരം പുലർത്തുന്ന നമ്മുടെ വിദ്യാലയം 2014 ലെ SSLC പരീക്ഷയ്ക്ക് 96% വിജയത്തോടുക്കൂടി ശതാബ്ദിയുടെ തിളക്കം വർദ്ധിപ്പിച്ചിരിക്കുകയാണ്. സംഗീതത്തിനും നൃത്തത്തിനും

കരാട്ടെയ്ക്കും ഇന്ന് ഗോഖലെയിൽ ക്ലാസ്സുകൾ ലഭ്യമാണ്.

വളർച്ചയുടെ ആദ്യഘട്ടത്തിൽ നാട്ടുകാരുടെ ശ്രമഫലമായി നിർമ്മിച്ച കെട്ടിടങ്ങൾ സർക്കാറിനു വിട്ടു കൊടുത്താണ് വിദ്യാലയപ്രവർത്തനങ്ങൾ നടത്തിയിരുന്നത് എന്നതും ഈ അവസരത്തിൽ സ്മർത്തവ്യമാണ്.

സാമൂഹ്യ പ്രതിബദ്ധതയുള്ള  മനുഷ്യസ്നേഹികൾ സ്വന്തം ദേശത്തിന്റെ വിദ്യാഭ്യാസ കാര്യത്തിൽ നടത്തിയ ദീർഘവീക്ഷണം പുതിയതലമുറയ്ക്ക് അനുഭവിക്കാൻ അവസരം ഉണ്ടായി എന്നതിൽ നാം എത്ര ഭാഗ്യവാന്മാരാണ്.

നമ്മുടെ ദേശത്തിന്റെ സാംസ്ക്കാരികയും സാമൂഹികവുമായ പുരോഗതി ഈ ദീർഘവീക്ഷണത്തിന്റെ  സംഭാവനയാണ്. ആയിരങ്ങളെ രാജ്യത്തിന് സമ്പത്തായി സമർപ്പിച്ച ഈ വിദ്യാദാത്രിയുടെ ശതാബ്ദി ആഘോഷം നമ്മുടെ സംസ്കാരത്തിന്റെ  ഭാഗം തന്നെയാണ്. പൊതു ഇടങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വർത്തമാനകാലത്ത് തലമുറകൾക്ക് അറിവേകി ദേശത്തിന്റെ വെളിച്ചമായി വിരാജിക്കുന്ന നമ്മുടെ മാതൃവിദ്യാലയത്തിന്റെ ശതാബ്ദിയിൽ അതിന്റെ ഭാഗമാകാൻ കഴിഞ്ഞു എന്നതിന് നമുക്ക് അഭിമാനിക്കാം.

# അമ്മ നൽകിയ ഓണം



*അനഘ.കെ*
*10-E*




"ഇന്ന് ഉത്രാടമായിട്ട് രാമൂന്റെ വീട്ടിൽ എന്തൊരൊച്ചയും ബഹളവും ഇല്ലാത്തത്?." അയൽക്കാരൻ രാജൻ മതിലിൽ കൈവച്ച് നടക്കാനിറങ്ങിയ ഫിലിപ്പിനോട് ചോദിച്ചു. "അവന് കുറേ നാളുകളായിട്ട് ജോലിയൊന്നും ഇല്ലായിരുന്നല്ലോ, അതാകും." "എന്നാലും ഒരോണമല്ലേ, കാണം വിറ്റും ഓണം ഉണ്ണണമെന്നല്ലേ?." രാജൻ പിറുപിറുത്തു. "അതിനിനി അവന്റെ കൈയ്യിൽ വിൽക്കാൻ കാണം പോലുമില്ലല്ലോ?." ചിരിച്ച്കൊണ്ട് ഫിലിപ്പ് തന്റെ നടത്തം തുടർന്നു.

അൽപ്പസമയത്തിനുശേഷം രാമു വീട്ടിൽ നിന്ന് പുറത്തിറങ്ങി. ഭാര്യ വിളിച്ചുപറഞ്ഞു: "മറക്കല്ലേ, നാളെ ഓണമല്ലേ? വീട്ടില് ഒരു സാധനവുമില്ല. പോരുമ്പോൾ നാളേക്കുള്ളത് കൊണ്ടുവരണേ..." രാമു തിരിഞ്ഞു നോക്കാതെ നടന്നു. "ആകെ നൂറ് രൂപയുമുണ്ട് ഞാനുമുണ്ട്"- അവൻ പിറുപിറുത്തു. ചന്തയിലെത്തിയ രാമു പലചരക്കുകളുടെ വിലകേട്ട് അന്താളിച്ചു. വില റോക്കറ്റുപോലെ കുതിക്കുകയാണല്ലോ? ഇങ്ങനെ പോയാൽ സാമ്പാറിനുള്ള കഷ്ണങ്ങൾ പോലും കിട്ടില്ല. അവൻ ആ നൂറുരൂപ കയ്യിൽ ഭദ്രമായി പിടിച്ച് തെരുവിന്റെ ഒരു വശത്ത് ഇരുന്നു. പുറകിൽ നിന്ന് ഒരു കൈ വന്ന് രാമുവിനെ പുൽകി. "എന്നെ അറിയുമോ മകനെ?" രാമു ഞെട്ടി. കുറച്ചുദിവസങ്ങൾക്കുമുൻപേ താൻ വഴിയരികിൽ ഉപേക്ഷിച്ച തന്റെപെറ്റമ്മ. "എന്താവിഷമിച്ച്? നാളെ ഓണമല്ലേ. പലചരക്കുസാധനങ്ങൾ വാങ്ങാൻ വന്നതായിരിക്കും അല്ലേ." അമ്മ ചോദിച്ചു. "നമ്മുടെ അടുക്കള സാധനസാമഗ്രികളാൽ പണ്ടത്തെ പോലെ നിറഞ്ഞിരിക്കും അല്ലേ?". മകന്റെ ഹൃദയം നുറുങ്ങി. തന്റെ സ്ഥിതി മകൻ അമ്മയോട് പറഞ്ഞു. തന്റെ ഭാണ്ഡത്തിൽ ഭദ്രമായി തുണിയിൽ പൊതിഞ്ഞ രണ്ടായിരം രൂപാ നോട്ട് അമ്മ മകന്റെ നേരെ നീട്ടി. "ഇതാമോനെ ഇത് നീ വച്ചോ." "ഇത്... ഇത്". "അതെ നീ അന്ന് എന്നെ ഇവിടെ ഉപേക്ഷിച്ചുപോകുമ്പോൾ കയ്യിൽ പിടിപ്പിച്ച രണ്ടായിരം രൂപ. വിശപ്പ് എന്നെ കാർന്നു തിന്നിട്ടും ഇതിൽ നിന്ന് ഒരു രൂപപോലും ഞാൻ എടുത്തില്ല." മകൻ ഹൃദയം നുറുങ്ങുന്ന വേദനയോടെ അമ്മയുടെ കൈവെള്ള പിടിച്ചു. "വരൂ അമ്മേ ഈ ഓണം അമ്മ ആഗ്രഹിച്ചപോലെ നമ്മുടെ ആ കുഞ്ഞു വീട്ടിൽ നടത്താം. ഉള്ളതുകൊണ്ട് ഓണം

പോലെ." മകന്റെ കണ്ണുനീർ അമ്മയുടെ കൈവെള്ളയിൽ വീണു. അതിനിപ്പോൾ വല്ലാത്ത കുളിർമ്മ...

# EARTH'S REVELRY





Aathira.P
8-D

As how much would you
Damage the world ?
As dreams as dreams as though
Oh ugly man don't as mad
As the movements of cyclone
The shadows on the day
Were smiling on the road with tree
With the blessing of
Darkness coral
That moment was...
The clouds were dancing
With the daffodil with
The rhymes of thunder
As that amazing movement
We are the children of
Earth and sun
So many play with our

Parents like birds.

# ആദ്യ ഓണം



ഷിഫാന ഷെറിൻ.എ.വി
9-D

എഴുന്നേറ്റു വന്നപ്പോൾ തൊട്ട്, വളരെ സന്തോഷംത്തോടുക്കൂടെയായിരുന്നു റിട്ടേയർഡ് അധ്യാപകരായ മുത്തച്ഛനും മുത്തശ്ശിയും ഇക്കൊല്ലം തന്റെ ആദ്യ പേരക്കുട്ടിയായ മനുവും ഓണത്തിനുണ്ടാകുംമെന്നാണ് അവരുടെ സന്തോഷം ഇരട്ടിയാക്കി. വർഷങ്ങളായി കുഞ്ഞുങ്ങളില്ലാത്ത തന്റെ മകന് വർഷങ്ങൾക്കുശേഷം ആദ്യമായുണ്ടായ കുഞ്ഞു പൈതലാണ് മനു. അവന്റെ ആദ്യ ഓണം നാട്ടിലാവണമെന്ന് ഇവരുടെ വൃദ്ധരുടേയും ആഗ്രഹമാണ്.

ഇതിനിടയിലാണ് അവർ പത്രത്തിലെ വാർത്ത കണ്ടത്. 'ഇന്ന് കനത്ത മഴക്കുള്ള സാധ്യതയുണ്ട്". അറിയാതെ തലയിൽ കൈ വച്ച് കൊണ്ടു മുത്തശ്ശി പറഞ്ഞു: "എന്റെ ദൈവമേ! അല്ലെങ്കിലെ മുറ്റത്തേക്ക് വെള്ളം കേറാൻ വല്യ സമയമൊന്നും വേണ്ട, നാളത്തെ ഓണം വെള്ളത്തിലാക്കാന് ഇന്നത്തെ മഴേം. എന്തിനാ ഞങ്ങളെ ഇങ്ങനെ പരിക്ഷിക്കണ് എന്റെ ദേവ്യ..."

മുത്തശ്ശൻ പറഞ്ഞു: "ശാരദേ, എന്തായാലും വേണ്ടില്ല,ഞാൻ അങ്ങാടീക്കൊന്ന് പോട്ടെ, മക്കൾ വരുമ്പോൾ

വേണ്ടതൊക്കെ നമ്മള് വേണ്ട വാങ്ങാൻ." ഇതെല്ലാം പറഞ്ഞു കൊണ്ട് മുണ്ട് ഒന്നു മുറുക്കിചുറ്റികൊണ്ട് മുത്തശ്ശൻ പുറത്തിറങ്ങി. വരുമ്പോൾ ഓട്ടോ നിറയെ സാധാനങ്ങൾ തന്റെ ഭർത്താവ് കൊണ്ടു വരുമെന്നറിവുള്ള മുത്തശ്ശി വേഗം തന്നെ ചുറുചുറുക്കോടെ അടുക്കളയിലേക്ക് പോയി.

നേരം ഇരുട്ടു പരന്നു. കാറിന്റെ ഹോൺ മുഴക്കം കാതിലേക്ക് പതിച്ചപ്പോൾ രണ്ട് വൃദ്ധരുടേയും മനസ്സ് വല്ലാണ്ട് കോരിത്തരിച്ചു. "ന്റെ കുഞ്ഞിന്റെ കരച്ചിലും കേക്കണ്ണ്ടല്ലോ", ശാരദ മുത്തശ്ശി പറഞ്ഞു. കതക തുറന്നുനിൽക്കുന്ന അമ്മയുടെ മനസ്സ് മകനെയാണ് കണ്ടത്. മഴ ശക്തിയേറി പെയ്യുമ്പോഴും അമ്മയുടെ മനസ്സ് കുഞ്ഞിനെ കൊണ്ട് നിറഞ്ഞിരുന്നു.

മകനും ഭാര്യക്കും വേണ്ട സൌകര്യങ്ങളെല്ലാം ഒരുക്കിവെച്ച് കൊണ്ട് ആ അമ്മ സന്തോഷത്തോടെ കുഞ്ഞിനെ എടുത്തുകൊണ്ട് പോയി, ആ കുഞ്ഞിനായി വാങ്ങിയ എല്ലാ കളിപ്പാട്ടങ്ങളും നിരത്തി. കുഞ്ഞിന്റെ ആ നിഷ്കളങ്കമായ ചിരി നാളെ ഓണത്തിന് ഇരട്ടിച്ചു കാണാൻ അവർ അതിയായി ആഗ്രഹിച്ചു.

നേരം പുലരുന്നതു പല ഓച്ചയും ബഹളവും കേട്ടുകൊണ്ടാണ്. ചിലർ കതക്മുട്ടുന്നതു കേട്ട്, കതക് തുറന്നപ്പോഴാണ് മുറ്റം കടന്ന് കോലായിൽ മുഴുവൻ വെള്ളം തടം കെട്ടിനിൽക്കുന്നത് കണ്ടത്. അവർ ഒച്ച കൂട്ടിപ്പറഞ്ഞു. "അടുത്തുള്ള എല്ലാ വീടുകളിലും വെള്ളം കേറി. നിങ്ങള് വേഗം അത്യാവിശ്യസാധനങ്ങളെടുത്ത് കേറിക്കോ. ക്യാമ്പിലേക്കുള്ള വണ്ടി റെഡിയാണ്. ഇവിടെ മാത്രമാണ് വെള്ളം കുറവുള്ളൂ. നമ്മുടെ വേലായുധേട്ടന്റെ വീട് കാണാനേ ഇല്ല്യാ".



ശരിക്കും തളർന്ന് കൊണ്ടാണ് മുത്തശ്ശി കേട്ടുനിന്നത്. കാരണം തന്റെമകന്റെ ഓണം, ദൈവമേ എന്തിനാണിത്? ഞാൻ കാരണം എന്റെ മകനും ഭാര്യയും വെള്ളത്തിനടിയിലാവരുത്. വേഗം എല്ലാവരേയും അറിയിച്ച് അത്യാവിശ്യം ചില വസ്ത്രങ്ങളും ഭക്ഷണവും ബാഗിലാക്കി അവർ ക്യാമ്പിലേക്കുള്ള വണ്ടി കയറി. തികച്ചും തിക്കും തിരക്കിലും ഒരുപാട് എങ്ങലുകളും കരച്ചിലും നിലവിളികളും കേൾക്കുന്നുണ്ട്.

ക്യാമ്പിലെ പാർസൽ ചോറ് കഴിക്കുമ്പോൾ ആ മുത്തച്ഛന്റെ കണ്ണിൽ നിന്ന് ഒരു കണ്ണുനീർത്തുള്ളി നിലം പതിച്ചു. "ന്റെ പേരക്കുട്ടിടെ ആദ്യ ഓണം, ഒക്കെ വിധിയാ..." കണ്ണു തുടച്ചുകൊണ്ട് വീണ്ടും പറഞ്ഞു: "ഒക്കെ ന്റെ വിധിയാ......"

# العربية العربية



ഹഫ്ന
10-D

العربية العربية — لغة القران عربية
العربية العربية — لغة العالم عربية
العربية العربية — لغة الجنة عربية
العربية العربية — لغة الرسول عربية
العربية العربية — لغة العلم عربية
العربية العربية — لغة الأدب عربية
العربية العربية — لغة الفن عربية
العربية العربية — لغة الثقافة عربية
العربية العربية — لغة الحضار ة عربية
العربية العربية — لغة الكتاب عربية

# ഓണക്കോടി



നന്ദന.എൻ.പി
10-E

അതിവിശാലമായ ഗ്രാമം. അങ്ങുമിങ്ങു പരന്നു കിടക്കുന്ന വയലേലകൾ. അതിന്റെ അരികിൽ ഒരു കൊച്ചു പുര കെട്ടി താമസിക്കുന്ന ഒരു കുടുംബം. പാരമ്പര്യമായി കാർഷിക കുടുംബമാണ് അവരുടേത്. ഓണത്തിനായുള്ള അധ്വാനത്തിലാണ് ആ കുടുംബം. അച്ഛൻ, അമ്മ അടങ്ങുന്ന ആ വീട്ടിൽ ദാരിദ്ര്യം എന്താണെന്ന് അറിഞ്ഞു വളർന്നവരാണ് അവരുടെ മക്കൾ. അതുകൊണ്ടുതന്നെ ഒന്നിനായും അവർ ശാഠ്യം പിടിക്കുകയില്ല സാധാരണക്കാരന്റെ ഓണമെന്ന പൊലെ അവർ ഓണത്തിന് കണ്ടുകിട്ടുന്ന പൂക്കളെല്ലാം ശേഖരിച്ച് പറ്റാവുന്ന തരത്തിൽ പൂക്കളം തയ്യാറാക്കുമായിരുന്നു. തിരുവോണം അടുക്കുന്തോറും എല്ലാവരുടെ മനസിലും പുതിയ വസ്ത്രം വാങ്ങണമെന്ന ചിന്തയെ ഉണ്ടാക്കു. എന്നാൽ ഇവർക്ക് അങ്ങനെയൊരു ചിന്തയെ ഉണ്ടായിരുന്നില്ല. ഇവർക്ക് വീട്ടിലെ സാഹചര്യം നന്നായി അറിയാവുന്നത്കൊണ്ട് തന്നെ അവർ ഒന്നും ആവശ്യപ്പെട്ടുമില്ല. അതുകൊണ്ടുതന്നെ തന്റെ കുട്ടികൾക്ക് ഓണമാടിയിട്ടും ഒരു ഓണക്കോടി പോലും വാങ്ങികൊടുക്കാൻ പറ്റുന്നില്ലല്ലോ എന്ന കുറ്റബോധം ആ അച്ഛനമ്മമാരേ വേട്ടയാടി കൊണ്ടേയിരുന്നു. നാട്ടിൻ പുറങ്ങളിലെ ഏറ്റവും വലിയ ആഘോഷമാണ് ഓണം.തിരുവോണത്തിന് അയൽ പക്കക്കാരും പണക്കാരുമായ കുട്ടികളെല്ലാം ഓണക്കോടി ഇട്ട് നടന്നപ്പോഴും

ഇവർതനിക്ക് ഉള്ള കുപ്പായം കൊണ്ട് സംതൃപ്തരായി. രാവിലെ നേരെത്തെ തന്നെ അവരുടെ വീട്ടിലെ അടുപ്പ് പുകഞ്ഞു. ഓണസദ്യ ഒരുക്കാൻ വേണ്ടിയുള്ള തിടുക്കത്തിലാണ് അമ്മയും മക്കളും. എന്നാൽ രവിലെ മുതലെ അച്ഛനെ അവിടെയെങ്ങും കാണാനുണ്ടായിരുന്നില്ല. ഓണസദ്യയിൽ നാലുതരം പായസമോ ഒരു കൂട്ടം വിഭവമോ ഒന്നും ഇല്ല. ചോറ്, സാമ്പാറ്, ഉപ്പേരി, പപ്പടം. പിന്നെ പായസവും. നേരം ഉച്ചയായിട്ടും അച്ഛനെ കാണുന്നില്ല. വയലേലകളെ സാക്ഷിയാക്കിക്കൊണ്ട് ആ പൂമുഖത്ത് നോക്കിയിരുന്നു. അങ്ങ് ദൂരെ നിന്ന് അച്ഛന്റെ രൂപം തെളിയുന്നു. അവർക്ക് സന്തോഷമായി. അച്ഛൻ അടുത്തേക്ക് വരുന്തോറും അച്ഛന്റെ കയ്യിൽ എന്തോ ഒന്നിന്റെ സാനിധ്യം ഉള്ളതുപോലെ അവർക്ക് തോന്നി. അച്ഛൻ വന്ന് ചെറ്റക്കുള്ളിൽ കയറി. ക്ഷീണിച്ചു വരുന്ന അച്ഛനെ കണ്ട വഴിക്ക് തന്നെ അമ്മ വെള്ളവുമായി വന്നു. അച്ഛൻ ദാഹം അകറ്റിയതിനുശേഷം തന്റെ കയ്യിലെ പൊതിയുടെ കെട്ടഴിച്ചു. എന്നിട്ട് അച്ഛൻ അതിൽ നിന്നും അവർക്കു നേരെ ഓരോ കോടി വസ്ത്രങ്ങൾ നീട്ടി. ഉള്ളത് കൊണ്ട് തൃപ്തിപെടുന്ന അവർക്ക് ആ ഓണക്കോടി ഒരു വലിയ സമ്മാനം തന്നെയായിരുന്നു. വളരെ സന്തോഷം നിറഞ്ഞ ഓണത്തിന്റെ സ്മരണയ്ക്കായി അവർ നാലുപേരും ഒരുമിച്ചിരുന്ന് ഓണസദ്യ ആസ്വദിച്ചു കഴിച്ചു.

കേരളമെമ്പാടും ഒരു ആർഭാടമായി കാണുന്ന ഓണം സാധാരണക്കാരന്റെ ജീവിതത്തിൽ അത്യധികം പങ്കുവഹിക്കുന്നുണ്ട്.

# Flying Sights of Childhood



Ashiah Jinan
9 D

Throughout the journey of my life
There passed many blinking sights
They flies so high and high
I couldn't reach it,it flies....

One of the incredible sights
That made me so delight
Was a garden,childhood
The spring season of manhood

It's a garden of dreams
That blooms in each flower
It's a garden of wishes
That sitting as bees on flower

It's sure it's a garden
Having restriction in it
Walls that made around
A protective zone found.....

Even through,it's so happy
Everything in it found so happy
No one could make it sad

It's the secret of beauty it had

But it had lost from my
Short time in the winking eye
It had also flew away
Like others flew way....

I wished it will be mine
For ever in whole journey
But no one could stop that line
Through which it flies.....



# ഓണം അമ്മയോടൊപ്പം



അഖില.കെ
8-E

ഒരു ഗ്രാമത്തിൽ രണ്ടു കുട്ടികൾ താമസിച്ചിരുന്നു. അവർ വളരെ ദരിദ്രരായിരുന്നു. ഓണക്കാലം വരുവാനായി ഇരുവരും വളരെ പ്രതീക്ഷയോടെ കാത്തിരുന്നു. അവരുടെ അമ്മക്ക് ഒരു ചെറിയ ജോലിയുണ്ടായിരുന്നു. അതിൽ നിന്നും കിട്ടുന്ന തുച്ഛവില അവർ കൂട്ടിവെക്കുമായിരുന്നു. ഓണക്കാലം അടുത്തെത്താറായപ്പോഴേക്കും അവരുടെ സന്തോഷം ഇരട്ടിച്ചു. അവർ കൂട്ടിവെച്ച തുക എണ്ണി നോക്കിയപ്പോൾ വലിയ ഒരു സംഖ്യയായിരുന്നു. പക്ഷേ അപ്പോഴേക്കും അവരുടെ അമ്മക്ക് രോഗം ബാധിച്ചിരുന്നു. അമ്മയുടെ ജീവൻ തിരിച്ചുകിട്ടുന്നതിനുവേണ്ടി ആവർ ആ പണം അമ്മയുടെ ചികിത്സക്കായി ഉപയോഗിച്ചു. ഇവരുടെ കഷ്ടപ്പാട് കണ്ട ഡോക്ടർ വിവരം തിരക്കി. അവർ ഡോക്ടറോട് എല്ലാം പറഞ്ഞു. ഇതു കേട്ടു വിഷമം തോന്നിയ ഡോക്ടർ പണം വേടിക്കാതെ സൌജന്യമായി ചികിത്സിച്ച് അമ്മയുടെ അസുഖം ഭേധമാക്കി. അങ്ങനെ അവരുടെ ഓണം സന്തോഷത്തോടെ ആഘോഷിച്ചു.

# हमारा भारत



आदित्य मोहन

10- A

हमारा देश भारत प्राचीन काल से विश्व भर में महान समझा जाता रहा है। इसकी प्रकृति सब देशों से सुन्दर रही है और इसकी सभ्यता और संस्कृति सबसे उत्तम रखा है।
इसी महान भारत पर अनेक बार रात्रुओं ने आक्रमण किया और इसे गुलाम बनाकर इसकी महानता नष्ट करने का प्रयत्न किया। इसी भारत को आपसी शत्रुता आशिक्षा और गरीबी ने अपना शिकार बनाया। इन समस्याओं को दर करने और सच्चे ज्ञान की रोशनी दिखाने के लिए इस युग में भी महात्मा गांधी, विवेकानन्द, विनोबा , टैगोर जैसे महापुरुष का जन्म हुआ।
1947 आगस्ता 15 को आज़ादी मिलने के बाद अनेक प्रकार के समस्याओं को सामना करना पडा। जैसे आतंकवाद , दहेज प्रथा , घूसखोरी, भ्रष्टाचारआदि ये समस्याएँ हमारे भारत को उन्नत राष्ट्र बनाने से रोकती है।

हमारा भारत धर्म-निरपेक्ष राष्ट्र से माना जाता है। हिन्दु, मुसलमान , ईसा तथा सिक्क धर्म के लोग यहाँ मिल जुलकर रहते हैं। 26 जनवरी 1950 से हमारा संविधान लागू किया है। इसके अनुसार हिन्दी हमारा राष्ट्रभाषा है। वंदेमातरम राष्ट्रीय गीत के रूप में और जन गण मन राष्ट्रीय गान के रूप में गाया जाता है । यहां पर अनेकता में एकता दिखाई देती है। विभिन्न प्रकार के लोग यहाँ रहते हैं।भारत की एकता तथा उसको उन्नती की ओर ले जाना हमारा कर्तव्य होना चाहिए। इसके लिए सभी भारतीयों को आत्मसमर्पण करना चाहिए।

जय हिंद

# കണ്ണുനീരിൽ കതിർന്ന ഓണം



നന്ദന.സി

9-D

ഒരു മനോഹരമായഗ്രാമപ്രദേശത്ത് അരുണിമ എന്ന ഒരു കുട്ടി ഉണ്ടായിരുന്നു. കഴിഞ്ഞ വർഷം അവൾക്ക് ഓണം ആഘോഷിക്കാൻ കഴിഞ്ഞില്ല. കാരണം ഒരു ബന്ധുമരണപ്പെട്ടിട്ട് ഒരു വർഷം തികഞ്ഞിരുന്നില്ല. ഈ വർഷം ഓണം ആഘോഷിക്കാൻ അവൾ കാത്തിരുന്നു. ഓരോ ദിവസവും പ്രതീക്ഷയോടെ അവൾ ഉണർന്നു. ഓണക്കാലത്ത് ധാരാളം പൂക്കൾ ആ ഗ്രാമത്തിൽ വിരിയുമായിരുന്നു. ഇക്കൊല്ലം അതു തെറ്റിച്ചില്ല. എല്ലാ വർഷവും വിരിയുന്ന പൂക്കളെക്കാൾ അധികം പൂക്കൾ ആ ഗ്രാമത്തിൽ വിരിഞ്ഞിരുന്നു. എല്ലാ ദിവസവും അവൾ ഓണത്തെക്കുറിച്ച് പൂക്കളിനോട് സ്വയം ഇരുന്ന് സംസാരിക്കുമായിരുന്നു. അത് അവളുടെ പ്രിയപ്പെട്ട അമ്മ ശ്രദ്ധിക്കുമായിരുന്നു. അമ്മയാണ് അവൾക്കെല്ലാം. അമ്മയാണ് അവളുടെ കുടുംബം പുലർത്തുന്നത്. അച്ഛനില്ലാത്ത കുട്ടിയാണ്. അതുകൊണ്ട് തന്നെ അവളുടെ എല്ലാ ആഗ്രഹവും അമ്മ നിറവേറ്റിനൽകുമായിരുന്നു. കടുത്ത ദാരിദ്ര്യത്തിലാണ് ആ കുടുംബം. എന്നാൽ അതൊന്നും അമ്മ അവളോട് പറയുമായിരുന്നില്ല. ഓണത്തിനുള്ള അരിയും മറ്റു സാധനങ്ങളും വാങ്ങാങ്ങാൻ തുടങ്ങി. അത് അമ്മയുടെ തുച്ഛമായ ശമ്പളം കൊണ്ടാണ്. അതിൽ നിന്നു മിച്ചമായ തുക സൂക്ഷിച്ചു. "ഓണം

എത്താനായി. അതുകൊണ്ടാണ് ഞാൻ സാധനങ്ങൾ വാങ്ങി ഇട്ടുത്തുവച്ചിരിക്കുന്നത്." അമ്മ പറഞ്ഞു. അമ്മ പറഞ്ഞതു കേട്ടപ്പോൾ അവളുടെ മനസ്സിൽ പുതിയൊരു ആഗ്രഹം ഉണ്ടായി. അത് അവൾ ഒട്ടും ഒളിച്ചുവെച്ചില്ല. ആ ആഗ്രഹം അവൾ അമ്മയോട് പറഞ്ഞു. "അമ്മേ എനിക്ക് ഇക്കൊല്ലം പുതിയ പട്ടുപാവാട വാങ്ങി തയ്യ്ച്ചു തരുമോ?" മകളുടെ ചെറിയൊരു ആഗ്രഹം സാധിച്ചു കൊടുക്കണമെന്ന് അമ്മ ആഗ്രഹിച്ചു. അതുപോലെതന്നെ മനോഹരമായ പട്ടുപാവാട തയ്യ്ച്ചു കൊടുക്കുകയും ചെയ്തു. അത്തത്തിനു മൂന്നു ദിവസം മുന്നേ അതിഗംഭീരമായ മഴയും ശക്തിയേറിയ കാറ്റും തുടങ്ങി. ഡാമുകളിലും പുഴകളിലും ധാരാളം വെള്ളം നിറഞ്ഞു. ഡാമുകൾ തുറന്നു. പുഴകൾ കവിഞ്ഞൊഴുകി. കുളങ്ങളും പാടങ്ങളും റോഡുമെല്ലാം വെള്ളം കൊണ്ട് നിറഞ്ഞു. അവളെയും, അമ്മയെയും ഒപ്പം നാട്ടുകാരെയും സുരക്ഷാ ഉദ്യോഗസ്ഥർ ആ ഗ്രമപ്രദേശത്തുനിന്ന് ദൂരേക്ക് മാറ്റി. കാരണം ഗ്രാമപ്രദേശം വെള്ളത്താൽ ചുറ്റപ്പെട്ടിരുന്നു. അങ്ങനെ തിരുവോണത്തിന് തല്ലേന്ന് അവളും അമ്മയും ഗ്രാമവാസികളും അവരുടെ സ്വന്തം ഗ്രാമത്തിൽ തിരിച്ചെത്തി. തിരിച്ചെത്തിയ അവരും നാട്ടുകാരും സ്വന്തം ഗ്രാമത്തിന്റെ അവസ്ഥ കണ്ട് ഞെട്ടി തരിച്ച് പോയി. കാരണം റോഡുകളെല്ലാം തകർന്ന് തരിപ്പണമായിരിക്കുന്നു. അരുണിമയും അമ്മയും സ്വന്തം വീടിന്റെ അവസ്ഥ കണ്ട് ഏങ്ങികരഞ്ഞു. വീട് ആകെ തകർന്നു. ഒപ്പം അരുണിമയുടെ ഓണക്കോടിയും. പിന്നെ അവളുടെ അമ്മയുടെ മനസ്സിന്റെ താളം തെറ്റി. തനിക്കും, മകൾക്കും ആകെയുള്ള വീടായിരുന്നു. എന്നാൽ അതിപ്പോൾ തകർന്നിരിക്കുന്നു. ഇനി ഞങ്ങൾ എന്തുചെയ്യും എന്ന് ഓർത്തുകൊണ്ടാണ് പിന്നീടുള്ള

ദിവസങ്ങൾ അവർ കണ്ണീരോടെ നീക്കിയത്. പിന്നീട്
ജീവിതത്തിൽ ഒരിക്കലും ഓണത്തെ അവൾ കാത്തിരുന്നില്ല.

# ولاية كيرلا



ഫാത്തിമ ജുമൈല
10-D

كيرلا ولاية جميلة، طبيعتها جذابة، ومناظرها رأٰئعة.فيها أنهار وجداول وبحيرات كثيرة.كيرلا غنية بالأشجارالمثمرة.وفيها جبال مرتفعة وحقول خضراء ومزارع واسعة يسكن فيها أهل أديان مختلفة المسلمون والهندوكيون والنصارى يعيشون مع المودة.نرى فيها المساجد والمعابد

حدودهاغرباالبحر العربي، وشرقا ولاية تمل ناد، وشمالا ولايةكرنادكا،فيها بساتين جميلة،الطيورترقص في البستان ،الفراشات تطير في الهواء، النهر يجري بجوار المزرع ،ماءالنهر صافي.فيهامناطق سياحيةكثيرة.ومن فنون كيرلا "اوبانا" "كتكلي"وغيرهما.ولاية كيرلا جميلة ،أنعم الله على هذاالبلد نعما

كثيرة

# പുലർക്കാലത്തെ നാട്ടുവഴികൾ



*സ്വാതി.എം*
*10-E*

കാത്തിരിപ്പിനൊടുവിൽ ആ പുലർക്കാലത്തിൽ ഓണംവന്നെത്തി. ഇടവഴിയാകെ പൂകളാൽ സമൃദ്ധമായിരുന്നു. തുമ്പ, ചെണ്ടുമല്ലി, മുക്കുറ്റി, മന്ദാരം എന്നിവയുടെ നറുമണം പുലരിയിൽ പടർന്നു. എല്ലാവരും നേരത്തെത്തന്നെ ഉണർന്ന് കുളിച്ച് കുറിതൊട്ട് പൂപ്പറിക്കാൻ പൂക്കൊട്ടയുമായി ഇറങ്ങി. ഒരാൾ മന്ദാരം, ഒരാൾ മുക്കുറ്റി അങ്ങനെ പൊട്ടിക്കാൻ തീരുമാനിച്ചു. പലരും പലവഴിക്ക് പോയി. പുലർക്കാലങ്ങളിൽ തളിർത്തുവിരിയുന്ന പൂവിറുക്കുവാൻ എന്നത്തെയും പോലെ കുട്ടിപ്പടകൾ അണിഞ്ഞൊരുങ്ങി. കൂട്ടത്തിൽ അച്ചുവും, അപ്പുവും. അവർ രണ്ടുപേരും ഇടവഴിയിലൂടെയാണ് പോയത്. പിന്നീട് ഒരു നിമിഷത്തിൽ അവർ പൂവിറക്കുവാൻ വേണ്ടി രണ്ടുപേരും രണ്ടുവഴിയിലേക്ക് പിരിഞ്ഞു. അപ്പുചെന്നവഴിയിൽ വളരെയധികം തടസ്സമുണ്ടായിരുന്നു. എന്നാൽ അച്ചു മറുസ്ഥലമൊന്നുംനോക്കിയില്ല. അച്ചു അവിടെതന്നെ നിന്നു. പിന്നീട് വളരെ അധികം സമയമായപ്പോഴെക്കും അച്ചുവിന് വളരെയധികം പേടിതോന്നി. അപ്പുവിന്റെ തിരിച്ചുവരവ് കാണുന്നില്ല. അച്ചുവിന് വളരെ അധികം പേടിതോന്നികൊണ്ടേയിരുന്നു. അപ്പു പിന്നീട് വളരെയധികം പൂവുകൾതേടി പുതിയ സ്ഥലങ്ങളിലേക്ക് പോയി. പിന്നീട് അവന്റെ തിരിച്ചുവരവുണ്ടായില്ല. പ്രിയപ്പെട്ട കൂട്ടുകാരനുവേണ്ടി അച്ചു ആ വഴികളിൽ ഇപ്പോഴും കാത്തുനിൽക്കുന്നു.

# യൂക്ലിഡ്



ഹർഷിത.പി.പി.
൧-E

ഗണിതശാസ്ത്ര വിഭാഗത്തിൽ ക്ഷേത്രഗണിതശാസ്ത്രത്തിന്റെ (ജ്യാമിതി) പിതാവ് എന്നറിയപ്പെടുന്ന ഗ്രീക്ക് ഗണിതശാസ്ത്രജ്ഞനാണ് യൂക്ലിഡ്. ബി.സി.300 ൽ ജീവിച്ചിരുന്ന ഇദ്ദേഹം യൂക്ലിഡ് ഓഫ് അലക്സാന്ദ്രിയ എന്ന പേരിലും അറിയപ്പെട്ടിരുന്നു. ടോളമി ഒന്നാമന്റെ ഭരണകാലത്ത് ഇദ്ദേഹം അലക്സാന്ദ്രിയയിൽ പ്രവർത്തിച്ചിരുന്നു. ഗണിതശാസ്ത്രചരിത്രത്തിലെ ഒരു പ്രധാന കൃതിയാണ് ഇദ്ദേഹം രചിച്ച 'എലമെന്റ്സ്' എന്ന ഗ്രന്ഥം. ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ച ശേഷം പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനമോ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശയോവരെ ഗണിതശാസ്ത്രം (പ്രധാനമായും ക്ഷേത്രഗണിതം) പഠിപ്പിക്കുവാൻ ഒരു പാഠപുസ്തകമായി ഇതുപയോഗിച്ചിരുന്നു എന്നതിൽ നിന്ന് ഈ ഗ്രന്ഥത്തിന്റെ പ്രാധാന്യം മനസ്സിലാക്കാം. എലമെന്റ്സ് എന്ന ഗ്രന്ഥത്തിൽ യൂക്ലിഡ് വിവരിക്കുന്ന ജ്യാമിതീയതത്വങ്ങൾ 'യൂക്ലിഡിന്റെ ക്ഷേത്രഗണിതം' എന്നറിയപ്പെടുന്നു. വളരെക്കുറച്ച് മൌലികതത്വം' എന്നറിയപ്പെടുന്നു. വളരെക്കുറച്ച് മൌലികതത്വങ്ങളിൽ (ആക്സിയം) നിന്ന് ഇദ്ദേഹം ജ്യാമിതീയ തത്ത്വങ്ങൾ വിശദീകരിക്കുന്നു. 'വീക്ഷണകോൺ', 'ഗോള ജ്യാമിതി', 'നമ്പർസിദ്ധാന്തം', 'ഗണിതനിയമങ്ങൾ'

എന്നിവയപ്പറ്റിയും ഇദ്ദേഹം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

# പൊൻപുലരിയുടെ പുതിയനാളുകൾ



വിസ്മയ.കെ.പി.
10-D

മലയാളിയുടെ മനസ്സിൽ സ്നേഹത്തിന്റെ സഹോദര്യത്തിന്റെ നറുമണം നിറക്കുന്ന തിരുവോണം വന്നെത്തി. അത്തം ഒന്നിന് തുടങ്ങിയ ഒരുക്കങ്ങളും കാത്തിരിപ്പും സഫലമാകുന്ന സുദിനം.

തിരുവോണദിനത്തിൽ മഹാബലി തമ്പുരാൻ പ്രജകളെ കാണാൻ വന്നെത്തും എന്നാണ് വിശ്വാസം. അതുകൊണ്ട്തന്നെ പ്രജകളെല്ലാം മാവേലിയെ വരവേൽക്കാൻ മനോഹരമായ പൂക്കളൊരുക്കിയും സദ്യവട്ടങ്ങൾ തയ്യാറാക്കിയും കാത്തിരിക്കണം എന്നാണ്.

ഓരോ മലയാളിക്കും ഓണനാളുകൾ പ്രത്യേകിച്ചും തിരോവോണദിനം കാത്തിരിപ്പുകളുടെയും സാഫല്യത്തിന്റെയും ദിനമാണ്. വളരെ നാളായി ദൂരദേശങ്ങളിൽ വസിക്കുന്ന ബന്ധുമിത്രാതികൾ നാട്ടിലേക്കു

തേടിയെത്തി പഴയ ഓർമകളും സ്നേഹബന്ധങ്ങളും പുതുക്കുന്ന സുന്ദരദിനം.

പലദേശങ്ങളിൽ ജോലിചെയ്യുന്ന മക്കൾ വേർപാടിന്റെയും ഒറ്റപ്പെടലിന്റെയും വേദന പേറി ജീവിക്കുന്ന അച്ഛനമ്മമാരെ സന്ദർശിച്ച് അവർക്കൊപ്പമിരുന്ന് പൂക്കളം തീർത്തും സദ്യയുണ്ടും അടുത്ത ഓണനാളുകൾ വരുന്നതു വരെ ഓർത്തുവെക്കാനുള്ള  നന്മത്ത ദിനങ്ങൾ തീർക്കുന്ന ദിനങ്ങളാണ് ഓണക്കാലം. ഓണം എന്നത് മലയാളിയെ സംബന്ധിച്ചിടത്തോളം ഒരു വികാരമാണ്. അതുകൊണ്ടുതന്നെ മറുനാട്ടിൽ ഓണം ആഘോഷിക്കേണ്ടി വരുമ്പോഴും മലയാളിത്തത്തോടെ ആഘോഷിക്കാൻ ഓരോ മലയാളിയും നന്ദ ശ്രദ്ധ കാണിക്കുന്നു.

ഫെയ്സ് ബുക്ക് പോലുള്ള സോഷ്യൽ നെറ്റ്വർക്കിങ് സൈറ്റുകളിലൂടെ നിറഞ്ഞൊഴുകുന്ന ഓണശംസകൾ തിരക്കിന്റെ ഈ ആധുനികകാലത്ത് മനുഷ്യസ്നേഹം ഊട്ടിയുറപ്പിക്കാൻ പര്യാപ്തമാവും എന്ന് പ്രത്യാശിക്കാം.

# ശ്രീനിവാസ രാമാനുജൻ



വിഷ്ണു.ടി.പി
9-E

ശ്രീനിവാസ അയ്യങ്കാർ രാമാനുജൻ (1887 ഡിസംബർ 22 – 1920 ഏപ്രിൽ 26) ലോകപ്രശസ്തനായ ഇന്ത്യൻ ഗണിത ശാസ്ത്രജ്ഞനാണ് ശ്രീനിവാസ രാമാനുജൻ. 20-ാം നൂറ്റാണ്ടിലെ അവിതർക്കിതമായ ഗണിതപ്രതിഭകളിലെ ഒരാളായിരുന്നു ഇദ്ദേഹം. തമിഴ്നാട്ടിലെ ഈറോഡിലാണ് ജനനം. അനാരോഗ്യം മൂലം കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. എങ്കിലും ഗണിതശാസ്ത്രം സ്വയം പഠിച്ചു. മദ്രാസ് പോർട്ട് ട്രസ്റ്റിൽ ഗുമസ്തനായിരുന്ന തുകകൊണ്ട് ഗണിതപഠനം തുടർന്നു. ഇതിനിടയിൽ രാമാനുജന്റെ ഒരു ഗണിത ലേഖനം കേംബ്രിഡ്ജ് സർവകലാശാലയിലെ പ്രൊഫ.ഹാർഡിയുടെ ശ്രദ്ധയിൽപെട്ടു. അദ്ദേഹത്തിന്റെ ശ്രമഫലമായി രാമാനുജന് ട്രിനിറ്റി കോളേജിൽ ഫെല്ലോഷിപ്പ് ലഭിച്ചു. ബ്രിട്ടനിൽ എത്തിയ രാമാനുജൻ നിരവധി ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചു. സംഖ്യാസിദ്ധാന്തമായിരുന്നു രാമാനുജന്റെ മുഖ്യഗവേഷണ മേഖല. 1918 ൽ രാമാനുജന് 'ഫെലോ ഓഫ് ദ റോയൽ സൊസൈറ്റി'യായി തിരഞ്ഞെടുത്തു. എന്നാൽ ക്ഷയ രോഗിയായി മാറികഴിഞ്ഞിരുന്ന അദ്ദേഹത്തിന് അധികകാലം ബ്രിട്ടനിൽ തുടരാനായില്ല. 1919 ൽ ഇന്ത്യയിൽ തിരിച്ചെത്തിയ രാമാനുജൻ 33-ാം വയസ്സിൽ അന്തരിച്ചു. 'രാമനുജൻ സംഖ്യ' എന്നറിയപ്പെടുന്ന സംഖ്യയായ 1729 ആണ് അദ്ദേഹത്തിന്റെ കണ്ടുപിടിത്തങ്ങളിൽ പ്രധാനപ്പെട്ടത്.

# പ്രതീകം



ഷംസീന നർഗീസ്.വി.വി
10-D

ഓണവും ആഘോഷങ്ങളും തിമിർത്തു നടക്കുകയാണ്. വേണുവിന്റെ വീട്ടിലും തോരണങ്ങളും പൂക്കളും എല്ലാം ഉണ്ട്. അവൻ പതുക്കെ ഉമ്മറത്തേക്ക് ഇറങ്ങി. തെളിഞ്ഞു നിൽക്കുന്ന സൂര്യപ്രകാശം അവന്റെ മുഖത്തെ ചുംബിച്ചു. പ്രകൃതി പോലും ആഘോഷങ്ങൾക്ക് അനുസരിച്ച് വഴങ്ങിയിരിക്കുന്നു.

മുറ്റത്തെ പൂക്കളം കണ്ടപ്പോൾ വേണുവിന് ആദ്യം ഓർമ്മവന്നത് അവന്റെ മുത്തശ്ശനെയാണ്. അന്ന് അവൻ നാലാം ക്ലാസിൽ പഠിക്കുകയായിരുന്നു. ഓണക്കോടി കൈയ്യിൽ പിടിച്ച് അഭിമാനത്തോടെ മുത്തശ്ശന്റെ കൂടെ വീട്ടിലേക്ക് തിരിച്ചു നടക്കുകയായിരുന്നു അവൻ. പെട്ടെന്നാണ് മുത്തശ്ശൻ നടത്തം നിറുത്തിയത്. അവനും അത് കണ്ടു. റോഡ് സൈഡിൽ ഏകദേശം വേണുവിന്റെ പ്രായമുള്ള ഒരു ആൺകുട്ടിയും ഒരു സ്ത്രീയും ഇരിക്കുന്നു. ആ കുട്ടിക്ക് വസ്ത്രങ്ങൾ ഒന്നും തന്നെ ഇല്ലായിരുന്നു. ശരീരത്തിന്റെ പൊള്ളലിന്റെ പാടുകൾ.

മുത്തശ്ശൻ വേണുവിനെ നോക്കി. "ഓണം സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും ആഘോഷമാണ്. അത് എല്ലാവരും

സമന്മാരാണ് എന്നതിന്റെ പ്രതീകമാണ്-" മുത്തശ്ശൻ പറഞ്ഞു. എന്നിട്ട് അദ്ദേഹം അവന്റെ കൈയിലിരിക്കുന്ന പൊതിയിലേക്ക് നോക്കി. അവൻ ആ പൊതി മനസ്സില്ലാ മനസ്സോടെയാണ് ആ കുട്ടിക്ക് കൊടുത്തതെങ്കിലും കുട്ടിയുടെ മുഖത്തെ പുഞ്ചിരി അവനെ സന്തോഷിപ്പിച്ചു.



മുത്തശ്ശൻ പറഞ്ഞ വാക്കുകളുടെ പൊരുൾ അന്ന് മനസ്സിലായില്ലെങ്കിലും  ആ പ്രവൃത്തിയിൽ ഇന്ന് അവൻ അഭിമാനിക്കുന്നു.

# ബ്ലേയ്സ് പാസ്കൽ



ഗൗതം ഗോവിന്ദ്.സി
10-E

ഫ്രഞ്ച് പ്രവിശ്യയായ അവോർജ്ജിലെ ക്ലേർമോണ്ട് നഗരമാണ് പാസ്കലിന്റെ ജന്മസ്ഥലം. ബ്ലേയ്സ് പാസ്കലിന്റെ അമ്മ അദ്ദേഹത്തിന്റെ കുഞ്ഞുനാളിൽ തന്നെ മരണമടഞ്ഞു. പിതാവ് എറ്റ്യേന പാസ്കൽ ഒരു അഭിഭാഷകനും പൊതുപ്രവർത്തകനും ആയിരുന്നു. ഗണിതശാസ്ത്ര തൽപ്പരനായിരുന്ന എറ്റ്യേന ധാരാളം ഗണിതശാസ്ത്ര ഗ്രന്ഥങ്ങൾ തന്റെ വീട്ടിൽ വാങ്ങി സൂക്ഷിച്ചിരുന്നു. പാസ്കലിന്റെ പ്രാഥമിക വിദ്യാഭ്യാസം പാരീസിലായിരുന്നു. ചെറുപ്പത്തിൽ തന്നെ പാസ്കൽ ഗണിതശാസ്ത്രത്തിൽ അഭിനിവേശം കാണിച്ചിരുന്നു. ഒഴിവു സമയങ്ങളിൽ കരിക്കട്ട കൊണ്ട് ത്രികോണങ്ങളും വൃത്തങ്ങളും വരച്ചുനോക്കി അവയുടെ പ്രത്യേകതകളെ കുറിച്ച് മനസ്സിലാക്കുകയായിരുന്നു പാസ്കലിന്റെ വിനോദം. പുത്രനെ ഭാഷാപഠനം കൊണ്ട് പക്വമാക്കിയ ശേഷം മതി ഗണിതപഠനം എന്ന് എറ്റ്യേന തീരുമാനിച്ചു. ലാറ്റിനും ഗ്രീക്കും പഠിച്ച് മനസ്സുമടുത്ത പാസ്കൽ ഒരു ദിവസം തന്റെ പിതാവിനെ സമീപിച്ച് ഒരു സംശയം ചോദിച്ചു. ക്ഷേത്രഗണിതം എന്നാലെന്ത്? എന്നായിരുന്നു അദ്ദേഹത്തിന്റെ ആ സംശയം. ത്രികോണം വൃത്തം തുടങ്ങിയ ജ്യാമിതീയ രൂപങ്ങളുടെ പ്രത്യേകതകളെ പറ്റിയുള്ള പഠനമാണ്

ക്ഷേത്രഗണിതെ എന്ന പിതാവിന്റെ അവ്യക്തമായ മറുപടി പാസ്കലിനെ കൂടുതൽ പരീക്ഷണങ്ങൾക്ക് പ്രേരിപ്പിച്ചു. ക്ഷേത്രഗണിതത്തിലെ നിരവധി സൂത്രങ്ങളും അവയുടെ തെളിവുകളും 12 വയസ്സുക്കാരനായ പാസ്കൽ കണ്ടെത്തി. ഒരു ത്രികോണത്തിന്റെ കോണുകളുടെ തുക രണ്ടു സമകോണുകളാണ് എന്നുള്ളത് ഇവയിൽ ഒന്നായിരുന്നു. അതിന്റെ പുതിയ തെളിവ് അദ്ദേഹം കരി കൊണ്ട് തറയിലെഴുതി നോക്കുകയായിരുന്നു. ഒരു ദിവസം ഒഴിവു സമയങ്ങളിൽ എങ്ങോട്ടാണ് തന്റെ മകൻ പോകുന്നതെന്നു കണ്ടുപിടിക്കാൻ നടക്കുകയായിരുന്ന പിതാവ്, പാസ്കലിന്റെ ഗണിതപ്രേമം കണ്ടു പിടിച്ചു. സന്തോഷം കൊണ്ട് കണ്ണുനിറഞ്ഞ അദ്ദേഹം ഒരു പുസ്തകം മകന് സമ്മാനമായി നൽകി. യൂക്ലിഡിന്റെ മൂല പ്രമാണങ്ങൾ എന്ന പുസ്തകം പഠിച്ചു തീർക്കാൻ കൊച്ചു പാസ്കലിന് ആരുടേയും സഹായം വേണ്ടി വന്നില്ല. ഇത് ഒരു തുടക്കം മാത്രമേ ആയുള്ളൂ. രണ്ടു വർഷം കൊണ്ട് ഗണിത ശാസ്ത്ര സംബന്ധമായി അന്നോളം അറിയപ്പെട്ടിരുന്ന എല്ലാ കാര്യങ്ങളും ഹൃദിസ്ഥമാക്കാൻ പാസ്കലിന് കഴിഞ്ഞു. ഗണിത പണ്ഡിതരെ ഞെട്ടിച്ച എസ്സേ ഓൺ കോണിക്സ് പിൽക്കാലത്ത് ഫ്രഞ്ച് അക്കാദമിയായി വളർന്ന ഗണിത ചർച്ചാ സമിതിയിൽ തന്റെ 14-ാം വയസ്സിൽ തന്നെ പാസ്കൽ അംഗമായി. 16-ാം വയസ്സിലാണ്  കോണികങ്ങളെ പറ്റിയുള്ള എസ്സേ ഓൺ കോമ്ക്സ് എന്ന പുസ്തകം പാസ്കൽ എഴുതുന്നത്. ഇതിന്റെ കൈയ്യെഴുത്ത് പ്രതി കണ്ട ദെക്കാർത്തെ ഒരു 16 വയസ്സുക്കാരന്റെ കൃതിയാണ് ഈ മഹത് ഗ്രന്ഥമെന്ന് വിശ്വസിക്കുവാൻ വിസമ്മതിച്ചു. ദൗർഭാഗ്യവശാൽ അച്ചടിക്കുന്നതിന് മുമ്പുതന്നെ അതിന്റെ കൈയ്യെഴുത്ത് പ്രതി

നഷ്ടപ്പെട്ടു. എസ്സേ ഓൺ കോണിക്സ് വായിക്കാനിടയായ ലിബ്നിസ്, ദെക്കാർത്തെ തുടങ്ങിയവരുടെ പരാമർശങ്ങളിൽ നിന്നാണ് ഇതിന്റെ ഉള്ളടക്കത്തെപ്പറ്റി പുറം ലോകമറിയുന്നത്.

## ***<u>പാസ്കലും കാൽക്കുലേറ്ററും</u>***

1640-ൽ പാസ്കലിന്റെ പിതാവായ എറ്റ്യേന ടാക്സ് കളക്ടറായി നി.മിതനായി. അതോടെ അദ്ദേഹത്തിന് ജോലി ഭാരം കൂടി. അച്ഛന്റെ ഉറക്കമിളച്ചുകൊണ്ടുള്ള ജോലി പാസ്കലിനെ അസ്വസ്ഥനാക്കി. പിതാവിനെ വലയ്ക്കുന്ന കണക്കുകൂട്ടലിന്റം ഭാരം ലഘൂകരിക്കാനുള്ള വിദ്യകളെ പറ്റി പാസ്കൽ തല പുകഞ്ഞാലോചിച്ചു. ലോക ചരിത്രത്തിലെ ആദ്യ കണക്കു കൂട്ടൽ യന്ത്രത്തിന്റെ കണ്ടുപിടിത്തത്തിലേക്കാണ് ഇത് നയിച്ചത്. 19-ാം വയസ്സിലാണ് പാസ്കലൈൻ എന്ന ആദ്യ കാൽക്കുലേറ്റർ പാസ്കൽ നിർമിച്ചത്.

# പ്രതീക്ഷ



മിത്ര.ടി.പി.
9-D

ചിങ്ങമാസമായി. ഓണത്തിന്റെ ഒരുക്കം എല്ലാ വീടുകളിലും പൂർത്തിയാവാറായി. തന്റെ കൊച്ചുമക്കൾക്കാടാൻ വീടിന്റെ മുറ്റത്തെ മാവിൽ ഒരു ഉഞ്ഞാലും കെട്ടി. അമ്മ വീടിന്റെ തിണ്ണയ്യിൽ കാൽ നിവർത്തിവെച്ചിരുന്ന് മക്കളുടെ വരവും പ്രതീക്ഷിച്ച് ഇരുന്നിരുന്ന അമ്മ അറിയാതെ തന്റെ യൌവ്വനത്തിലേക്കൊന്ന് ചാഞ്ഞു. രണ്ടു ആൺമക്കളും കുടുംബവുമൊത്ത് വിദേശത്താണ്. മക്കൾ കുട്ടികളായിരുന്നപ്പോൾ പൂക്കൊട്ടയുമേന്തി കാടുതോറും അലഞ്ഞ്  മുള്ളുകൾ ദേഹത്ത് കോറി അമ്മയുടെ അടുത്ത് വന്ന് താനാണ് അധ്വാനിച്ചതെന്ന മട്ടിൽ മത്സരിച്ചുള്ള കള്ളക്കരച്ചിൽ കരഞ്ഞതെല്ലാം അമ്മയുടെ മാറാല പിടിച്ച മനസ്സിലൂടെ കടന്നുപോയപ്പോൾ ആ അമ്മക്ക് ചിരിവന്നു. താൻ കെട്ടിയ ഉഞ്ഞാലിൽ കൊച്ചുമക്കളോടൊത്ത് ആടാനും ഓണരാവിൽ വലിയ പൂക്കളം ഒരുക്കാനും അമ്മ ആഗ്രഹിച്ചു. മക്കളുടെ വരവ് കണ്ടപ്പോൾ അമ്മ സ്വപന്ത്തിൽ നിന്ന് ഉണർന്നു. മക്കളേയും കൊച്ചുമക്കളേയും കണ്ടപ്പോൾ ആ മനസ്സും ചുക്കിച്ചുളിഞ്ഞ മുഖവും സന്തോഷം കൊണ്ട് തുളുമ്പി. എന്നാൽ ആ വരവ് അമ്മയുടെ മുഖത്തെ സന്തോഷം തല്ലി

കെടുത്താനായിരുന്നു. അവർക്കാവശ്യം സ്വത്തുക്കളാണ്. രണ്ടു ദിവസം കഴിഞ്ഞപ്പോൾ തങ്ങളുടെ വരവിന്റെ ഉദ്ദേശ്യം മക്കൾ അമ്മയെ അറിയിച്ചു. മക്കളുടെ സന്തോഷമാണ് അമ്മയ്ക്ക് വലുത്. അതുകൊണ്ട് യാതൊരു മടിയും കൂടാതെ അമ്മ വീട് സഹിതം എല്ലാം മക്കൾക്ക് നൽകി. തന്റെ കൊച്ചുമക്കളുടെ കൂടെ അധികകാലം ചിലവഴിക്കാൻ പറ്റില്ലാ എന്ന സത്യം അതിന്റെ പിന്നിൽ ഉണ്ടായിരുന്നു. ഒരുപാട് സ്വപ്നം കണ്ട ഓണദിവസം വന്നെത്തിയതറിഞ്ഞ അമ്മ സന്തോഷം കൊണ്ട് പുളകിതയായി. എന്നാൽ ആ സന്തോഷം അധികനാൾ നീണ്ടുനിന്നില്ല. അതിനുമുമ്പേ അമ്മ വൃദ്ധാശ്രമത്തിൽ ദുഃഖിച്ച് നിൽക്കുകയാണ്. ഒരുപാട് സ്വപ്നം കണ്ട ആ മനസ്സ് മുറിവുകൊണ്ട് ചോരയൊലിപ്പിച്ചു. എന്നാലും അമ്മയ്ക്ക് മക്കളോട് സ്നേഹം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അടുത്തക്കൊല്ലം ഓണം വന്നപ്പോൾ മക്കളും കൊച്ചുമക്കളും സന്തോഷത്തോടെ കളിച്ച് ചിരിച്ച് ഓണത്തപ്പനെ വരവേൽക്കുമ്പോൾ അമ്മ ചോരയൊലിപ്പിച്ച മനസ്സും താങ്ങി മക്കളുടെ വരവും കാത്ത് വൃദ്ധാശ്രമത്തിൽ പ്രതീക്ഷിച്ച് ഇരിക്കുകയാണ്.

# 1729



സൂഫിയ .കെ
10-E

1729 ഈ സംഖ്യയെക്കുറിച്ച് കേട്ടില്ലേ? രാമാനുജൻ സംഖ്യ എന്നാണി സംഖ്യ അറിയപ്പെടുന്നത്. ഭാരതീയ ഗണിതശാസ്ത്രജ്ഞനായ ശ്രീനിവാസരാമുജനുമായി (1887-1920) ബന്ധപ്പെട്ട സംഖ്യയാണിത്. വലിയൊരു സംഖ്യാപ്രേമിയായിരുന്ന ശ്രീനിവാസ രാമാനുജൻ. സംഖ്യകളുടെ പ്രത്യേകതകൾ കണ്ട് അദ്ദേഹം ആവേശം കൊണ്ടു.

ഇംഗ്ലീഷ് ഗണിതശാസ്ത്രജ്ഞനായിരുന്ന ഹാർഡി രാമാനുജന്റെ അടുത്ത സുഹൃത്തായിരുന്നു. രാമാനുജൻ അന്തർദേശീയതലത്തിൽ പ്രശസ്തനായതിൽ ഹാർഡിക്കും മുഖ്യപങ്കുണ്ടായിരുന്നു. ശാസ്ത്ര ഗവേഷണരംഗത്ത് പ്രവർത്തിക്കുന്നവർക്ക് ലഭിക്കാവുന്ന അന്നത്തെ ഏറ്റവും വലിയ ബഹുമതിയായ എഫ്.ആർ.എസ് 1918 ൽ രാമാനുജനു നൽകപ്പെട്ടു. പക്ഷെ അദ്ദേഹം ക്ഷയരോഗത്തിന്റെ പിടിയിൽ അകപ്പെട്ടു പോയിരുന്നു. പൊതുവെ അനാരോഘ്യവാനായിരു-ന്നു രാമാനുജൻ. ക്ഷയരോഗം കുരുവിന്മേൽ കുരു വന്നു പോലെയായി. രോഗവിവരമറിഞ്ഞ ഹാർഡി അദ്ദേഹത്തെ സന്ദർശിക്കുവാനായി ചെന്നു. രാമാനുജൻ അക്ഷരാർഥത്തിൽ കിടക്കയിൽ തന്നെ ആയിരുന്നു. അവർ പലതും സംസാരിച്ചു.

അങ്ങിനെ ഹാർഡി സഞ്ചരിച്ചിരുന്ന കാറിന്റെ നമ്പർ പരാമർശ വിധേയമായി. താൻ യാത്രചെയ്തു കൊണ്ടിരുന്ന കാറിന്റെ നമ്പർ "1729" ആണെന്നും ഒരു പ്രത്യേകതയും ഇല്ലാത്ത ഒരു സംഖ്യയാണിതെന്നും ഹാർഡി സന്ദർഭികമായി സൂചിപ്പിച്ചു. രോഗശയ്യതിൽ കിടന്നിരുന്ന രാമാനുജൻ പൊടുന്നനവേ ഉത്സാഹവാനായി ഇപ്രകാരം പറഞ്ഞു:

“രണ്ടു ഘനങ്ങളുടെ (ക്യൂബ്) തുകയായി രണ്ടുതരത്തിൽ എഴുതാവുന്ന ഏറ്റവും ചെറിയ സംഖ്യയാണല്ലോ 1729”

അതായത്

$1729 = 10^3+9^3 = 12^3+1^3$

## **പേരുവന്ന വഴി**

ആര്യഭടൻ, കോണിന്റെ 'അർധജ്യാ' എന്നു വിളിച്ചിരുന്ന അളവു തന്നെയാണ് ഇന്നു Sin എന്ന പേരിൽ ഉപയോഗിക്കപ്പെടുന്നത്. ഈ പേരു വന്നതിന്റെ കഥ ഇങ്ങനെയാണ്.

ആര്യഭടൻ തന്നെ പിൽക്കാലത്ത്, അർധ എന്നവിശേഷണം ഉപേക്ഷിച്ച്, ജ്യാ എന്നു മാത്രമാണ് ഉപയോഗിക്കുന്നത്. A.D.7-ാം നൂറ്റാണ്ടുമുതലുള്ള കാലത്ത്, അറബ് രാജ്യങ്ങളിലെ ഭരണആധികാരികൾ, ഗ്രീസിലേയും ഭാരത്തിലെയും പ്രധാന ശാസ്ത്രഗ്രന്ഥങ്ങളെല്ലാം അറബിഭാഷയിലേക്ക് പരിഭാഷപ്പെടുത്തുന്നത് പ്രോത്സാഹിപ്പിച്ചു. ആര്യഭടീയം വിവർത്തനം ചെയ്തവർ, ജ്യാ

എന്ന പദം വലിയ മാറ്റമന്നും വരുത്താതെ ജിബ എന്നുപയോഗിച്ചു. പ്രാചീന അറബ് ഗ്രന്ഥങ്ങളിൽ സ്വരചിഹ്നങ്ങൾ എഴുതാറില്ലാത്തതിനാൽ ഇത് എഴുന്നത് ജ്ബ് എന്നുമാത്രമായിരുന്നു. പിൽക്കാലത്ത്, A.D.13-ാം നൂറ്റാണ്ടോടെ ഈ അറബ് ഗ്രന്ഥങ്ങളെല്ലാം യൂറോപ്പിലെത്തുകയും, ലാറ്റിനിലേക്ക് വിവർത്തനം ചെയ്യപ്പെടുകയുമുണ്ടായി. ജ്ബ് എന്ന അറബിയിൽ എഴുതിയിരുന്നത്, ജൈബ് എന്ന വാക്കാണെന്ന് അവർ തെറ്റിദ്ധരിച്ചു. ഈ വാക്കിന് അറബിയിൽ വളവ്, മടക്ക് എന്നെല്ലാമാണത്ര അർഥം. ഈ അർത്ഥം വരുന്ന ലാറ്റിൻ വാക്കായ sinus എന്നു പരിഭാഷപ്പെടുത്തി. കാലക്രമത്തിൽ, ഇതു ലോപിച്ച് Sine എന്നു മാത്രമായി.

കോടിജ്യാ എന്നു ആര്യഭടൻ വിളിച്ചിരുന്ന അളവ് cosine എന്നുമായി.

# പ്രളയത്തെ പ്രണയിച്ച ഓണം

കൃഷ്ണ മീര
8-D

ആമി സ്ക്കൂൾ ബസ്സിൽ നിന്നിറങ്ങിയപാടേ ആരേയും ശ്രദ്ധിക്കാതെ അടുക്കളയിലേക്കോടി. "അമ്മേ, പലേടത്തും വെള്ളപ്പൊക്കാത്രേ... ദുരിതാശ്വാസത്തിന് ഞങ്ങളും പണം കൊടുക്കണെന്ന്." "അതിനെന്താ, നാളെത്തന്നെ തരാം, ട്ടോ, മോൾടെ ഓണക്കോടീടെ പൈസ അച്ഛൻ തന്നിട്ടുണ്ടല്ലോ. നമുക്കത് കൊടുക്കാം, ല്ലേ?" ആമിക്ക് കരച്ചില് വന്നു. "അതിന്തിനാ നമ്മള് കൊടുക്കണെ, എന്റച്ഛൻ കഷ്ടപ്പെട്ടുണ്ടാക്കീതല്ലേ, ആമിയ്ക്കപ്പോ ഓണക്കോടി വേണ്ടേ, നമുക്ക് കൊടുക്കണ്ടാമ്മേ?" "അയ്യോ അങ്ങനൊന്നും പറയല്ലേ മോളെ, നമുക്കും ആ അവസ്ഥ വന്നാ എന്താ ചെയ്യാ" അമ്മ വിഷാദത്തോടെ ചോദിച്ചു. "എയ് നമുക്കങ്ങനൊന്നും വരില്ല, പിന്നേയ്, ഓണാഘോഷത്തിന് സ്ക്കൂളിലേയ്ക്ക് പുതിയ ഉടുപ്പ് വാങ്ങണം, തിരുവോണത്തിനിടാൻ വേറേം, തറവാട്ടില് പോണ്ടേ" ആമി റൂമിലേയ്ക്കോടി. ജനലിനു വെളിയിൽ വല്യ ആരവം, മിനിയും കൂട്ടുകാരും കളിയ്ക്കുകയാണ്. അവൾ ജനൽപ്പടികയിൽ മുഖം ചേർത്ത് അവരെത്തന്നെ നോക്കിനിന്നു. "ഈ അമ്മയ്ക്കെന്താ എന്നേം കൂടി കളിയ്ക്കാൻ വിട്ടാൽ? കൂട്ടിലടച്ച കിളിയെപ്പോലെ. കൊഞ്ചിട്ടെന്താ? ഈ കളീടെ രസമൊന്നും അമ്മയ്ക്കറിയില്ലേ, ആവോ? "മോളേ, നാളെ അത്തമാണത്ര രാവിലെ ഉണരേണ്ടേ? ഇന്ന് നേരത്തെകിടന്നുറങ്ങണം, കേട്ടോ? രാവിലെ മഴച്ചാറ്റലിൻ നനഞ്ഞ പൂക്കളും നോക്കിയിരുന്നപ്പോഴാണ് റേഡിയോയിലെ

വാർത്ത കേട്ടത്, ഉരുൾപൊട്ടലിൽ ഒരുപാട് വീടുകളും പാലങ്ങളും തകർന്നത്രേ, മഴ കനക്കുകയാണ്. സ്കൂളുകൾക്കെല്ലാം അവധി പറഞ്ഞിരിയ്ക്കുന്നു. ഇന്നിനി വീട്ടിൽതന്നെ എന്ന് വഷമിച്ചിരിക്കുമ്പോഴാണ്, കനത്ത മഴയിൽ പറമ്പും മുറ്റവുമൊക്കെ വെള്ളം വന്നു നിറയുന്നത് കണ്ടത്. "ആമീ.... ബാഗൊക്കെ എടുത്തോളൂ, നമ്മൾ തറവാട്ടിലേയ്ക്ക് മാറുകയാണ്" അമ്മ തിടുക്കത്തിൽ എന്തൊക്കെയോ ചെയ്യുന്നതിനിടയിൽ വിളിച്ചുപറഞ്ഞു. തറവാട്ടിലെ ആ രാത്രി അവൾക്കുറക്കം വന്നില്ല. അടുത്ത് അമ്മയെ കാണാതെ അവൾ മുറിയ്ക്ക് പുറത്തിറങ്ങി. എല്ലാവരും കൂടി എന്തോ വലിയ ചർച്ചയിലാണല്ലോ, അവൾ വെറുതെ ശ്രദ്ധിച്ചു. തറവാട് ഭാഗം വയ്ക്കുന്ന കാര്യമാണ്. അയ്യോ! അപ്പോ ഇനി എല്ലാവർക്കും ഒന്നിച്ച് കൂടാൻ കഴിയില്ലല്ലോ, അവൾക്ക് കരച്ചിൽ വന്നു. പിറ്റേന്ന് കുട്ടികളെല്ലാവരും ചേർന്ന് അളന്ന് അതിരിടുകയായിരുന്നു. ആമിയുടെ മനസ്സ് വിങ്ങിപ്പൊട്ടി. അന്നു അവർക്ക് ദിരിതാശ്വാസ ക്യാമ്പിലേക്ക് മാറേണ്ടിവന്നു. വീട്‌വിട്ട് വരാൻ കൂട്ടാക്കാതെ അമ്മൂമ്മയെ ബലം പ്രയോഗിച്ച് എടുത്ത് വണ്ടിൽ കയറ്റുകയായിരുന്നു. മഴ ആർത്തലച്ച്, കുത്തിയൊഴുകി രൌദ്രഭാവമണിഞ്ഞു. ക്യാമ്പിലെല്ലാവരും ആകെ തകർന്ന നിലയിലായിരുന്നെങ്കിലും ആമിക്ക് സന്തോഷമായിരുന്നു. ഒരുപാട് ആൾക്കാർ, സമപ്രായക്കാരും, ചേച്ചിമാരും, ചേട്ടന്മാരും, ചെറിയ കുട്ടികളും, നന്ന പ്രായമുള്ളവരും,..... എല്ലാരോടും കുറുമ്പുകാട്ടി അവൾ പാറിനടന്നു. തിരുവോണദിനം വീട്ടിൽപോവാനായില്ല. പല നിറം, പല ജാതി, പല മതം, പലപല ഇഷ്ടങ്ങൾ, പണക്കാർ, ദരിദ്രർ, എല്ലാവരും ഒന്നിച്ചു ഭക്ഷണമുണ്ടാക്കി, ഒന്നിച്ചിരുന്നു

ഓണസദ്യയുണ്ടു. അങ്ങനെ നോക്കുമ്പോൾ പ്രളയമുഖത്തിന് ഒരു ലേശം സൌന്ദര്യമുണ്ടോ എന്ന് ആമിക്ക് തോന്നിപ്പോയി. കൂട്ടുകാരോടൊത്തു കളിക്കുമ്പോൾ അവൾ മനസ്സിലോർത്തു,

"വാവേലി നാടു വാണീടും കാലം
മാനിഷരെല്ലാരുമൊത്തുപോലെ"

ഒരു കുസൃതിക്ക് അതവൾ മാറ്റിപ്പാടി, "പിണറായി നാടു വാണീടും കാലം"... അമ്മ ഓടിവന്ന് അവളുടെ വാപൊത്തി. അവൾ ശരിയ്ക്കുള്ള പാട്ടുപാടി. "മാവേലി നാടു" ക്യാമ്പിലെ ജീവിതം ഒരു സ്വപ്നം പോലെ അവസാനിച്ചു. തിരികെ തറവാട്ടിലെത്തിയ ആമി കണ്ടത് കടപുഴകിയ മരങ്ങളും ചെളികൊണ്ട് വികൃത രൂപം പൂണ്ട വീട്ടുസാധനങ്ങളും അകത്തളങ്ങളും... എല്ലാവരും കണ്ണുതുടയ്ക്കവേ ആമ മുറ്റത്തേക്കിറങ്ങി. അമ്മയോടെന്തൊക്കെ പറഞ്ഞു അവളോർത്തു, ആർക്കും പൈസ കൊടുക്കണ്ടാ നമുക്കൊന്നും വരില്ലാ, രണ്ട് ജോടി ഉടുപ്പു വേണം..... ക്യാമ്പിൽ ഉടുതുണി മാത്രമായി എത്രപേർ അവളുടടെ ഉള്ളവും വിങ്ങി. പ്രളയം സൃഷ്ടിച്ച് ചെയിലാഴങ്ങളിൽ നിന്ന് മനുഷ്യസ്നേഹത്തിന്റെ മുത്തും പവിഴവും കണ്ടെടുക്കാൻ കഴിഞ്ഞതോർത്ത് ഓണത്തിന് ഈ പ്രളയ കാലത്തോട് പ്രണയം തോന്നുന്നുണ്ടാകും.... പെട്ടെന്ന് അവൾ ചുറ്റും നോക്കിക്കൊണ്ട് സ്വന്തം തലക്കിട്ടൊരു കൊട്ടുകൊടുത്തു. എന്തൊക്കെ ഭ്രാന്തൻ ചിന്തകളാ എനിക്ക്. നാളെ തന്നെ എന്റെ മുഴുവൻ സമ്പാദ്യവും പുഷ്പ ടീച്ചറുടെ കൈയിൽ കൊടുക്കണം. ദുരിതാശ്വാസ ഫണ്ടിലേയ്ക്ക് കൊടുക്കാൻ ആമി ഉറപ്പിച്ചു. അവൾ പൊടുന്നനെ എന്തോ ഓർത്തപോലെ തറവാടിന്റെ അതിരിട്ട ഭാഗത്തേയ്ക്ക് നോക്കി. അവിടെ ഒന്നുമുണ്ടായിരുന്നില്ല. വെള്ളത്തിനറിയില്ലല്ലോ വീട്ടിലും നാട്ടിലും

മനുഷ്യർ പരസ്പരം അതിരുകൾ തീർത്തിരുന്നുവെന്ന്. അപ്പോഴേക്കും അകത്തു നിന്ന് വിളി കേട്ടു, "ആമിക്കുട്ടീ... ഓന്നിങ്ങ് വര്വ." അവൾ അകത്തേയ്ക്കോടി. അപ്പോഴും പ്രളയജലം പോലെ അവളുടെ ചിന്തകൾ ഇളകിമറിഞ്ഞുകൊണ്ടേയിരുന്നു. കയ്പ്പും മധുരവും നിറഞ്ഞ പോയപോയ ഓണസ്മരണകളോടെ......

# ശരിയായ പൂജ്യം



മിഥുൻ.എം
9-A

ഭൂമിയിൽ അനുഭവപ്പെട്ടിട്ടുള്ള ഏറ്റവും കുറഞ്ഞ താപനില -89°C ആണെന്ന് പറഞ്ഞല്ലോ. നമുക്കറിയാവുന്ന പ്രപഞ്ച മുഴുവനായി എടുത്താൽ ഏറ്റവും കുറഞ്ഞ താപനില കണ്ടെത്തിയിട്ടുള്ളത് ഭൂമിയിൽ നിന്ന് അഞ്ഞൂറു കോടിക്കോടി ($5 \times 10^{16}$) കിലോമീറ്റർ അകലെയുള്ള "ബൂമറാങ്ങ് നെബുല" എന്ന പേരിട്ടിട്ടുള്ള നക്ഷത്രപടലത്തിലാണ് -272.13°C. പ്രകൃതിയിൽ സ്വാഭാവികമായുള്ള ഏറ്റവും കുറഞ്ഞ താപനില ഇതാണെങ്കിലും ഇതിലും കുറഞ്ഞ താപനില പരീക്ഷണ ശാലകളിൽ കൃത്രിമമായി ഉണ്ടാക്കിയിട്ടുണ്ട്.

എന്നാൽ, ഭൗതിക ശാസ്ത്രത്തിലെ താപത്തെക്കുറിച്ചുള്ള സിദ്ധാന്തങ്ങളനുസരിച്ച്, -273.15°C സോ അതിൽക്കുറവോ ആയ താപനില ഉണ്ടാക്കുവാൻ സാധ്യമല്ല. ഈ താപനിലയെ കേവല പൂജ്യം (absolute zero) എന്നാണ് ശാസ്ത്രത്തിൽ പറയുന്നത്.



# രണ്ട് കുട്ടികളുടെ ഓണാഘോഷം



തസ്‌ലീന നസ്റിൻ.പി.
8-E

ഒരു ഗ്രാമത്തിൽ ഒരു കൊച്ചു കുടിലിൽ രണ്ടു കുട്ടികൾ താമസിച്ചിരുന്നു. അവരുടെ സ്വന്തം അമ്മ മരണപ്പെട്ടിട്ടുണ്ടായിരുന്നു. രണ്ടാനമ്മയാണ് അവരെ നോക്കിയിരുന്നത്. അവർ വളരെ ദുഷ്ടയായിരുന്നു. കുട്ടികളെ വളരെ അധികം ബുദ്ധിമുട്ടിച്ചിരുന്നു. അവരെ സ്ക്കൂളിലെക്ക് പറഞ്ഞയച്ചിരുന്നില്ല. അവരെ വീട്ടുജോലി ചെയ്യിപ്പിച്ച് കഷ്ട്പ്പെടുത്തുമായിരുന്നു. അച്ഛൻ ദൂരെ സ്ഥലത്ത് ജോലിക്ക് പോകുന്ന ആളായിരുന്നു. അച്ഛൻ കുറെ ദിവസങ്ങൾ കഴിഞ്ഞായിരുന്നു വീട്ടിലേക്ക് തിരിച്ചെത്തിയിരുന്നത്. അങ്ങനെ ഓണക്കാലമെത്തി. ഈ രണ്ടുകുട്ടികൾ രണ്ടാനമ്മയോട് പുതിയ വസ്ത്രം ആവശ്യപ്പെട്ടു. അപ്പോൾ രണ്ടാനമ്മ അവരെ വഴക്കുപറയുകയും ഉപദ്രവിക്കുകയും ചെയ്തു. അവർക്ക് വളരെയധികം വിഷമമായി. മറ്റുകുട്ടികൾ പുതിയവസ്ത്രം ധരിച്ച് പൂക്കളം ഇടുന്നത് കണ്ട് അവർക്ക് വളരെ അധികം വിഷമമായി. കുട്ടികൾ സ്ക്കൂളിലേക്ക്

വരാത്തത്കൊണ്ട് അവരുടെ ടീച്ചർ അവരെ അന്വേഷിച്ച് വീട്ടിൽ വന്നു. ആ ടീച്ചറോട് അവർ അവരുടെ സങ്കടങ്ങളെല്ലാം പങ്കവെച്ചു. ആ ടീച്ചർ അവർക്ക് പുതിയ വസ്ത്രങ്ങൾ എടുത്തുകൊടുത്തു. അത് അവർ ധരിച്ച് ടീച്ചറോടൊപ്പം സ്ക്കുളിലേക്ക് പോയി. അവർ ഓണം നന്നായി ആഘോഷിച്ചു. ഓണ സദ്യ അവിടന്ന് കഴിച്ചു. ടീച്ചർ ആ രണ്ടാനമ്മയെ വളരെ അധികം ഉപദേശിച്ചിരുന്നു. ആ അറിവ് എല്ലാം കേട്ട് രണ്ടാനമ്മയുടെ മനസ്സ് കുട്ടികളിലേക്ക് ആവാൻ തുടങ്ങി. അവർ ഓണഘോഷം കഴിഞ്ഞ് തിരികെ വരുമ്പോൾ കുട്ടികളുടെ മനസ്സിൽ ഭയമായിരുന്നു. വീട്ടിലേക്ക് എത്തിയതും കുട്ടികൾക്ക് കുട്ടികൾക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. രണ്ടാനമ്മ പഴയത് പോലെ അല്ല. നന്നായി മാറിയിരിക്കുന്നു. അവർക്ക് വേണ്ടി പായസവും മറ്റു വിഭവങ്ങളും രണ്ടാനമ്മ തയ്യാറാക്കി വെച്ചിരുന്നു. അന്നത്തെ ഓണം കാരണം കുട്ടികൾക്ക് സന്തോഷമുള്ള ദിവസങ്ങളായിരുന്നു ഉണ്ടായിരുന്നത്. അവരെ സ്ക്രൂളിലേക്ക് പറഞ്ഞയക്കാനും തുടങ്ങി. പിന്നെ ഉള്ള ഓണങ്ങൾ അവർ സന്തോഷത്തോടെ ആഘോഷിച്ചു.

# സംഖ്യകൾ ഉണ്ടാകുന്നത്



ഹനീന.എ.കെ
10-E

എന്തിനേയും അളന്ന് സംഖ്യയാക്കുക; ഈ സംഖ്യകളിലൂടെയും അവയുടെ പരസ്പരബന്ധങ്ങളിലൂടെയും ലോകത്തെ മനസ്സിലാക്കാൻ ശ്രമിക്കുക – ഇതാണ് ഗണിതത്തിന്റെ ഒരു പ്രധാന ധർമം.

അളക്കപ്പെടുന്നതിന്റെ സ്വഭാവം മാറുന്നതിനനുസരിച്ച് വ്യത്യസ്ത തരത്തിലുള്ള സംഖ്യകൾ ഉണ്ടാക്കേണ്ടിവരും. പ്രകൃതിയിൽ നിന്നു നേരിട്ട് കിട്ടുന്നത് മാത്രം ഭക്ഷിച്ചുനടന്നിരുന്ന കാലത്ത് മനുഷ്യന് കൂട്ടത്തിലെ ആളുകളുടെ എണ്ണം, വളകർത്തുന്ന കന്നുകാലികളുടെ എണ്ണം തുടങ്ങിയവ മാത്രമേ ആവശ്യമായിരുന്നുള്ളൂ. അക്കാലത്ത് എണ്ണൽ സംഖ്യകൾ മാത്രം മതിയായിരുന്നു.

ബി.സി.അയ്യായിരത്തോടടുപ്പിച്ച്, നദീതീരങ്ങളിൽ സ്ഥിരമായി താമസിച്ച് വ്യാപകമായി കൃഷി തുടങ്ങിയതോടെ, കൃഷിയിടങ്ങൾ തിട്ടപ്പെടുത്താനും, പാർപ്പിടങ്ങൾ പണിയാനുമെല്ലാം പലതരത്തിലുള്ള നീളവും പരപ്പുമെല്ലാം അളക്കേണ്ടതായി വന്നു.

ഇക്കാലത്താണ് ഭിന്നസംഖ്യകൾ എന്ന സങ്കേതം ഉണ്ടായത്. പങ്കുവെയ്ക്കുമ്പോഴും ഭിന്നസംഖ്യകൾ അവശ്യമുണ്ടല്ലോ. എല്ലാ അളവുകളേയും ഭിന്നസംഖ്യകൾ കൊണ്ട് സൂചിപ്പിക്കാൻ കഴിയില്ല എന്ന തിരിച്ചറിവിൽ നിന്നാണ് പുതിയ തരം സംഖ്യകൾ ആവശ്യമായി വന്നത്.


പിൽക്കാലത്ത് ഭൗതികമായ ആവശ്യങ്ങൾക്കല്ലാതെ ഗണിതത്തിന്റെ തന്നെ സൌകര്യങ്ങൾക്കായും പുതിയ തരം സംഖ്യകൾ ഉണ്ടാക്കപ്പെട്ടു. ന്യൂനസംഖ്യകൾ, സങ്കീർണ്ണസംഖ്യകൾ എന്നിവ ഇങ്ങനെ ഉണ്ടായവയാണ്. ഇത്തരം സംഖ്യകൾ പോലും ഊർജ്ജതന്ത്രം പോലുള്ള മറ്റു ശാസ്ത്രങ്ങളിൽ ഉപയോഗപ്പെടുത്തുന്നുണ്ട് എന്നത് മറ്റൊരു കാര്യം.

*അക്ഷരം ഡിജിറ്റൽ മാഗസിൻ*


# സാരംഗിന്റെ ചിത്രശാല













*ലിറ്റിൽ കൈറ്റ്സ് ഗോഖലെ.ജി.എച്ച്.എസ്.എസ്.കല്ലടത്തൂർ*

# സമൃദ്ധിയുടെ ഓണം

ലക്ഷ്മി ദേവി
8-D

നമ്മുടെ കേരളത്തിലെ ഒരു പ്രധാന ഉത്സവമാണ് ഓണം. ശരത്തിലാണ് ഓണം സമൃദ്ധിയുടെ ഒരു കാലം. ആഘോഷിച്ചു കളിച്ചു ചിരിച്ചു അത്തത്തിന്റെ അന്ന് കളം മെഴുകി പൂക്കൾ കൊണ്ട് കളം നിറച്ചു. പിന്നെ വീടുകളിൽ തിരുവോണത്തെ വരവേൽക്കാൻ വീടുകൾ തയ്യാറായി നിൽക്കുകയാണ്. ചില വീടുകളിൽ കാണാം മണ്ണ് കൊണ്ട് തൃക്കാക്കരപ്പനെവെക്കുന്നത്. അതു വെച്ച് കഴിഞ്ഞാൽ ഓരോ വീട്ടിൽ നിന്നു പാട്ടുകൾ കേൾക്കാം. അങ്ങനെ തിരുവോണം വന്ന് ആളുകൾ പുതിയ വസ്ത്രങ്ങൾ ധരിച്ച് അമ്പലത്തിൽ പോയി തൊഴുതുവന്ന് വീട്ടിൽ പോയി സ്ത്രീകൾ പാചകം ചെയ്യാൻ തുടങ്ങി. പലതരം കറികൾ ഉണ്ടാക്കി പിന്നെ വീട്ടിലേക്ക് വിരുന്നുകാർ വന്ന് ആഘോഷത്തോടെ നല്ല ഒരു സദ്യയും തിന്ന് നല്ല ഒരു പായസം കുടിച്ച് ഉറങ്ങി പിന്നെ അവർ പല പല സ്ഥലങ്ങൾ കാണാൻ പോയി. അങ്ങനെ കളിച്ചു ചിരിച്ചു ഓണം അങ്ങനെ കഴിച്ചു.

# നിത്യ ജീവിതത്തിൽ ഗണിത ശാസ്ത്രത്തിനുള്ള പങ്ക്



ജയശ്രീ.കെ.വി.
10- A

ഗണിതം രസകരവും നിത്യ ജീവിതത്തിൽ ഒഴിച്ചു കൂടാനാവാത്തതുമാണ്. നമ്മുടെ ജീവിതം ഗണിതമയമാണെന്ന് പറയാം. രാവിലെ എഴുന്നേൽക്കുന്നതു മുതൽ രാത്രി ഉറങ്ങുന്നതു വരെയുള്ള ഓരോ കാര്യവും കണക്കുകൂട്ടലുകളിലൂടെയാണ് നാം ചെയ്യുന്നത്. രാവിലെ എഴുന്നേറ്റയുടൻ സമയമറിയാൻ വാച്ചിലോ ക്ലോക്കിലോ മൊബൈലിലോ നോക്കുന്നു. മിനിറ്റിനേയും മണിക്കൂറിനെയും സൂചിപ്പിക്കുന്ന രണ്ട് സംഖ്യകളിലൂടെ നമുക്ക് സമയബോധമുണ്ടാകുന്നു. മറ്റൊന്ന് തിയ്യതി അറിയാനായി കലണ്ടറിൽ നോക്കുമ്പോൾ 1 മുതൽ 31 വരെയുള്ള സംഖ്യകളിൽ നമ്മുടെ കണ്ണുകളെത്തുന്നു. മൊബൈൽ നമ്പറുകൾ,അടുക്കള സാധനങ്ങളുടെ അളവുകൾ അങ്ങനെ തുടങ്ങുകയാണ് സംഖ്യകളുടെ പ്രളയം. പത്രമൊന്നു തുറന്നാൽ അവിടെയും കാണാം സംഖ്യകൾ. മനുഷ്യൻ എണ്ണാൻ പഠിച്ചതു മുതൽ ഗണിതം അവന്റെ ഉള്ളിൽ കുടിയേറി. ഗണിതശാസ്ത്രജ്ഞന്മാരുടെ
നിരവധി സംഭാവനകളാണ് ഗണിതത്തെ ഇത്രയേറെ വളർത്തിയത്. എല്ലാ ജോലിയും ഇന്ന് ഗണിതമില്ലാതെയില്ല. ഏത് പഠനത്തിലും ഇപ്പോൾ ഗണിതം ഒഴിച്ചുകൂടാനാവാത്തതാണ്. വളരെ രസകരമായി പഠിക്കാൻ സാധിക്കുന്ന ഒരു കഠിന വിഷയമാണ് ഗണിതം. ഓരോനിമിഷവും വികസനത്തിന്റെ പാതയിലേക്ക് നടന്നുകൊണ്ടിരിക്കുന്ന ഈ ലോകത്ത് ഗണിതവും വികസിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നും പുതിയ പുതിയ കണ്ടു

പിടിത്തങ്ങളിലൂടെ സഞ്ചരിക്കുകയാണ് ഗണിതശാസ്ത്രം.

# സുന്ദര നിമിഷങ്ങൾ



*ഗായത്രി.കെ.പി*
*9-D*

ഒരിക്കൽ ഒരു ഗ്രമാത്തിൽ ഒരു മുത്തശ്ശിയും മുത്തശ്ശനും വസിച്ചിരുന്നു. അവർക്ക് കൊച്ചുമക്കൾ ഉണ്ടായിരുന്നു. ഓണത്തിനുമുമ്പുള്ള കുറച്ചു നാളുകളിൽ ഭീതിയുടെ മുൾമുനയിൽ നിർത്താൻ കഴിവുള്ള പ്രളയം വന്നതോടെ ഇരുവർക്കും പേടിയും ടെൻഷനും ഉണ്ടായിരുന്നു. മുത്തശ്ശി ആവശ്യത്തിന് ധൈര്യം സംഭരിച്ചു. ഒപ്പം മുത്തശ്ശനും. ഒരിക്കൽ രാത്രിയിലെ ഒരു ഫോൺ കോളിലൂടെ സ്വന്തം മകൾ അറിഞ്ഞ വാർത്ത ഏറെ ഭയാനകമായിരുന്നു. താഴെയുള്ള വീടുകളിലൊക്കെ വെള്ളം കേറി എന്ന്. ഇവരുടെ വീട് കുറച്ച് മേൽഭാഗത്തായതുകൊണ്ട് അങ്ങോട്ട് വെള്ളത്തിന് കേറാൻ കഴിഞ്ഞില്ല. എന്നാൽ അന്ന് രാത്രി 8 മണിക്ക് ആ അമ്മയുടെ മനസ്സിന്റെ സമാധാനം നഷ്ടപ്പെട്ടു. അതാണ് മകളോട് വിവരം പറഞ്ഞത്. കൊച്ചുമക്കൾ നാളെ അങ്ങോട്ടുവരുമെന്ന ശുഭപ്രതീക്ഷ നൽകി. വീടിന്റെ പണി നടന്നുകൊണ്ടിരിക്കുമ്പോൾ ആണ് ഇങ്ങനെ ഒരു ആപത്ത് അവരെ തേടി വന്നത്. എന്തുവന്നാലും വീടുവിട്ടിറങ്ങാൻ അവർ തയ്യാറായില്ല. ഓണത്തിന്റെ സമയത്ത് ആഹ്ലാദിക്കാൻ പോലും ആവാതെ ആ മുത്തച്ഛനും മുത്തശ്ശിയും നീറുകയായിരുന്നു. മകളുടെ വരവോടെ കൂടി ആ ഭയം മാറി. ഈ ഓണക്കാലം അവരുടെ മക്കളുടെയും കൊച്ചുമക്കളുടെയും കൂടെ ആഘോഷിച്ചു. ആ സുന്ദര നിമിഷങ്ങളത്ര ആസ്വദിക്കാൻ അവർക്ക് കഴിഞ്ഞില്ല. കാരണം, മറ്റുള്ളവർക്ക് മോചനം ലഭിച്ചിട്ടില്ല. അതുകൊണ്ട് മറ്റുള്ളവർക്ക് വേണ്ട സഹായം

ചെയ്യുകയാണ് അവരിപ്പോൾ.

# ഗണിതകവിത



മിഥുൻ.എം
9-A

ഇത്രയൊക്കെ വക്രതയുണ്ടായിട്ടും
ഒരു വൃത്തം പോലും വൃത്തിയായി-
വരയ്ക്കാനാകാത്തതെന്താവും?

നേരെ വാ നേരെ പോ എന്നു-
പറഞ്ഞുകൊണ്ടിരുന്നിട്ടും എന്തേ
ഒരു നേർവര പോലും വരയ്ക്കാനാകാത്തെ?

എല്ലാ വശങ്ങളുമറിഞ്ഞിട്ടും ഇതുവരെ
നാലുവരകൾകൊണ്ട് വെറുതെ
സമാന്തരങ്ങൾക്ക് പകരമൊരു
സമചതുരമാകാത്തതുമെന്തെ?

ഏത് ജ്യാമിതീയ രൂപങ്ങളിൽ
ഞാനെന്റെ മനസ്സ് വരച്ചുകാട്ടും?

# ആ തീരുമാനത്തിനൊടുവിൽ..........



ഗുരുമിത്ര
10-D

ഒരു പാവപ്പെട്ട വീട്ടിലെ കുട്ടി. ആവശ്യത്തിലേറെ സ്വാതന്ത്ര്യം, സന്തോഷം. എല്ലാം എന്റെ ഇഷ്ടത്തിനനുസരിച്ച്. എല്ലാവരും എനിക്കൊരു പേരിട്ടു 'നിത്യ'. കൂട്ടുകാരായി അടുത്ത വീട്ടിലെ തീർത്ഥ, ആരാധ്യ, അർജ്ജുൻ എന്നിവർ. ഉറ്റ സുഹൃത്തുക്കളായിരുന്നു. 9-ാം ക്ലാസിൽ പഠിക്കുന്ന പ്രായം. സ്ക്കൂൾ വിട്ടാൽ ഓടിയെത്തുന്നത് അമ്മയ്ക്കരികിൽ. ആരാം വീട്ടിൽ പോകണ്ടതല്ലേ കൊച്ചേ എന്നും പറഞ്ഞ് ശകാരവും, പണിയെടുപ്പിക്കലും. അമ്മ വാതോരാതെ എന്നെ ശകാരിക്കും. ഒരു മാടപ്രാവിനെപോലെ ഞാൻ അതെല്ലാം കേട്ടു നിൽക്കും. ശകാരങ്ങൾ സഹിക്കാൻ വയ്യാതെയായി. അമ്മയ്ക്ക് ഞാൻ പഠിക്കുന്ന കാര്യത്തിൽ തീരെ അനുയോജ്യമില്ലാത്ത തീരുമാനങ്ങളാണ് എപ്പോഴും എടുക്കാറ് എന്ന് എനിക്ക് തോന്നിപോകുന്നു. അച്ഛൻ വിദേശത്ത്. ഞങ്ങളെ പോറ്റാനുള്ള കാശുണ്ടാക്കുന്നു. ചിലപ്പോൾ അമ്മയുടെ കൈയിൽ എന്നെ പഠിപ്പിക്കാനുള്ള പണമില്ലാത്തതുകൊണ്ടാണോ എന്നെ പഠിപ്പിൽ നിന്നും അകറ്റുന്നത്. എന്റെ നിഗമനത്തിൽ ഞാൻ അത്യാവശ്യത്തിന് പാട്ടു പാടുമായിരുന്നു. എങ്കിലും പാട്ടുകൊണ്ടുമാത്രം എന്റെ ആഗ്രഹങ്ങൾക്ക് വാതിൽ തുറക്കാൻ കഴിയില്ല. ഇപ്പോൾ ആ ആഗ്രഹങ്ങളെല്ലാം

മന്ത്രവാദിനിയെക്കൊണ്ട് മണിചിത്രത്താഴിട്ടു പൂട്ടിയതുപോലെയാണ്. അവയ്ക്കെല്ലാം മോചനം വേണം. അങ്ങനെ ഒരു ദിവസം സ്കൂളിൽ അവസാനത്തെ ബെല്ലടിച്ചു. എത്ര ശകാരിച്ചാലും ആദ്യം കാൽവെപ്പ് അമ്മയുടെ അടുത്തേക്കാണ്. എന്തോ, അമ്മ എന്നെ വല്ലാണ്ട് വാരിപ്പുണർന്നു. എനിയ്ക്കത് ഒത്തിരി ഇഷ്ടായി. ഒന്നുകൂടി എന്ന് ഞാൻ ആഗ്രഹിച്ചു. വളരെയേറെ സ്നേഹത്തോടുകൂടി തന്നെ അമ്മ എന്നോട് സംസാരിച്ചു. അന്നേരം ഞാൻ അമ്മയോട് ചോദിച്ചു.

"അമ്മേ, ഞാൻ 10-ാം ക്ലാസ് കഴിഞ്ഞ് +1 സയൻസ് എടുത്തോട്ടെ,

ഹ, 10-ാം ക്ലാസ് വരെ നീ പഠിച്ചാമതി. അതുകഴിഞ്ഞ് വല്ല പീറ പിള്ളേർക്ക് പാട്ടു പടിപ്പിച്ചുകൊടുക്കാൻ നോക്ക്. അങ്ങനെയെങ്കിലും വീട്ടിലേക്ക് നാല്കാശുണ്ടാക്കാൻ നോക്ക്. എന്നിട്ട് വലിയ ഒരു കോടീശ്വരനുമായി നിന്റെ കല്ല്യാണം നാട്ടുകാരെല്ലാവരും കാണത്തക്ക വിധത്തിൽ എന്റെ കണ്ണടയും മുമ്പ് എനിക്ക് അതങ്ങ് നടത്തണം എന്നൊരാഗ്രഹമുണ്ട്. അതിനെങ്ങാനും നീ എതിരുനിന്നാൽ പിന്നെ ഈ അമ്മയെ പിന്നെ ഒരിക്കലും നിനക്ക് കാണാൻ കിട്ടുകേല. ഇപ്പറഞ്ഞതെല്ലാം ഓർത്തിട്ട് നീ തന്നെ ഒരു തീരുമാനം എടുക്കണം.

എന്തോ അമ്മ എന്നെ വല്ലാതെ ഭീതിപ്പെടുത്തുന്നു. മനസ്സിന്റെ ഏതൊക്കെയോ ഒരു കോണിൽ ഭയം അനുഭവപ്പെടുന്നുണ്ട്. ഇതിന്റെയെല്ലാം അവസാനം എന്താകും. ഒരെത്തും പിടിയും കിട്ടുന്നില്ലല്ലോ, എന്റെ ദൈവമേ... പഠിക്കാനുള്ള എന്റെ ആഗ്രഹം വെറും പാഴ്വസ്തുവായി മാറുമോ എന്നു മാത്രമേ

എനിക്ക് പേടിയുള്ളൂ. അമ്മ ഇപ്പോൾ എടുത്തിരിക്കുന്ന തീരുമാനം മാറ്റാൻ എന്നെക്കൊണ്ടാവും വിധം ഞാൻ ശ്രമിച്ചു. കഷ്ടപ്പെട്ട് പണിയെടുത്തിട്ടും. സ്ക്രൂളിൽ അവധി ദിവസങ്ങളുള്ളപ്പോഴെല്ലാം പാട്ടു പാടിയും ഞാൻ കാശുണ്ടാക്കി. ഞാൻ ശ്രമിക്കുന്നതിന്റെ പത്തിരട്ടി അമ്മ എന്റെ തീരുമാനത്തെ മാറ്റാൻ ശ്രമിക്കുന്നുണ്ട്. ഞാൻ ഒന്നും കണ്ടില്ല കേട്ടില്ല എന്ന വിചാരത്തോടുക്രൂടി കഴിയുകയാണ്. എനിക്കു തന്നെ തോന്നി തുടങ്ങി എന്റെ ആഗ്രങ്ങളുടെ പൂട്ട് തുറക്കാനുള്ള താക്കോൽ എന്റെ കൈയിൽ നിന്നും വഴുതിമാറുന്നുണ്ടോഎന്ന്. എനിക്ക് ആ താക്കോലിനെ പിടിച്ചുവെക്കാൻ കഴിയുമോ എന്ന് ഞാൻ എന്നോട് തന്നെ പലതവണയായി ചോദിച്ചു. 10-ാം ക്ലാസിന് ആരംഭം കുറിച്ചു. പഠിത്തത്തിനോടുള്ള താല്പര്യം വീണ്ടും മുമ്പോട്ടു തന്നെപൊയ്ക്കൊണ്ടിരിക്കുന്നുണ്ട്. ഇപ്പോൾ എന്റെ മനസ്സിന് വല്ലാത്ത ഒരുതരം സന്തോഷമുണ്ട്. കാരണം അമ്മ ഇപ്പോൾ എന്റെ ക്രൂടെയിരുന്ന് എന്നെ പഠിപ്പിക്കുകയാണ്. എന്റെ മനസ്സിൽ പഠിക്കണം എന്ന ആഗ്രഹമുള്ളതുകാരണമാകാം അമ്മ എന്നെ വാശികേറ്റാൻ വേണ്ടി പഠിക്കരുത് എന്നാണ് പറഞ്ഞിരുന്നത്. ഒടുവിൽ അമ്മ തന്നെ ഇതെല്ലാം എന്നോട് തുറന്നുപറഞ്ഞു. അങ്ങനെ പത്താം ക്ലാസ് നന്നായി പഠിച്ചു. അമ്മയ്ക്കറിയാമായിരുന്നു എന്നു തോന്നുന്നു. പ്രണയം, ഇഷ്ടം ഇതൊരു അസുരവിത്താണെന്ന് അതുകൊണ്ടുതന്നെ എന്നെ ആൺകുട്ടികളുമായി അധികം അടുപ്പിക്കാറില്ല. ക്രൂട്ടുകാരെല്ലാം അവരവരുടെ ഇഷ്ടത്തിന് എല്ലാം ചെയ്യുന്നു. എന്തൊക്കെയോ കാട്ടിക്രൂട്ടുന്നു. തീർത്ഥയും, ആരാധ്യയ്ക്കുമെല്ലാം ഓരോ പയ്യന്മാരുമുണ്ട്. അക്കാര്യത്തിൽ എനിക്ക് തികച്ചും താല്പര്യമില്ലായിരുന്നു. അതുകൊണ്ടുതന്നെ

അക്കാര്യം അധികമൊന്നും ഗൗരവത്തിലെടുത്തില്ല. ഞാൻ പഠിക്കുന്നതിൽ എന്റെ ക്ലാസിൽ പലർക്കും അസൂയയുണ്ടായിരുന്നു. അതുകൊണ്ടുതന്നെ അവരെല്ലാവരും കൂടി ഏതോ ഒരു പയ്യനുമായി എന്നെ അടുപ്പത്തിലാക്കാൻ ശ്രമിച്ചു. ഒരുപാട് നിർബന്ധിച്ചു. ഞങ്ങൾ തമ്മിൽ സംസാരിക്കാൻ തുടങ്ങി. അമ്മയോടുപോലും ചോദിക്കാതെയാണ് ഞാൻ ഈ തീരുമാനം എടുത്തത്. എല്ലാവരും അവരവരുടേതായ തീരുമാനങ്ങൾ സ്വയം തെരഞ്ഞെടുക്കുന്നു. ഒടുവിൽ ഞാൻ ഈ തീരുമാനത്തോട് യോജിച്ചു. 10-ാം ക്ലാസിലെ റിസൾട്ട് വന്നു. വെറും 3 A+. വിഷമിച്ചു. അമ്മ ഒരുപാട് ചീത്ത പറഞ്ഞു. എന്നെ അവനിൽ നിന്നും അകറ്റൻ ശ്രമിച്ചു. അമ്മയ്ക്ക് അധികം കഷ്ടപ്പെടേണ്ടി വന്നില്ല. കാരണം അവൻ തന്നെ എന്നെ ഒഴിവാക്കി. അവന് 7 A+ എന്നെ തോൽപ്പിക്കാൻ വേണ്ടിയായിരുന്നു എന്ന് ഞാൻ മനസ്സിലാക്കി. തുടർന്ന് പഠിക്കാൻ കഴിഞ്ഞില്ല. പ്രൈവറ്റിൽ കൊണ്ടു ചേർക്കണം, പക്ഷേ അതിനുള്ള വകയൊന്നും എന്റെ കുടുംബത്തിനുണ്ടായിരുന്നില്ല. അമ്മയ്ക്ക് ഒരുപാട് വിഷമമുണ്ടായിരുന്നു. കാരണം താൻ ഇത്രയൊക്കെയും കഷ്ടപ്പെട്ടിട്ട് ഇതാണല്ലോ ഇതിന്റെ ഫലം എന്നോർത്തിട്ട്. വിഷമങ്ങളെല്ലാം ഉള്ളിലൊതുക്കി പാട്ടു പാടിയും അമ്മയെ സഹായിച്ചും ജീവിക്കുന്നു. ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നു. അനുയോജ്യമായ തീരുമാനം എടുത്തില്ലെങ്കിൽ ഒടുവിൽ അതോർത്ത് വിഷമിക്കേണ്ടിവരുമെന്ന്....

# സംഖ്യാ പാട്ട്



ആർഷ.ടി.പി
9-A

ആദ്യത്തെ അക്കം ഒന്നാണ്
നമുക്കു ദൈവം ഒന്നാണ്
ഒന്നും ഒന്നും രണ്ടാണ്
നമുക്കു കൈകൾ രണ്ടാണ്
രണ്ടും ഒന്നും മൂന്നാണ്
തേങ്ങയ്ക്കു കണ്ണുകൾ മൂന്നാണ്
മൂന്നും ഒന്നും നാലാണ്
മേശയ്ക്കു കാലുകൾ നാലാണ്
നാലും ഒന്നും അഞ്ചാണ്
ഒരു കൈ വിരലുകൾ അഞ്ചാണ്
അഞ്ചും ഒന്നും ആറാണ്
ഈച്ചയ്ക്കു കാലുകൾ ആറാണ്
ആറും ഒന്നും ഏഴാണ്
ആഴ്ചയ്ക്ക് ദിവസങ്ങൾ ഏഴാണ്
ഏഴും ഒന്നും എട്ടാണ്
ചിലന്തിയ്ക്കു കാലുകൾ എട്ടാണ്
എട്ടും ഒന്നും ഒൻപതാണ്
നവരത്നങ്ങൾ ഒൻപതാണ്
ഒൻപതും ഒന്നും പത്താണ്

## ഇരുകൈ വിരലുകൾ പത്താണ്

# ഉണ്ണിയുടെ അമ്മ



ഷിഫ ഫർവിൻ.പി.പി
10-C

പച്ച പാടങ്ങൾക്കു നടുവിൽ വിശാലമായ ഒരു കുളം. അതിനടുത്തായി ഒരു കൊച്ചു കുടുംബം താമസിച്ചിരുന്നു. ഒരമ്മയും മകനും മാത്രം ചേർന്ന കുടുംബം. മകന് എല്ലാവരും ഉണ്ണി എന്നായിരുന്നു വിളിച്ചിരുന്നത്. ഉണ്ണിയുടെ അച്ഛൻ ഉണ്ണിക്ക് ആറുമാസം കഴിഞ്ഞതിന് മുൻപ് സ്വർഗ ലോകങ്ങളിലേക്ക് യാത്രയയ്ക്കപ്പെട്ടു. പിന്നീടുള്ള ഓരോ പ്രതിസന്ധികളെയും അമ്മയും മകനും കൂടിയാണ് നേരിട്ടുകൊണ്ടിരുന്നത്. അമ്മയുടെ ലക്ഷ്യം എന്നത് മകനെ നന്നായി പഠിപ്പിച്ച് അവന്റെ കുടുംബത്തോടും കുട്ടികളോടും ജീവിക്കുക എന്നതായിരുന്നു. അതിനുവേണ്ടി അവർ രാവും പകലുമില്ലാതെ അധ്വാനിച്ചു. അന്യരുടെ വീട്ടിലെ അടുക്കളയിൽ പണിയെടുത്തും പാടത്തും പറമ്പിലും പണിയെടുത്തും അങ്ങനെ അങ്ങനെ പല വേലകൾ അവർ ചെയ്തു. ഉണ്ണിയുടെ ഓരോ വളർച്ചയും അമ്മ വളരെ സന്തോഷത്തോടെ നോക്കിക്കണ്ടു. അങ്ങനെ അവൻ വളർന്ന് ഒരു വലിയ പൗരനായി തന്റെ അമ്മ ആഗ്രഹിച്ചപോലെ അവനെ വലിയ ഒരു ഉദ്യോഗസ്ഥനാക്കി. വെറും ഒരു ഉദ്യോഗസ്ഥനല്ല. ഒരു IAS-കാരൻ. പക്ഷെ ഇതെല്ലാം


ചെയ്യേങ്കിലും അവന്റെ മനസ്സിനെ വളർത്തിവലുതാക്കാൻ

സ്ക്രൂൾ വിട്ടപ്പോഴേ തന്റെ പുസ്തകസഞ്ചിയും കലുകി കൊണ്ട് കുഞ്ഞക്കുട്ടൻ വീട്ടിലേക്കോടി. സത്യം പറഞ്ഞാൽ വീട്ടിലേക്കൊന്നുമല്ല. വഴിയിൽ കാണുന്ന തൊടിയിലും മരത്തിലും ചാടിമറിഞ്ഞ് കളിച്ചു കണ്ട കായ്കൾ പറിച്ച് തിന്നാൻ അവനെ മരത്തിൽ കേറാൻ പഠിപ്പിച്ചത് മുത്തച്ഛനാണ്. അതുകൊണ്ട് അവന്റെ അച്ഛൻ എപ്പോഴും പറയും അച്ഛനും അമ്മയും കൂടി മോനെ ചീത്തയാക്കിയെന്ന്. വീട്ടിലെത്തിയപാട് "മുത്തച്ഛാ.... മുത്തശ്ശീ.... ഞാനെന്താ കൊണ്ടുവന്നേന്ന് നോക്ക്" അവൻ കൈയ്യിലുള്ള ഞാവൽപ്പഴം അവർക്ക് നീട്ടി. ഇതുകണ്ട് ഓടിവന്ന അമ്മ അവന്റെ കൈയ്യിൽ നിന്നും പഴം വാങ്ങി ദൂരേക്കൊരേറു കൊടുത്തു. "ടാ ചെക്കാ നീയെന്തിനാ കണ്ട കായൊക്കെ പറിച്ചു തിന്നുന്നെ. നിനക്കിവിട ചോക്ലേറ്റ് ഉണ്ടല്ലോ; അതെങ്ങനാ ഓരോന്നും പഠിപ്പിച്ചുകൊടുത്തോളുമല്ലോ." ഇതും പറഞ്ഞ് അമ്മ അടുക്കളയിലേക്ക് പോയി. മുത്തശ്ശനും മുത്തശ്ശിയും തലകുനിച്ചു. ശ്രീകുട്ടൻ മുത്തച്ഛന്റെ മടിയിൽ കേറിയിരുന്നു ചോദിച്ചു. "എന്താ മുത്തശ്ശാ അമ്മയിങ്ങനെ?" അതിന് മറുപടിപ്പറഞ്ഞത് മുത്തശ്ശിയാണ് "അല്ല, ഞാനാലോചിക്കുവാ ഈ പെണ്ണിന് ഇതെന്തോപറ്റി. കുരങ്ങിനെ പോലെ മാവിലൊക്കെ കേറിമറഞ്ഞ് കളിച്ച പെണ്ണായിരുന്നു." ഇതുകേട്ട ഉടനെ ശ്രീക്കുട്ടൻ പറഞ്ഞു "അമ്പടി മിടുക്കി!" ഇതുകേട്ട് മുത്തശ്ശൻ ചിരിച്ചുപോയി. എന്നിട്ടു പറഞ്ഞു "കളിച്ചു വാ മോനെ". ശ്രീക്കുട്ടൻ കളിക്കാനായി പോയി. അവന്റെ കാര്യമെല്ലാം നോക്കുന്നത് മുത്തശ്ശനും മുത്തശ്ശിയുമാണ്. പക്ഷേ അതവന്റെ അഛനമ്മമ്മയ്ക്കും ഇഷ്ടമല്ല. ദിവസങ്ങൾ കൊഴിഞ്ഞു വീണു. ചിരിയും കളിയുമായി അവർ കഴിഞ്ഞുപന്നു. ആയിരിക്കെ ആ

വീട്ടിൽ ശ്രീക്കുട്ടന്റെ  അച്ഛന്റെയും അമ്മയുടെയും കുറേ കൂട്ടുകാർ വന്നു. ഇപ്പോഴും അച്ഛനെയും അമ്മയെയും നോക്കുന്നെന്നു കേട്ടപ്പോൾ അവർക്ക് പുച്ഛമായിരുന്നു. അന്ന് തന്നെ അവൻ പോയി. പിറ്റേന്ന് മുതൽ തുടങ്ങി പ്രശ്നം. മുത്തശ്ശനേം മുത്തശ്ശിയേം ഇവിടെ നിർത്താൻ പറ്റില്ല. ഇതു കേട്ടടനെ ശ്രുകുട്ടൻ ഓടി മുത്തശ്ശിയുടെ മടിയിൽ കേറിയിരുന്നു. അമ്മയും അച്ഛനും പെട്ടെന്ന് മുറിയിലേക്ക് കേറിവന്നു. എന്നിട്ട് മുത്തച്ഛനോടും മുത്തശ്ശിയോടും പറഞ്ഞു "ഇനി നിങ്ങളെ നോക്കാൻ ഞങ്ങൾക്ക് പറ്റില്ല. നല്ല സൗകര്യമുള്ള ഒരിടം ഞങ്ങൾ കണ്ടുവെച്ചിട്ടുണ്ട്. അങ്ങോട്ട് ഇന്നു തന്നെ പുറപ്പെടാം". മുത്തശ്ശന്റേം മുത്തശ്ശിയുടേം കണ്ണുനിറയുന്നത് ശ്രീകുട്ടൻ കണ്ടു. അവൻ പറഞ്ഞു. “വേണ്ട അമ്മാ വേണ്ട അച്ഛാ  മുത്തച്ഛനേം മുത്തശ്ശിയേം കൊണ്ടുപോണ്ട.” അവൻ കുറേ പറഞ്ഞുനോക്കി.അപ്പോ അച്ഛൻ പറഞ്ഞു"ഹും കണ്ടോ കുട്ടിക്ക് കൈവശം കൊടുത്ത് വച്ചേക്കുവ". അവർ കാറിൽ കേറി. ആദ്യമായിട്ടാണ് എല്ലാരും കൂടി എവിടേക്കേലും പോവുന്നത്. അവസാനമായും. ശ്രീക്കുട്ടൻ ചിന്തിച്ചു. ഏതോ ഒരു വലിയ അനാഥമന്ദിരത്തിലേക്കാണ് അവർ പോയത്. മുത്തശ്ശനേം മുത്തശ്ശിയേം അവിടാക്കി അവർ തിരിച്ചുപോന്നു. മുത്തശ്ശനും മുത്തശ്ശീം കണ്ണിൽ നിന്നും മറയുന്ന തുവരെ ശ്രീക്കുട്ടൻ അവരെ നോക്കി. മുത്തശ്ശനും മുത്തശ്ശിയും പോയത് മുതൽ വീട് ശോകമൂകമായിരുന്നു. മാസങ്ങൾ കടന്നുപോയി. അന്ന് രാവിലെ ശ്രീക്കുട്ടൻ ഉണർന്ന് അച്ഛനും അമ്മയും തമ്മിലുള്ള വഴക്ക് കേട്ടുകൊണ്ടാണ്. ഇത് ആദ്യമായിട്ടല്ല. വഴക്കു മൂത്തപ്പോൾ അച്ഛൻ അമ്മയേ തല്ലി. പിടിച്ചുമാറ്റാൻ ചെന്നപ്പോൾ ശ്രീയെ അവർ തള്ളി അവന്റെ തല ചെന്ന് മേശയിലിടിച്ചു. എന്നിട്ടും അവർ വഴക്കു

നിർത്തിയില്ല. ഒടുവിൽ അമ്മ വീട്ടിൽ നിന്നിറങ്ങിപോയി. ശ്രീക്കുട്ടൻ അന്ന് ഒരുപാട് കരഞ്ഞു. ദിവസങ്ങൾ കഴിഞ്ഞപ്പോൾ അച്ഛൻ അവനേയും കൊണ്ട് കോടതിയിലേക്ക് പോയി. അവിടെ അമ്മയുമുണ്ടായിരുന്നു. ശ്രീ ഓടിപ്പോയി അമ്മയെ കെട്ടിപ്പിടിച്ചു. അപ്പോൾ അവിടുള്ള വക്കീൽ മാമൻ അവനോട് ചോദിച്ചു. "മോനാരോടൊപ്പം പോണം. അച്ഛന്റെ കൂടെയോ അമ്മയുടെ കൂടെയോ." ശ്രീക്കുട്ടൻ നിശബ്ദനായി. ഞാൻ ആരോടൊപ്പം പോവും. അച്ഛന്റെ കൂടെയോ അമ്മയുടെ കൂടെയോ. ശ്രീക്കുട്ടൻ ചിന്തിച്ചു. ഉചിതമായ  തീരുമാനിക്കാൻ അവന് കഴിഞ്ഞില്ല. അവസാനം ഒന്നു തീരുമാനിച്ചു. മുത്തശ്ശന്റേം മുത്തശ്ശിയുടേം കൂടെ പോവും എന്ന് പറഞ്ഞ്കൊണ്ട് അവൻ പുറത്തേക്കോടി. അവിടെ വഴക്കുകളില്ലാത്ത സ്നേഹം മാത്രമുള്ള ലോകത്തേക്കുള്ള വാതിൽഅവസാനമായി കാത്ത് തുറന്നു കിടന്നിരുന്നു.അമ്മയ്ക്ക് കഴിഞ്ഞിരുന്നില്ല. അവന് വലിയ ജോലി കിട്ടിയതിനെ തുടർന്ന് അവൻ വിവാഹത്തിന് തയ്യാറായി. അവന്റെ ഭാര്യയായി വന്നവൾ തികച്ചും ഒരു പരിഷ്കാരിയായിരുന്നു. ആ അമ്മയെ അന്തിയാവോളം പണിയെടുപ്പിച്ചു. സ്വന്തം മകനെ പോലും കാണാൻ അവളുടെ സമ്മദം വേണമായിരുന്നു അവർക്ക്. അവർക്ക് പിറന്ന കുഞ്ഞിനെ ഓമനിക്കാനുള്ള അവകാശം ആ അമ്മയ്ക്ക് ഉണ്ടായിരുന്നില്ല. അവർ വീട്ടിലെ ഒരു കോണിലേക്കായി മാറ്റിവെയ്ക്കപ്പെട്ടു. ഉണ്ണുയുടെ ഭാര്യ അവർക്ക് നഗരതുല്ല്യമായ ജീവിതം മാറ്റിമറിച്ചുകൊടുത്തു. ഉണ്ണിയോട് അവന്റെ ഭാര്യ ഒരിക്കൽ പറഞ്ഞു "ഈ അമ്മയെ നമ്മുക്ക് വല്ല വൃദ്ധസദനത്തിലും കൊണ്ടാക്കിയാലോ വെറുതെ ഒരു ഉപകാരവുമില്ലാതെ എന്തിനാ ഈ തള്ളയെ. വീട്ടിലെ സ്ഥലം

മുടക്കാനായിട്ട്'''. ഇതുകേട്ടപ്പോൾ അവൻ അവളെ ഒന്നു നോക്കുക മാത്രം ചെയ്തു. പിന്നീടും ഇതു തന്നെയായി. അവൻ ഇതിനൊരു മറുപടി നൽകാൻ കഴിയാതെ വിങ്ങി. അവന് ജോലികൾ കൃത്യമായി ചെയ്യാൻ കഴിയാതെയായി. തന്നെ വിശ്വസിച്ച് ഇറങ്ങി വന്നവളെ താൻ എങ്ങനെ പിണക്കും. തനിക്കു വേണ്ടി മാത്രം ജീവിച്ച അമ്മയെ പിണക്കണോ? ഇങ്ങനെയുള്ള ധാരാളം ധാരാള ചോദ്യങ്ങൾ അമ്മയെക്കുറിച്ചുള്ള ഓർമ്മകൾ. ഭാര്യയ്ക്ക് കൊടുത്ത വാക്കുകൾ. അങ്ങനെ ഈ ഞെരുക്കത്തിൽ നിന്ന് രക്ഷപ്പെടുന്നതിനായി അമ്മയെ ഉപേക്ഷിക്കുക എന്ന തീരുമാനത്തിലെത്തി. അമ്മ വൃദ്ധസദനത്തിൽ പോയതിനുശേഷം ഒരു സ്വസ്ഥതയും ഇല്ലാത്ത ജീവിതവും ഉണ്ണി തള്ളി നീക്കി.



# ഒന്നിന്റെ കളി



നാഷിദ.പി

10-C

0 X 9+1=1

1 X 9+2=11

12 X 9+3=111

123 X 9+4=1111

1234 X 9+5=11111

12345 X 9+6+111111

123456 X 9+7=1111111

1234567 X 9+8=11111111

12345678 X 9+9=111111111

# അകാലത്തിൽ പൊഴിഞ്ഞ ബാല്യം



അനഘ്യ.കെ.വി
8-B

അവന്റെ ഫോൺ നിലത്തുവീണപ്പോൾ അവൻ വീട്ടിലുണ്ടായിരുന്ന അമ്മയെ ഒരുപാട് ശകാരിച്ചു. അവന്റെ ശകാരവാക്കുകൾ കൊണ്ട് അവരെ പൊതിഞ്ഞു. പിന്നീട് അവന് ഒരു അനുയോജ്യമായി തീരുമാനമെടുക്കാൻ കഴിഞ്ഞില്ല

തീരുമാനമെടുക്കാനാവാതെ അവൻ ഒരുപാടു വിഷമിച്ചു. ഒരു ദിവസം അവൻ വീട്ടിലേക്ക് എത്തിയപ്പോൾ അതി ഗോരമായ ആ കാഴ്ചകണ്ട് അവൻ വിഷമിച്ചു. അവനെല്ലാം നഷ്ടമായി. അവന്റെ അമ്മ മരിച്ചു എന്ന വാർത്ത അവനെ ഞെട്ടിച്ചു. പിന്നീട് അവന് തോന്നി അമ്മയെ

ചീത്തപറയണ്ടായിരുന്നുവെന്ന്. പിന്നെ അത് അവന്റെ മാത്രം ലോകമായി. അതവന് സഹിക്കാൻ കഴിഞ്ഞില്ല. പിന്നീട് അമ്മയുടെ പല ഓർമ്മകളും

അകാലത്തിൽ പൊഴിഞ്ഞുപോയ ഒരേട്ടുമാത്രമായിമാറി.
അവന് പിന്നീട് ഒരു തീരുമാനമെടുക്കാനായില്ല.

മുന്നും പിന്നും നോക്കാതെ
ഇരുട്ടിലേക്ക് മാറി മറയുകയായിരുന്നു അവൻ.
പിന്നീടവനെ കുറിച്ച് ഒന്നും അറിയാൻ കഴിഞ്ഞില്ല.
അവനെ കാണാതെ വിഷമിക്കുന്ന ഒരു നുറുങ്ങു ബാല്യം
ആ വീട്ടിലുണ്ടായിരുന്നു.

അവന്റെ സ്വന്തം അനിയത്തി അവളെ പോലും വകവെയ്ക്കാതെ ആ വിട്ടിൽനിന്ന് ഇറങ്ങിപോകാൻ അവന് പറ്റില്ലായിരുന്നു. എന്നാലും അവന്റെ ലോകം തേടി അവന്റെ ഇഷ്ടങ്ങളിലേക്ക് അവൻ ഇറങ്ങി പോയി. അനിയത്തിയുടെ സ്വപ്നങ്ങൾ ചിറകുനൽകാതെ അവളുടെ സ്നേഹത്തെ വകവെയ്ക്കാതെ കണ്ണീരു കാണാതെ ആരു തിരിഞ്ഞു നടക്കുരുതെന്ന ഒരു സ്വപ്നം മനസ്സിലേറ്റി ഇരുട്ടിന്റെ അന്ധതയിലേക്ക് ഇരുട്ടിന്റെ ലോകത്തേയ്ക്ക് അവൻ യാത്രയായി. ആരും അറിയാത്ത ലോകത്തേക്ക് മടങ്ങിപ്പോയി.

# ഗണിത ക്വിസ്



ജിൽഷ.പി.വി.
൯-A

1. ബീജഗണിതത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് ആരാണ്?
   Ans: ഡയോഫാന്റസ്

2. സംഖ്യകൾക്കുപകരം അജ്ഞാതരാശികൾ കൈകാര്യം ചെയ്യുന്ന ഗണിതശാസ്ത്ര ശാഖ?
   Ans: ബീജഗണിതം

3. ആൾജിബ്രയിലെ അടിസ്ഥാന സിദ്ധാന്തം ആദ്യമായി ഉപയോഗിച്ചത് ആരാണ്?
   Ans: ഗൌസ്.സി.എഫ്.

4. കടശീലയുടെ ആകൃതി എന്താണ്?
   Ans: അഷ്ടഭുജം

5. ദേശീയ ശാസ്ത്ര ദിനം എന്നാണ്?
   Ans: ഫെബ്രുവരി 28

6. അഭിന്നസംഖ്യകൾ ആദ്യമായി ഉപയോഗിച്ച രാജ്യം ഏതാണ്?
   Ans: ഇന്ത്യ

7. നീളം അളക്കുന്നതിനുള്ള പ്രാചീന ഏകമായ ദണ്ഡ് എത്ര കോൽ ചേർന്നതാണ്?
   Ans: 1 ദണ്ഡ് = 4 കോൽ

8. സംഗീതവും ഗണിതവും തമ്മിലുള്ള ബന്ധം  ആവിഷ്കരിച്ച ഗണിത ശാസ്ത്രജ്ഞൻ?
   Ans: പൈതഗോറസ്

9. ജപ്പാനിൽ അബാക്കസ് അറിയപ്പെടുന്നത് ഏതുപേരിൽ?
   Ans: സോറോബാൻ

10. ഡയമണ്ട് ജൂബിലി എത്ര വർഷത്തെ സൂചിപ്പിക്കുന്നു.
   Ans: 60

# ആ രാത്രി



ആതിര.ടി.എ
8-E

ഒരു മഴയത്ത് എല്ലാം നഷ്ട്ടപ്പെട്ട ആ രാത്രി തന്റെ ആരോമലുകളെ എന്തു ചെയ്യണമെന്നറിയാതെ എന്ന് അറിയാതെ ആ അമ്മ പകച്ച് നിന്നു പോയി. കുടുംബത്തിന്റെ താങ്ങും തണലുമായ അച്ഛൻ വെള്ളത്തിലേക്ക് ആണ്ടുപോയി. ജീവിതത്തിന്റെ രണ്ടറ്റം കൂട്ടിമുട്ടിക്കാൻ എന്ത് ചെയ്യണമെന്ന് അറിയില്ല. ജീവിതമെന്ന യാത്ര എങ്ങനെ മുന്നോട്ട് കൊണ്ടുപോകണമെന്ന് ആ പാവം അമ്മയ്ക്ക് അറിയില്ല. സ്വന്തമെന്നുപറയാൻ അവർക്ക് ഒരുത്തിരി മണ്ണുപോലുമില്ല. ആകാശത്തെ മേഘങ്ങൾക്കിടയിലെ കൊടും ഭീകരമായ രൂപം. ആ പിഞ്ചു പൈതങ്ങൾക്ക് താങ്ങാൻ കഴിയുന്നതല്ല. എല്ലാം കെട്ടടങ്ങിയപ്പോൾ എങ്ങും ശാന്തി നിറഞ്ഞു. പക്ഷെ ആ അമ്മയ്ക്ക് മാത്രം അശാന്തി. തങ്ങളുടെ അച്ഛൻ ഇനി വരില്ല എന്ന മാഹാ സത്യം അറിയാതെ ആ പിഞ്ചു പൈതങ്ങൾ ഉറക്കത്തിലേക്ക് വഴുതി വീണു. തന്റെ മക്കളെ ഒരു തരത്തിലും അമ്മ വിഷമങ്ങൾ അറിയിച്ചില്ല. ദൈവത്തിന്റെ ക്രൂരതയിൽ അവർ ഒറ്റപ്പെട്ടും ആരുടെയും സഹായമില്ലാതെ ജീവിതത്തിലേക്ക് തിരിച്ചുവരണം എന്ന് അവർക്ക് വാശിയുണ്ടായി. അച്ഛനില്ലാത്തവർ എന്ന് വിളിച്ച് പലരും

അവരെ കളിയാക്കി. മറ്റുചിലർ ഇത്രയും ചെറുപ്പത്തിൽ വിധവയായതിന്റെ പേരിൽ ദുഃഖം പ്രകടിപ്പിച്ചു. അച്ഛൻ കുഴിമാടത്തിൽ അമ്മ കണ്ണുനീർ പൊഴിച്ചു. അമ്മയ്ക്ക് അറിയാൻ കണ്ണീർ കൊണ്ട് കാര്യമില്ല. തങ്ങളെ പരിഹസിച്ചവരോടും പരിഭവം പ്രകടിപ്പിച്ചവരോടും ജീവിച്ചു കാണിക്കണമെന്ന് അവർ വിചാരിച്ചു. പക്ഷെ തീരുമാനമെടുക്കാൻ അവർക്ക് കഴിഞ്ഞില്ല. തന്റെ പിഞ്ചുകുഞ്ഞ് തന്നോട് ഒരു മിട്ടായി ചോദിച്ചപ്പോൾ അവൾക്ക് അതിനുപോലും നിർവാഹം ഇല്ലായിരുന്നു. അവളുടെ മടിയിൽ കുഞ്ഞുങ്ങൾ ഉറങ്ങുമ്പോൾ അശാന്തിയുടെ കനാൽ അവളിൽ നിറഞ്ഞു തുളുമ്പി. ഒരു ദിവസം തന്റെ മകൻ അപ്പു സ്ക്രൂൾ വിട്ടു വന്നു. അമ്മയുടെ മുഖത്തുപോലും നോക്കാതെ അവൻ മുഖം വീർപ്പിച്ചിരുന്നു. അവന്റെ പിന്നാലെ കൊച്ചനുജത്തി കരഞ്ഞുകൊണ്ടു വന്നു. അമ്മ അമ്മുവിനോട് ചോദിച്ചു. "എന്താ കാര്യം?" അവൾ കരച്ചിലിന്റെ ശക്തിയുറച്ച് കൊണ്ട് പറഞ്ഞു. "സ്ക്രൂളിലെ എല്ലാവരും എന്നെയും അപ്പുവിനെയും അച്ഛൻ ഇല്ലാത്തവർ എന്നു പറഞ്ഞു കളിയാക്കി". അമ്മ അവരെ വാരിപുണർന്നുകൊണ്ട് പറഞ്ഞു. "നിന്നെ കളിയാക്കിയവരോട് ഇങ്ങനെയല്ല ജീവിച്ചു കാണിച്ചുകൊണ്ട് ആണ് ആ പിഞ്ചു പൈതങ്ങൾ കരുത്താർജിച്ചു". ഒപ്പം ആ അമ്മ തങ്ങളെ കളിയാക്കിയവരുടെ മുന്നിൽ തലയുർത്തിപിടിച്ചുകൊണ്ട് അവർ മറുപടി പറഞ്ഞു. അപ്പു മിടുക്കനായി പഠിച്ചു. ഉയർന്ന ഉദ്യോഗം വാങ്ങി. അനിയത്തി അമ്മു പഠിച്ച് ഒരു ഡോക്ടർ ആയി മാറി. രണ്ടു മക്കളേയും കരയ്ക്കത്തിച്ച സന്തോഷത്തിൽ ആ അമ്മ അച്ഛന്റെയടുത്തേക്ക് പോയി. അച്ഛനുറങ്ങുന്ന ആ മണ്ണിൽ അമ്മ തലചായിച്ചു.

*ലിറ്റിൽ കൈറ്റ്സ് ഗോഖലെ.ജി.എച്ച്.എസ്.എസ്.കല്ലടത്തൂർ*

# اليوم العالمي للغة العربية



ആയിഷ അഫ്‌ലഹ
9-D

اليوم الثامن عشر شهر ديسمبر " اليوم العالمي للغة العربية " ان هيئة الامم المتحدة اللغة العربية من احدى لغتها الستة ز قررت ديسمبر (الثامن عشر)كل سنة يوم العالمي للغة العربية تذكارا لها ومن الغات الرسمية الستة لهيئة الامم المتحدة العربية والصينية والروسية والافرنج والاسبانية. العربية لغة غنية ثرية انارت انوار العلوم للعالم عبر القرون . وهي لغة رسمية لحوالي ست وعشرين دولة في العالم . وهي من اللغات الاساسية التي تولدت منها لغات اخرى ومن اللغات الاساسية العربية والسنسكرية والاغريقية واللاتينية

تجري في الجامعات والكليات ومدارس نحوات فكيف لاتقوم الحكومة باجراء نحوات عربية خاصة . وتجري في مدارسنا اعمال مختلفة بهذه المناسبة .

# ഒരു പെൺകുട്ടിയുടെ ജീവിതം



കീർത്തി. ബി.കൃഷ്ണൻ
8-A

ഒരിക്കൽ ഒരു ഗ്രാമത്തിൽ ഒരു പെൺകുട്ടി ജീവിച്ചിരുന്നു. അവൾ നല്ല അനുസരണ ഉള്ള കുട്ടിയായിരുന്നു. അവളുടെ അച്ഛനും അമ്മയും പറഞ്ഞതിനപ്പുറം അവൾക്ക് ഒരു ലോകമുണ്ടായിരുന്നില്ല. അവൾ 7-ാം ക്ലാസ്സിലായിരുന്നു പഠിച്ചിരുന്നത്. അവൾക്ക് വളരെ ആഗ്രഹം ആയിരുന്നു ഡോക്ടർ ആവാൻ. പക്ഷെ അവളുടെ അച്ഛന്റെ ആഗ്രഹം അവളെ DISROBE യിൽ ഒരു ശാസ്ത്രജ്ഞ ആക്കാനായിരുന്നു. അമ്മയുടെ ആഗ്രഹം എഞ്ചിനീയർ ആക്കാനും ആയിരുന്നു. അവൾ അങ്ങനെ പത്തിൽ ഉയർന്ന മാർക്കോടെ തന്നെ ജയിച്ചു. അവൾക്ക് ഏത് വിഷയം എടുക്കണം എന്നറിയില്ല. അത് അവളുടെ രക്ഷിതാക്കളോട് ചോദിച്ചപ്പോൾ പലരും പല വിഷയം എടുക്കാൻ ആണ് പറഞ്ഞത്. ഇത് അവളുടെ ടീച്ചറോട് ചോദിച്ചപ്പോൾ ടീച്ചർ വേറെ വിഷയമാണ് പറഞ്ഞത്. അങ്ങനെ ഒരു അനുയോജ്യമായ തീരുമാനം എടുക്കാൻ കഴിയാതെ അവൾ വിഷമിച്ചു. പക്ഷേ അവൾ സയൻസ് എടുത്തു. പക്ഷേ അവൾക്ക് 10-ാം ക്ലാസ്സിൽ അത്ര ശതമാനം മാർക്കുണ്ടായിരുന്നില്ല. അവൾ എൻട്രൻസ് പരീക്ഷ എഴുതണോ എഴുതണ്ടേ എന്നറിയാതെ അവളുടെ വിദ്യാഭ്യാസം വഴിമുട്ടി. അവൾ ആലോചിച്ചു അന്ന് ഞാൻ എനിക്ക് എന്റെ ഇഷ്ടം നോക്കി പഠിച്ചിരുന്നുവെങ്കിൽ ഇത്രയും കഷ്ടപ്പെടേണ്ടിയിരുന്നില്ലല്ലോ? ഇതാണ് ഒരു അനുയോജ്യമായ തീരുമാനം എടുക്കാൻ കഴിഞ്ഞില്ലെങ്കിൽ ഉള്ള

കുഴപ്പം എന്ന് അവൾ മനസ്സിലാക്കി.

# കല്ല്യാണ നിർണ്ണയം



*ആരിഗ.പി.*
*8-A*

പണ്ട് പണ്ട് ഒരു ഇടവഴിയിലൂടെ സഞ്ചരിച്ചാൽ കാണുന്ന ഒരു ഓലപ്പുര. അവിടെയാണ് ആര്യനന്ദന താമസിക്കുന്നത്. ഇവളുടെ വീട്ടിൽ ഒരു വലിയ ദാരിദ്ര്യം ആണ്. ഒരു ദിവസത്തിനു വേണ്ടത് അവളുടെ അച്ഛൻ വേണം കൊണ്ടുവരാൻ. ഇവളുടെ വീട്ടിൽ അമ്മ, അച്ഛൻ, മുത്തശ്ശി, അനിയൻ, മുത്തച്ഛൻ എന്നിവരാണ് ഉള്ളത്. മുത്തശ്ശി കിടപ്പിലാണ്. മുത്തച്ഛൻ മാനസികമാണ്. അനിയൻ 4-ാം ക്ലാസിൽ പഠിക്കുന്നു. അമ്മ വല്ല ജോലിക്കും പോയികഴിഞ്ഞാൽ മുത്തച്ഛനെയും മുത്തശ്ശിയെയും നോക്കാൻ ആരും ഉണ്ടാകില്ല. ഇവളുടെ അച്ഛൻ കൂലി പണിക്കാരനാണ്. ദിവസം ഒരു ഒന്നുകിൽ 300, 400, 500 ഇതിനു കൂടുതൽ കിട്ടില്ല. കൂടുതലായി 500 ആണ് കിട്ടുക. വീട്ടിലേക്ക് ഉള്ളതും, മുത്തശ്ശിയുടെ മരുന്നും, മുത്തച്ഛന്റെ മരുന്നും, അിയന്റെ പഠന ഉപകരണങ്ങൾ എന്നിവ എല്ലാം വാങ്ങുമ്പോഴേക്കും പൈസ ചില വാകും. ഇവൾ 7-ാം ക്ലാസിലാണ് പഠിക്കുന്നത്. കാതിൽ കമ്മൽ ഇല്ല. കൈയിൽ വളയില്ല. നെറ്റിയിൽ പൊട്ടില്ല. മുടിയിൽ എണ്ണയുമില്ല. ഒരു റിബൺ മാത്രം ഇട്ടിരിക്കുന്നു. ബാഗിനു പകരം ഒരു സഞ്ചി. യൂണിഫോമ് ആകെ

ഒന്ന് ഉള്ളൂ. പക്ഷെ അവളെ കാണാൻ നല്ല ഐശ്വര്യമുള്ള ഒരു കുട്ടിയാണ്. ക്ലാസിൽ നല്ലോണം പഠിക്കും. അനുസരണ കേട് ഒന്നും ഇല്ലാത്ത ഒരു പാവം കുട്ടിയാണ് അവൾ. അങ്ങനെ ഒരു ദിവസം അവളുടെ അച്ഛൻ മരിച്ചു. അതോടെ എല്ലാവരും പട്ടിണി ആയി. അമ്മാച്ഛനും മുത്തശ്ശിയും കട്ടിലിൽ കിടന്നു പിടയുന്നു. മരുന്നില്ല. ഭക്ഷണം ഇല്ല. ഇങ്ങനെയൊക്കെയായി വീടിന്റെ അവസ്ഥ. ആകെ അങ്ങ് മാറി. അങ്ങനെ ഒരു ദിവസം അക്കരെ ഒരു ദിവസം അങ്ങ് അക്കരെ ഒരു വലിയ കൊട്ടാരത്തിൽ നിന്ന് ഇവൾക്ക് ഒരു കല്ല്യാണ സമ്മതം വന്നു. ഇവളെ കണ്ട് ഇഷ്ടപ്പെട്ടാണ് ഈ ആലോചന വന്നത്. ഇവളുടെ വീട്ടുകാർക്ക് തീരെ ഇഷ്ടമല്ല. ഈ ആലോചന ഇവളുടെ മുത്തച്ഛന് ഇവളെ ഒരു രാത്രി കണ്ടില്ലെങ്കിൽ അവിടെ ആകെ ബഹളം ഉണ്ടാകും. ഈ കൊട്ടാരത്തിലെ പയ്യന്റെ അച്ഛൻ ആണ് ഈ നാടിന്റെ യജമാനൻ. അവർ ഒന്നു കൈവച്ചാൽ മതി ആ നാട് നശിക്കാൻ. അങ്ങനെ ഇവൾ ചെകുത്താന്റെയും കടലിന്റെയും നടുവിൽ പെട്ടതുപോലെ ആയി. അവളുടെ ജീവിതം അങ്ങനെ അവർക്ക് തീരുമാനിക്കാൻ 4 ദിവസം കൊടുത്തു. അവർ 50 ദിവസം എടുത്തു തീരുമാനിക്കാൻ. അമ്മ ഇപ്പോൾ  8 ആണ്. ഇത്ര ചെറുപ്പത്തിൽ തന്നെ അവൾ അവളുടെ ജീവിതം ഇതിനായി വിടില്ല എന്നു തീരുമാനിച്ചു. പക്ഷെ കഷ്ടപ്പാട് കുറയുകയും ചെയ്യും എന്ന് ഉണ്ട്. പക്ഷെ അവളുടെ അമ്മയും മുത്തശ്ശിയും തീരുമാനിച്ചു. വീട്ടിലെ ചെലവ് കുറയ്ക്കാൻ പറ്റും. ഈ ആലോചന നടത്താം. എന്നു തീരുമാച്ചു. മുത്തച്ഛനെ ചങ്ങളക്ക് കെട്ടാം. എന്നും തീരുമാനിച്ചു. അമ്മ ജോലിക്ക് പോകാൻ എന്നും തീരുമാനിച്ചു. ഇവളുടെ കല്ല്യാണത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങി. പക്ഷെ അവൾക്ക് ഇത്

ഇഷ്ടമല്ല. അങ്ങനെ കല്ല്യാണ ദിവസം അവൾ കെട്ടി തൂങ്ങി മരിച്ചു. അവളുടെ കല്ല്യാണത്തിനു വേണ്ട നിർണയം ഇതായിരുന്നു.

# നല്ല തീരുമാനം നല്ല ശരിതന്നെ



ഹിബ.യു
10-C

എന്തു ചെയ്യണമെന്നറിയാതെ അവൾ ആകെ കുഴഞ്ഞു. അവൾക്ക് അമ്മയേയും അച്ഛനേയും ഇഷ്ടമാണ്. എന്നാൽ അവളെ സ്നേഹിക്കുന്ന ഗോപന്റെ കാര്യത്തിൽ അവൾ ആകെ തളർന്നു. ജീവിതത്തിൽ എന്നും തനിക്ക് തണലായ ചേട്ടനേയും വിട്ടുപോകാൻ അവൾക്ക് ആവില്ല. എന്നാൽ ഈ സമയത്ത് അച്ഛനും അമ്മയും കല്യാണം നോക്കുന്ന ഈ പ്രായത്തിൽ അവൾക്ക് ഒരുനല്ല തീരുമാനം എടുക്കാൻ കഴിയുമോ? ആ ചോദ്യം അവളെ വല്ലാതെ അലട്ടി. അവളുടെ കൂട്ടുകാരി അനില പറഞ്ഞതും അത് തന്നെ. ഗോപൻ ജീവിതത്തിന്റെ ഒരു ഭാഗമാകാൻ തുടങ്ങുന്നത് ഇന്നലെയോ ഇന്നോ അല്. മറിച്ച് ചെറുപ്പം മുതൽ ഇന്നുവരെയും അവൻ ജീവിതത്തിന്റെ ഒരു ഭാഗം തന്നെയായി. അമ്മയെയും, അച്ഛനെയും പോലെ തന്നെ. ചേട്ടൻ ഇങ്ങനെയുള്ള കാര്യങ്ങളെ വെറുക്കുന്ന ഒരാളാണ്. പ്രത്യേകിച്ചും ആൺകുട്ടികളുമായുള്ള കൂട്ടുകെട്ടും.എങ്കിലും വിതത്തിൽ ആർക്കെങ്കിലും ചേട്ടൻ പറഞ്ഞപോലെ ആകാൻ കഴിയുമോ. തീർച്ചയായും ഇല്ല. ഉണ്ടെങ്കിൽ തന്നെ അവർക്ക് വികാരം അറിയില്ല. ചേട്ടനോട് കാര്യത്തെ കുറിച്ച്

പലതവണ പറയാൻ ശ്രമിച്ചു.എന്നാൽ അവൾക്ക് അതിനാവുന്നില്ല. അച്ഛനും അമ്മയ്ക്കും അവളെ സംശയമൊന്നുമില്ല. പക്ഷെ അവൾ ദുഃഖത്തിലാണെന്ന് എന്നകാര്യം ഏറെക്കുറെ മനസ്സിലായി. എന്നാൽ അവർ അത് ചോദിച്ചില്ല. ഏട്ടൻ അജിത്ത് അവളോട് ചോദിച്ചു. നിനക്കെന്താ കല്ല്യാണം കഴിക്കാൻ താൽപ്പര്യമില്ലെ. അവൾ പറഞ്ഞു ഇല്ല എന്ന്.  ചേട്ടൻ ഒന്നു പുഞ്ചിരിച്ച് കൊണ്ട് പറഞ്ഞു എന്താ കാരണം. നിനക്ക് പഠിക്കണം എന്നുണ്ടോ? അതോ വല്ല കാര്യവും പറയാനുണ്ടോ? പെട്ടെന്ന് അവൾ ചിന്തിച്ചു ചേട്ടനോട് പറഞ്ഞാലോ ഗോപനുമായുള്ള ഇഷ്ടത്തെ കുറിച്ച്. മനസ്സിൽ അങ്ങനെ ഒന്ന് കരുതന്ന താമസം ചേട്ടൻ പറഞ്ഞു. പരിക്ഷ പേപ്പർ ഒക്കെ എവിടെ. മാർക്കൊക്കെ ഉണ്ടോ? ചേട്ടന്റെ ഈ ചോദ്യത്തിനുമുമ്പിൽ അവൾ തല താഴ്ത്തികൊണ്ട് പറഞ്ഞു. ആ ഉണ്ട്. എന്നാൽ ക്ലാസിൽ നാലാം സ്ഥാനമെ ഒള്ളൂ. ചേട്ടൻ ചോദിച്ചു. എന്തു പറ്റി. ഒന്നാം സ്ഥാനമോ രണ്ടാം സ്ഥാനമോ അല്ലെ നിനക്ക് ലഭിക്കാറ്. അവൾ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു: അത് പിന്നെ പാഠങ്ങൾ വല്ലാതെ കടുപ്പമാണ് അത് കൊണ്ട് പഠിക്കാൻ നല്ല പാഠാണ്. ചേട്ടൻ പറഞ്ഞു. സാരമില്ല. അടുത്ത പരീക്ഷയിൽ ഒന്നാം സ്ഥാനം വാങ്ങണം. നിന്റെ കല്ല്യാണത്തെപ്പറ്റി പറഞ്ഞില്ല. പരീക്ഷ കഴിയട്ടെ എന്നിട്ടു റൂമിലെ ടേബിളിൽ അവൾക്ക്  വേണ്ടി വച്ച പാല് കുടിച്ചു ഉറങ്ങി. ഉറക്കം വന്നില്ലായിരുന്നു. എങ്കിലും എന്താണാവോ പെട്ടെന്ന് തന്നെ നിദ്രയിലേക്കു അവൾ ആഴ്ന്നു പോയി. രാവിലെ എണീറ്റതും അമ്മ അവിടെ ഉണ്ടായിരുന്നു. അമ്മ ചോദിച്ചു ക്ലാസിനു പോകുന്നില്ലെ. ആ എന്ന് പറഞ്ഞ്

അവൾ എണീറ്റു. പ്രഭാത നിർവഹണം നടത്തി കോളേജിലേക്ക് പോയി. ഗോപൻ വഴിയിൽ കാത്തു നിൽക്കുന്നുണ്ടായിരുന്നു. അവളുടെ അടുത്ത് വന്ന് ഗോപൻ പറഞ്ഞു. എന്ത് പറ്റി ഇന്ന് വഴുകിയെസല്ലോ. അവൾ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു. എന്തെങ്കിലും പ്രോബ്ലം ഉണ്ടോ? അവൾ പറഞ്ഞു. വീട്ടിൽ കല്ല്യാണ ആലോചന നടക്കുന്നു. തൽക്കാലത്തിന് 3 മാസത്തിന് രക്ഷപ്പെട്ടു, പരീക്ഷ കഴിയും വരെ. അതു കഴിഞ്ഞാൽ എന്തുചെയ്യും. അവൾ നിശ്ചലമായിനിന്നു. അവന് അവളുടെ കണ്ണുനീർ തുടയ്ക്കണമെന്നുണ്ട്. എന്നാൽ അവൻ മാന്യനാണ്. അനുവാദമില്ലാതെ ഒരു സ്ത്രീയുടെ മേലും തൊടില്ലായിരുന്ന അവൻ. എന്നാൽ അവൻ പറഞ്ഞു. അശ്വതി നീ കരയാതെ. എല്ലാതിനും പരിഹാരം ഉണ്ടാകും. നമ്മുടെ കാര്യം എന്റെ വീട്ടിലുള്ളവർക്ക് അറിയാം. പക്ഷെ അച്ഛന്റെ പ്രതികരണം എന്തെന്ന് അറിയില്ല. അച്ഛൻ ഒന്നും ഇത് വരെ പറഞ്ഞിട്ടില്ല. അങ്ങനെ അവൾ നടന്നു നീങ്ങി അവൾ. അത് പോലെ ദിവസങ്ങളും. മൂന്നു മാസങ്ങളും കഴിഞ്ഞു. പരീക്ഷയും കഴിഞ്ഞു. പരീക്ഷയും കഴിഞ്ഞു. കല്ല്യാണ കാര്യവും അത് പോലെ തുടർന്നു. എന്ത് തീരുമാനം എടുക്കണം എന്നറിയാതെ അവൾ ആകെ വിഷമത്തിലായി. കൂട്ടുകാർ പല തീരുമാനവും പറഞ്ഞു. വീട്ടിൽ പറയാം എന്നും ചിലർ. അത് ബുദ്ധിമോശമാണ്. ഒളിച്ചോടാം എന്നും രജിസ്ട്രർ മാരേജ് ചെയ്യാമെന്നു വരെ പറഞ്ഞു. പക്ഷെ അവൾക്ക് അറിയാം വലിയ ബുദ്ധിമോശമാണെന്ന്. അവളെ സ്നേഹിക്കുന്ന അവളെ അഭിമാനമായിക്കൊണ്ടു നടക്കുന്ന കുടുംബത്തിനും നാട്ടുകാർക്കും താങ്ങാനാകില്ല എന്ന്.

ഇതിനെ കുറിച്ച് ഏട്ടനോട് പറയാം എന്ന് തന്നെ അവൾ കരുതി. പക്ഷെ ഏട്ടന്റെ പെരുമാറ്റം എങ്ങാനെയാകും അതറിയാതെ അവൾക്ക് ഉറക്കമില്ലാതായി. അത് പോലെ ഗോപനും. ഗോപന്റെ അമ്മ അച്ഛനോട് ഇതിനെ കുറിച്ച് സംസാരിച്ചപ്പോൾ അച്ഛൻ പറഞ്ഞു. അവന് ഇഷ്ടമാണേൽ അതങ്ങ് നടത്തിയേക്കാം. പക്ഷെ അവന് അറിയാം. സന്തോഷമായ കാര്യമാണെങ്കിലോ അശ്വതി ഒരു പെൺകുട്ടിയാണ്. അമ്മക്കും അച്ഛനും വേവലാതി തീർച്ചയായും ഉണ്ടാകും. സംവടം ഉണ്ടാകും എന്ത് കരുതി അവർ എന്റെ അടുത്തേക്ക് അശ്വതിവിടും. ഞാൻ ഉപേക്ഷിച്ചാലോ അവൾക്ക് ഉറപ്പായും പേടിയുണ്ടാകും. അവനത് മനസ്സിലായി ഗോപന്റെ പേടി വീണ്ടും തുടങ്ങി. അശ്വതി ഏട്ടനോട് പറയാൻ തീരുമാനിച്ചു. തെറ്റായാലും ശെരിയാലും എനിക്ക് സ്വന്തമായി അഭിപ്രായം. എടുത്താൽ കഴിയും അത് തന്നെ അവൾ ഉറപ്പിച്ചു. അങ്ങെനെ ചേട്ടനോട് ഇതിനെക്കുറിച്ച് പറഞ്ഞു. അവനെ കുറിച്ച് ചോദിച്ചു. ശേഷം പറഞ്ഞു നിനക്ക് അങ്ങെനെ ഒരാഗ്രഹം ഉണ്ടായിരുന്നത് ഞങ്ങളോട് പറഞ്ഞത് നന്നായി. കാരണം ആദ്യം മുതലെ നിനക്ക് അവനെ കുറിച്ച് നന്നായി അറിയാമല്ലോ. പിന്നെന്താ കുഴപ്പം. ഇന്ന് കാണുന്ന പരിചയപ്പെടുന്ന ചെക്കനെക്കാളും യഥാർത്തത്തിൽ അതാകും നിന്റെ നല്ല ഒരു ജോടി. അതെങ്ങനെ ജീവിതത്തിൽ അവളുടെ ആ വലിയ തീരുമാനം അവളുടെ ശെരി തന്നെയാണെന്ന് അവർക്ക് മനസ്സിലായി. എല്ലാ കര്യങ്ങളും അവൾക്ക് മനസ്സിലായി. എല്ലാം കര്യങ്ങളും അവൾക്ക് ഉറച്ച് തീരുമാനത്തിൽ എത്തെണമങ്കിൽ നിരവധി തവണ

ആലോചിക്കണമെന്നും ഒരുപാട് പുളിയും കൈപ്പും ഉണ്ടാകും എങ്കിലെ ജീവിതം സത്യമാകും എന്നും അവൾ മനസ്സിലാക്കി.

# മാതാപിതാക്കളിൽ കുരുങ്ങുന്ന ജീവൻ



ഷഫ്ന ഷെറിൻ.പി.
10-B

അന്നൊരു തിങ്കളാഴ്ചയായിരുന്നു. അന്നായിരുന്നു അവസാനത്തെ കോടതി വിധി വരുന്നത്. അവൻ മനു ആകെ സംശയത്തിലാണ്. എന്തുചെയ്യണമെന്നോ ആരുടെ കൂടെ നിൽക്കണമെന്നോ അറിയാത്തതിനാൽ. അച്ഛനും അമ്മയും ഒരേ പോലെ സ്നേഹിച്ച് വളർത്തിയ മനുവിന് ആകെ സംശയമാണ്. ഒരു നിമിഷത്തിൽ തിരഞ്ഞെടുക്കുന്ന ആ തീരുമാനം അവനെ വല്ലാതെ അലട്ടിയിരുന്നു. ഈ തീരുമാനം തന്റെ ജീവിതത്തിൽ നിർണായകമാണെന്നും അവനറിയാമായിരുന്നു. ആ കോടതിയുടെ മൂന്നഴിക്കുള്ളള നിൽക്കുമ്പോൾ അവന്റെ മനസ്സിലൂടെ ധരാളം ചിന്തകൾ ഒഴുകിപ്പോയി.

ഒരിക്കൽ പോലും തന്നെ ഒരു വാക്കുകൊണ്ടോ നോക്കുകൊണ്ടോ ക്ഷീണിപ്പിക്കാത്ത അച്ഛനമ്മമാരിൽ ഒരാളെ തിരഞ്ഞെടുക്കണമെന്നത് എന്തൊരു അകഷന്തമ്യമാണ്. ഞാനെങ്ങനെ ഇതിൽ തീരുമാനമെടുക്കും. മനു എന്നതൊരു ഒറ്റ മകനാണ്. കൂടെ ആരെങ്കിലുണ്ടായിരുന്നെങ്കിൽ ഒരുപദേശം തേടാമായിരുന്നു. ഇന്നലെ വരെ എന്നാൽ ഇത് ഇത് വളരെ

പെട്ടന്നായിരിക്കുന്ന പോലെ.

ഇവരുടെ മുഖത്തേക്ക് നോക്കുമ്പോൾ ദയനീയമാണ്. എവിടെയും മൂകതയാണ്. മനുവിന്റെയുള്ള ആ നിമിഷത്തിൽ നിലനിൽക്കുന്ന ചങ്ങലക്കെട്ടുകളെ വലിച്ചെറിയാൻ ഒന്നുറകെ അലറണമെന്നത് തോന്നുന്നു. അമ്മയുടെ വാത്സല്യവും അച്ഛന്റെ സൌഹൃദവും നേടിത്തന്നെയാണ് അവന്റെ പതിനെട്ട് വർഷം കടന്നുപോയത്. ഇത്രയൊക്കെയായിട്ടും നിങ്ങൾ ചിന്തിക്കുന്നുണ്ടാകും എന്തിന് വേണ്ടിയാണ് ആ അച്ഛനും അമ്മ  പിരിഞ്ഞതെന്ന്.

പ്രണയ വിവാഹമായിരുന്നു. മനുവിന്റെ അച്ഛനായ ബാലുവും അമ്മയായ ഗൌരിയും തമ്മിൽ അന്നേവരെ ആരും കാണാത്ത ഒരു സ്നേഹമായിരുന്നു അവർ തമ്മിലുണ്ടായിരുന്നത്. ഒരിക്കലെങ്കിലും അവരെപ്പോലെയാകാൻ തോന്നും. ബാലു ഒരു ചെറിയ കവിയാണ്. അവന്റെ കവിതകലോട് തോന്നിയ പ്രണയമാണ് ഗൌരിയെ ബാലുവിലേക്കടുപ്പിക്കുന്നത്. പരസ്പരമുള്ള ആ സ്നേഹം അവരെ തമ്മിലാട്ടുപ്പിച്ചു. വിവാഹം ചെയ്തു. അവർക്കൊരു കുഞ്ഞു പിറന്നു. അതാണ് ബാലു. ഇവരുടെ പ്രണയ വിവാഹവും അങ്ങനെ അവരുടെ കഥ അറിഞ്ഞാണ് ബാലുവും ഗൌരിയും അവനെ വളർത്തിയത്. ബാലുവും ഗൌരിയും തമ്മിൽ അതുവരെ ഒന്നും പ്രശ്നങ്ങളുണ്ടായിരുന്നില്ല. സ്നേഹവും വാത്സല്യവും കുസൃതികളും നിറഞ്ഞു നിന്നിരുന്ന അവരുടെ ജീവിതത്തോട് എല്ലാവർക്കും അസൂയായിരുന്നു. ഗൌരിക്ക് അത്രകാലമായെയൊന്നും പ്രശ്നമുണ്ടായിരുന്നില്ല. എന്നാൽ കുറച്ച് നാളുകൾക്ക ശേഷം അവർക്ക് ജോലിക്ക് പോണമെന്നാൽ ശാഠ്യം പിടിച്ചു. വിവാഹം സമയത്ത് തന്നെ അതിനെ എതിർത്തവരായിരുന്നു ബാലു.

എന്നാൽ അവളുടെ ശാഠ്യം കാരണം അവന്റെ മനസമാധാനം പോയി. എന്നാലും ഇതൊന്നും അവർ മനുവിനെ അറിയിച്ചിരുന്നില്ല. അപ്പോഴും ഒരേ സ്നേഹമായിരുന്നു അവർ അവന് കൊടുത്തത്. അവളുടെ മനസ്സിലുള്ള ശാഠ്യം അവൾ എല്ലാ പ്രവർത്തനങ്ങളിലും കാണിച്ചു തുടങ്ങി. ഒരിക്കലും തനിക്കുള്ള പ്രണയത്തെ വിട്ടുകളയണമെന്നവൾ ആഗ്രഹിച്ചിരുന്നില്ല. എന്നാൽ അവളുടെ ശാഠ്യം അവരുടെ ബന്ധത്തെ ബാധിച്ചു. നാഗരിക ജീവിതം നയിക്കുന്നയാളാണെങ്കിലും പുതിയ തലമുറിലെ ഭർത്താവാണങ്കിലും അയാൾ അതിനെ അനുകൂലിച്ചില്ല. അതിന്റെ പിന്നിൽ കാരണമുണ്ടായിരുന്നു. അവൾ ജോലിക്കുപോയാൽ മനുവിനെ ആരു നോക്കും. ആയ നോക്കുന്നതിൽ ബാലുവിന് തൃപ്തിയുണ്ടായിരുന്നില്ല. കൂടാതെ ഗൌരിയും ജോലി തുടങ്ങിയാൽ അവർ തമ്മിൽ ചിലവഴിക്കുന്ന സമയത്തിന്റെ അളവ് കുറയുമോയെന്നും ബാലു പേടിച്ചിരുന്നു. ഇത്തരം പ്രശ്നങ്ങൾ ഒരുപാട് നീളുകയും പിന്നീടവർ പിരിയുവാൻ തീരുമാനിക്കുകയുമായിരുന്നു. പതിനഞ്ചാം വയസ്സിൽ മാത്രമാണ് അമ്മയും അച്ഛനും തമ്മലുള്ള ഈ പ്രശ്നങ്ങൾ മകൻ തിരിച്ചറിയുന്നത്.

ഒരു നിമിഷം കൊണ്ട് അല്ലെങ്കിൽ വക്കീൽ അവനോട് മറുപടി പറയാൻ പറഞ്ഞ് ഒരുത്തരം പറയുന്നതിനുമുമ്പേ ഇക്കഴിഞ്ഞ പതിനെട്ട് വർഷത്തിനിടയ്ക്കുണ്ടായ എല്ലാ സംഭവങ്ങങ്ങളുമൊരു മുറിക്കാത്ത ചരട് പോലെ മനസ്സിൽ നീണ്ടു നിന്നു എന്ത് തീരുമാനമാണ് തനെടുക്കുക. എന്ന ചിന്തയിലാണ്ട അവൻ എന്നെയങ്ങ് കൊന്നു തരൂ എന്ന് ദൈവത്തിനോട് പ്രാർഥിക്കാൻ തുടങ്ങി. എന്നെ സ്നേഹിക്കാൻ

മാത്രമറിയുന്ന എന്റെ മാതാപിതാക്കളിൽ നിന്നൊരുളെ എങ്ങനെ ഞാൻ തെരഞ്ഞെടുക്കും. ഞാനിനിയെന്തു ചെയ്യും? എന്ന ചോദ്യം സ്വയം ചോദിക്കുകയാണ് മനു.

# സ്നേഹം മാത്രമുള്ള ലോകം

*എം.എം.കൃഷ്ണമീര*
*8.D*

സ്കൂൾ വിട്ടപ്പോഴേ തന്റെ പുസ്തകസഞ്ചിയും കുലുക്കി കൊണ്ട് കുഞ്ഞക്കുട്ടൻ വീട്ടിലേക്കോടി. സത്യം പറഞ്ഞാൽ വീട്ടിലേക്കൊന്നുമല്ല. വഴിയിൽ കാണുന്ന തൊടിയിലും മരത്തിലും ചാടിമറിഞ്ഞ് കളിച്ചു കണ്ട കായ്കൾ പറിച്ച് തിന്നാൻ അവനെ മരത്തിൽ കേറാൻ പഠിപ്പിച്ചത് മുത്തച്ഛനാണ്. അതുകൊണ്ട് അവന്റെ അച്ഛൻ എപ്പോഴും പറയും അച്ഛനും അമ്മയും കൂടി മോനെ ചീത്തയാക്കിയെന്ന്. വീട്ടിലെത്തിയപാട് "മുത്തച്ഛാ.... മുത്തശ്ശി.... ഞാനെന്താ കൊണ്ടുവന്നേന്ന് നോക്ക്" അവൻ കൈയ്യിലുള്ള ഞാവൽപ്പഴം അവർക്ക് നീട്ടി. ഇതുകണ്ട് ഓടിവന്ന അമ്മ അവന്റെ കൈയ്യിൽ നിന്നും പഴം വാങ്ങി ദൂരേക്കൊരേറു കൊടുത്തു. "ടാ ചെക്കാ നീയെന്തിനാ കണ്ട കായൊക്കെ പറിച്ചു തിന്നുന്നെ. നിനക്കിവിട ചോക്ലേറ്റ് ഉണ്ടല്ലോ; അതെങ്ങനാ ഓരോന്നും പഠിപ്പിച്ചുകൊടുത്തോളുമല്ലോ." ഇതും പറഞ്ഞ് അമ്മ അടുക്കളയിലേക്ക് പോയി. മുത്തശ്ശനും മുത്തശ്ശിയും തലകുനിച്ചു. ശ്രീകുട്ടൻ മുത്തച്ഛന്റെ മടിയിൽ കേറിയിരുന്നു ചോദിച്ചു. "എന്താ മുത്തശ്ശാ അമ്മയിങ്ങനെ?" അതിന് മറുപടിപ്പറഞ്ഞത് മുത്തശ്ശിയാണ് "അല്ല, ഞാനാലോചിക്കുവാ ഈ പെണ്ണിന് ഇതെന്തോപറ്റി. കുരങ്ങിനെ പോലെ മാവിലൊക്കെ കേറിമറഞ്ഞ് കളിച്ച പെണ്ണായിരുന്നു." ഇതുകേട്ട ഉടനെ ശ്രീക്കുട്ടൻ പറഞ്ഞു "അമ്പടി മിടുക്കി!" ഇതുകേട്ട് മുത്തശ്ശൻ ചിരിച്ചുപോയി. എന്നിട്ട് പറഞ്ഞു "കളിച്ചു വാ മോനെ". ശ്രീക്കുട്ടൻ കളിക്കാനായി പോയി. അവന്റെ കാര്യമെല്ലാം

നോക്കുന്നത് മുത്തശ്ശനും മുത്തശ്ശിയുമാണ്. പക്ഷേ അതവന്റെ അച്ഛനുമമ്മയ്ക്കും ഇഷ്ടമല്ല. ദിവസങ്ങൾ കൊഴിഞ്ഞു വീണു. ചിരിയും കളിയുമായി അവർ കഴിഞ്ഞുപന്നു. ആയിരിക്കെ ആ വീട്ടിൽ ശ്രീക്കുട്ടന്റെ  അച്ഛന്റെയും അമ്മയുടെയും കുറേ കൂട്ടുകാർ വന്നു. ഇപ്പോഴും അച്ഛനെയും അമ്മയെയും നോക്കുന്നെന്നു കേട്ടപ്പോൾ അവർക്ക് പുച്ഛമായിരുന്നു. അന്ന് തന്നെ അവൻ പോയി. പിറ്റേന്ന് മുതൽ തുടങ്ങി പ്രശ്നം. മുത്തശ്ശനേം മുത്തശ്ശിയേം ഇവിടെ നിർത്താൻ പറ്റില്ല. ഇതു കേട്ടടനെ ശ്രൃകുട്ടൻ ഓടി മുത്തശ്ശിയുടെ മടിയിൽ കേറിയിരുന്നു. അമ്മയും അച്ഛനും പെട്ടെന്ന് മുറിയിലേക്ക് കേറിവന്നു. എന്നിട്ട് മുത്തച്ഛനോടും മുത്തശ്ശിയോടും പറഞ്ഞു "ഇനി നിങ്ങളെ നോക്കാൻ ഞങ്ങൾക്ക് പറ്റില്ല. നല്ല സൗകര്യമുള്ള ഒരിടം ഞങ്ങൾ കണ്ടുവെച്ചിട്ടുണ്ട്. അങ്ങോട്ട് ഇന്നു തന്നെ പുറപ്പെടാം". മുത്തശ്ശന്റേം മുത്തശ്ശിയുടേം കണ്ണുനിറയുന്നത് ശ്രീകുട്ടൻ കണ്ടു. അവൻ പറഞ്ഞു. "വേണ്ട അമ്മാ വേണ്ട അച്ഛാ  മുത്തച്ഛനേം മുത്തശ്ശിയേം കൊണ്ടുപോണ്ട." അവൻ കുറേ പറഞ്ഞുനോക്കി.അപ്പോ അച്ഛൻ പറഞ്ഞു"ഹും കണ്ടോ കുട്ടിക്ക് കൈവശം കൊടുത്ത് വച്ചേക്കുവ". അവർ കാറിൽ കേറി. ആദ്യമായിട്ടാണ് എല്ലാരും കൂടി എവിടേക്കേലും പോവുന്നത്. അവസാനമായും. ശ്രീക്കുട്ടൻ ചിന്തിച്ചു. ഏതോ ഒരു വലിയ അനാഥമന്ദിരത്തിലേക്കാണ് അവർ പോയത്. മുത്തശ്ശനേം മുത്തശ്ശിയേം അവിടാക്കി അവർ തിരിച്ചുപോന്നു. മുത്തശ്ശനും മുത്തശ്ശീം കണ്ണിൽ നിന്നും മറയുന്ന തുവരെ ശ്രീക്കുട്ടൻ അവരെ നോക്കി. മുത്തശ്ശനും മുത്തശ്ശിയും പോയത് മുതൽ വീട് ശോകമൂകമായിരുന്നു. മാസങ്ങൾ കടന്നുപോയി. അന്ന് രാവിലെ ശ്രീക്കുട്ടൻ ഉണർന്ന് അച്ഛനും അമ്മയും തമ്മിലുള്ള വഴക്ക് കേട്ടുകൊണ്ടാണ്. ഇത്

ആദ്യമായിട്ടല്ല. വഴക്കു മൂത്തപ്പോൾ അച്ഛൻ അമ്മയേ തല്ലി. പിടിച്ചുമാറ്റാൻ ചെന്നപ്പോൾ ശ്രീയെ അവർ തള്ളി അവന്റെ തല ചെന്ന് മേശയിലിടിച്ചു. എന്നിട്ടും അവർ വഴക്കു നിർത്തിയില്ല. ഒടുവിൽ അമ്മ വീട്ടിൽ നിന്നിറങ്ങിപോയി. ശ്രീക്കുട്ടൻ അന്ന് ഒരുപാട് കരഞ്ഞു. ദിവസങ്ങൾ കഴിഞ്ഞപ്പോൾ അച്ഛൻ അവനേയും കൊണ്ട് കോടതിയിലേക്ക് പോയി. അവിടെ അമ്മയുമുണ്ടായിരുന്നു. ശ്രീ ഓടിപ്പോയി അമ്മയെ കെട്ടിപ്പിടിച്ചു. അപ്പോൾ അവിടുള്ള വക്കീൽ മാമൻ അവനോട് ചോദിച്ചു. "മോനാരോടൊപ്പം പോണം. അച്ഛന്റെ കൂടെയോ അമ്മയുടെ കൂടെയോ." ശ്രീക്കുട്ടൻ നിശബ്ദനായി. ഞാൻ ആരോടൊപ്പം പോവും. അച്ഛന്റെ കൂടെയോ അമ്മയുടെ കൂടെയോ. ശ്രീക്കുട്ടൻ ചിന്തിച്ചു. ഉചിതമായ  തീരുമാനിക്കാൻ അവന് കഴിഞ്ഞില്ല. അവസാനം ഒന്നു തീരുമാനിച്ചു. മുത്തശ്ശന്റേം മുത്തശ്ശിയുടേം കൂടെ പോവും എന്ന് പറഞ്ഞ്കൊണ്ട് അവൻ പുറത്തേക്കോടി. അവിടെ വഴക്കുകളില്ലാത്ത സ്നേഹം മാത്രമുള്ള ലോകത്തേക്കുള്ള വാതിൽഅവസാനമായി കാത്ത് തുറന്നു കിടന്നിരുന്നു.

# പുതിയകാലം ഇന്റർനെറ്റ് കാലം



അർച്ചന.ഇ.വി
8-E

“അനു....” "എന്തമ്മെ ..... " "ഇവിടെ ഒന്നുവന്നെ." "ഇതാ വരുന്നു”. അനു ഗ്രൗണ്ടിൽ കളിച്ചുകൊണ്ടിരിക്കുകയാണ്. “ഓ... ഞാൻ ഇപ്പോൾ ചെന്നിട്ട് ഒരു പ്രയോജനവും ഇല്ല. വെറുതെ പോവുന്നെ ഹും!” അവൾ അഹങ്കരിച്ചു. അമ്മ കുറെ വിളിച്ചു. പക്ഷെ അവൾ തിരിഞ്ഞുനോക്കിയില്ല. അനുവിന്റെ അമ്മയ്ക്ക് തീരെ സുഖമില്ലായിരുന്നു. "അവാൾ വരാമെന്നു പറഞ്ഞിട്ട് ഇവളെന്താ ചെയ്യുന്നെ എനിക്കാണെങ്കിൽ എഴുന്നേൽക്കാനും വയ്യ!” അനു ഗ്രൗണ്ടിൽനിന്ന് ഫോണിൽ വാട്സപ്പും ഫെയ്സ്ബുക്കും എല്ലാം നോക്കിക്കൊണ്ടു നിൽക്കുന്നു. അമ്മ എഴുന്നേൽക്കാൻ നോക്കുമ്പോൾ അടുക്കളയിൽ നിന്ന് ഒരു ശബ്ദം കേട്ടത്: അനു ശബ്ദം കേട്ടെങ്കിലും അതൊന്നും ശ്രദ്ധിക്കാതെ ഫോണിൽ കുത്തിയിരുന്നു. "പാവം അമ്മയ്ക്കെന്ത് ചെയ്യാനാകും”. എഴുന്നേൽക്കാൻ ശ്രമിക്കുമ്പോഴും പറ്റുന്നില്ല. അങ്ങനെ അനു ഫോണിൽ ഫെയ്സ്ബുക്കിൽ വീഡിയോ നോക്കുമ്പോൾ പെട്ടെന്ന് നെറ്റ് കണക്ഷൻ പോയി. അനുവിന് ദേഷ്യം വന്നു. പിടിച്ചു നിർത്താനെ കഴിഞ്ഞില്ല: "ഈ കുന്തം ഞാൻ വാങ്ങിയത് ടി.വി.യിലെ പരസ്യം കണ്ടാണല്ലോ നല്ല പരസ്യം ഇനി ഞാൻ എത്ര സമയം കാത്തുനിൽക്കണം. ഹും! ഞാൻ ഇനി മുതൽ ഒരു

തീരുമാനം എടുക്കാൻ പോവുകയാണ്. ഇനി മുതൽ ഒരു വർഷത്തേക്ക് നെറ്റ് കേറ്റി ഓരോ ദിവസം ഞാൻ മൂന്ന് മണിക്കൂർ നേരം ഫോണിന്റെ മുന്നിൽ ഇരിക്കും." പാവം കുട്ടി. അവൾക്കറിയില്ലല്ലോ ഇത് നല്ല ശീലമല്ലായെന്ന്. അമ്മ വീണ്ടും "അനു..... ഒന്ന് വാ മോളേ അമ്മയ്ക്ക് വയ്യാഞ്ഞിട്ടല്ലേ..." "ദാ വരുണു" അനു. "എന്താവേണ്ടേ..." "ആ പാത്രങ്ങളും തുണികളും ഒക്കെ ഒന്നു കഴുകുമോ.." "അമ്മേ ഞാൻ ഒരു തീരുമാനം എടുത്തിട്ടുണ്ട് ഇനി മുതൽ ഫോണിലേ കളിക്കുകയുള്ളൂ." "മോളേ അങ്ങനെ ഏത് സമയവും നീ ഫോണിൽ കളിച്ചാൽ കണ്ണിനു കേടാണ്. അതു മാത്രമല്ല വിരലിനു ക്യാൻസർ വരുകയും ചെയ്യും. നീയൊരു തീരുമാനം എടുക്കുമ്പോൾ ശ്രദ്ധിച്ചു ചെയ്യണം. അല്ലെങ്കിൽ ആപത്തിൽ ചെന്നു വീഴും." അനു അതൊന്നും നോക്കാതെ അവളുടെ ഇഷ്ടത്തിന് ചെയ്തു.

അങ്ങനെ ഇരിക്കെ അമ്മ പാവം പാത്രം കഴുകാനും തുണികൾ അലക്കാനും എത്രമാത്രം വേദന സഹിച്ചാണ് ചെയ്തത്. അനു ഇപ്പോഴും ഫോണിൽ തന്നെപിന്നെ അമ്മയുടെ വാക്ക് കേട്ടാൽ ഞാൻ മണ്ടിയാകും. അനു വിചാരിച്ചു. അമ്മ ആകെ ക്ഷീണിച്ചു, വയ്യാതെ ആയി. അവസാനം അനുവിന്റെ അമ്മ പറഞ്ഞതുകേൾക്കാതെ അനു ഫോൺ ഉപയോഗിച്ചു. അനുവിന്റെ വിരലുകൾക്ക് എന്തോ പറ്റി. അമ്മയെ അവൾ കുറേ വിളിച്ചു. അമ്മ ക്ഷീണത്തോടെ തല ചുറ്റിവീണു. അനു വേഗം അമ്മയുടെ അരികിൽ ചെന്നു. എന്നിട്ട് അമ്മയുടെ മുഖത്തെ വെള്ളം തെളിച്ചു. അമ്മ ഉണർന്നു. "അമ്മ ഇതു നോക്ക് എന്റെ വിരലുകൾക്ക് എന്തോ സംഭവിച്ചിട്ടുണ്ട്." "ഞാൻ പറഞ്ഞില്ലേ മോളെ സൂക്ഷിച്ചാൽ ദുഃഖിക്കേണ്ടയെന്ന്." അനു

ഗ്രൗണ്ടിൽ ചെന്നുനിന്നിട്ട് പറഞ്ഞു: "ഞാൻ ഒരു ഉത്തമമായ തീരുമാനം എടുക്കാത്തതുക്കൊണ്ടല്ലേ എനിക്കിത് വന്നത്.”അവൾ ആ കാര്യം കൊണ്ട് ദുഃഖത്താൽ ഒറ്റയ്ക്ക് വിഷമിച്ചിരുന്നു നാം ഒരു ഉത്തമമായ തീരുമാനം എടുത്തിട്ടെ എന്തും ചെയ്യാവൂ അതിന് ഒരു ഉദാഹരണമാണ് അനു.

# ഒരുപാട് സങ്കടങ്ങൾ



ആസിഫ.കെ.കെ.
10-B

പഠിത്തത്തിനുമെല്ലാം അവസാനം അവൾക്ക് കല്ല്യാണപ്രായം വന്നെത്തി. വീട്ടിലെല്ലാവരും അവളെ നിർബന്ധിച്ചു തുടങ്ങിയിരിക്കുന്നു. അവൾക്കാണെങ്കിൽ ഇപ്പോഴും ഒരു തീരുമാനം എടുക്കാൻ സാധിക്കുന്നില്ല. ആതിര ഒന്നുകൂടി ചിന്തിച്ചു. "ഞാനെന്തു തീരുമാനമാണ് എടുക്കുക" വളരെ കഷ്ട്ടപ്പെട്ടു തന്നെയാണ് ആതിരയുടെ അച്ഛനും അമ്മയും അവളെ വളർത്തിയത്. ഇപ്പോഴും പഠിപ്പു പൂർത്തിയായിട്ടില്ല. പഠിച്ചു കൊണ്ടിരിക്കുകയാണ്. പിറ്റേ ദിവസം വൈകീട്ട് ക്ലാസ് കഴിഞ്ഞു വരുമ്പോൾ വീടിന്റെ ഉമ്മറക്കോലായിൽ ഒരാൾക്കൂട്ടം. അവർ എന്തോ വലിയ സംസാരത്തിലാണ്. അച്ഛനുമുണ്ട് കൂടെ. അവൾ ഉമ്മറപ്പടിയിലേക്ക് എത്തുന്നതിനും മുമ്പെത്തന്നെ അമ്മ വന്ന് പിന്നാമ്പുറത്തേക്ക് കൊണ്ടുപോയി. എന്നിട്ട് കുളിച്ച് നല്ല വസ്ത്രങ്ങളെല്ലാം മറ്റാൻ പറഞ്ഞു. ആദ്യമെല്ലാം മനസ്സിലായില്ലെങ്കിലും പിന്നീടെനിക്ക് മനസ്സിലായി. അവർ അവളെ കാണാൻ വന്ന ചെറുക്കൻ കൂട്ടരാണെന്ന്. വളരെ പ്രയാസത്തോടെയാണങ്കിലും അവൾ അവരുടെ മുന്നിൽ ഒരുങ്ങിച്ചെന്നു. അന്നു രാത്രി അമ്മയും അച്ഛനും കൂടി എന്തൊക്കെയോ പറയുന്നുണ്ട്. രാവിലെയായപ്പോൾ അവൾ ഒരുങ്ങി പോകാൻ നിന്നപ്പഴേ

അമ്മ പറഞ്ഞു: "പഠിക്കാനൊന്നും പോകണ്ടാ" ആദ്യം അവൾ സമ്മതിച്ചില്ല. പിന്നീട് അച്ഛനും ശാഠ്യം പിടിച്ചപ്പോൾ സമ്മതിക്കേണ്ടി വന്നു. അങ്ങനെ അവർ എന്നോടുപോലും ചോദിക്കാതെ അവളുടെ കല്ല്യാണം നിശ്ചയിച്ചു. കുറച്ചു ദിവസങ്ങൾക്കുള്ളിൽ കല്ല്യാണമാണ്. വീട്ടിൽ പന്തലിടാനുള്ള ആളുകളെല്ലാം വന്നു. അച്ഛനും അമ്മയും അടുത്തുള്ളവരോടും കുടുംബക്കാരോടുമെല്ലാം കല്ല്യാണം പറഞ്ഞു തുടങ്ങി. കല്ല്യാണത്തിനിഷ്ടമാണോ എന്ന് ആരും തന്നെ ചോദിച്ചതില്ല. ദിവസങ്ങൾ കഴിഞ്ഞു. അടുത്ത ദിവസം അങ്ങനെ കല്ല്യാണമായി. വളരെ കഷ്ടപ്പെട്ടിട്ടുതന്നെയാണ് അവൾക്ക് ആഭരണങ്ങളും വസ്ത്രവും അച്ഛൻ വാങ്ങിത്തന്നത്. തനിക്ക് ഇതുവരെയും കഷ്ടപ്പെട്ട് പഠിക്കാനും മറ്റുള്ള കാര്യങ്ങൾക്കെല്ലാം കൂടെ നിന്ന അച്ഛനെ അവൾക്ക് വഞ്ചിക്കാനാവുന്നില്ല. അങ്ങനെ അവർ ആകെ വിഷമത്തിലായി... കുറച്ചു കാലങ്ങൾക്കുശേഷം ഒറ്റയ്ക്ക് ഒരു കുടുംബ ജീവിതം നയിക്കേണ്ടിവളായിത്തീരുകയാണ് ആതിര. ഓരോ പ്രതിസന്ധികളും അവളുടെ മുന്നിലേക്ക് വരുമ്പോഴും ഇപ്പോഴും അവൾക്ക് സ്വയം ഒരു തീരുമാനം എടുക്കാനാവാതെ പതറിപ്പോകും. ഇപ്പോഴും ഒരു സന്തോഷകരമായ ജീവിതം നയിക്കാൻ ആതിരയ്ക്ക് കഴിയുന്നില്ല. ഭർത്താവിന്റെ വീടുമായി പൊരുത്തപ്പെടാൻ അവൾക്ക് പ്രയാസമായിരുന്നു. പക്ഷെ, ഇത് ഒരിക്കലും തന്റെ വീട്ടിൽ പറഞ്ഞിട്ടില്ലായിരുന്നു. ഓരോ ഘട്ടത്തിലും അവർക്ക് ഒരേ അവസ്ഥ തന്നെ വന്നുകൊണ്ടിരുന്നു. അങ്ങനെ അവളുടെ ഒരുപാട് സങ്കടങ്ങളും വിഷമങ്ങളുമായിത്തീർന്നുകൊണ്ടിരുന്നു. അന്നും ഇന്നും.....

*ലിറ്റിൽ കൈറ്റ്സ് ഗോഖലെ.ജി.എച്ച്.എസ്.എസ്.കല്ലടത്തൂർ*

# അമ്മയുടെ സ്നേഹം മനസ്സിലാക്കാത്തവൾ



*ഫാത്തിമത്തു നജിയാ.സി*
*10-B*

ഒരു ഗ്രാമത്തിൽ അതിമനോഹരിയായ ഒരു പെൺകുട്ടിയുണ്ടായിരുന്നു. അവളുടെ പേരാണ് അമ്മാളു. അവളുടെ അമ്മയ്ക്കും അച്ഛനും കാത്തിരുന്ന് കിട്ടിയ തങ്കക്കുടം. അവർക്ക് അവളെ വളരെ ഇഷ്ടമായിരുന്നു. വളരെ ലാളിച്ചാണ് അവളെ വളർത്തിയത്. അവൾക്ക് അമ്മയെ അധികം ഇഷ്ടമുണ്ടായിരുന്നില്ല. സ്ക്കൂളിൽ പഠിക്കുന്നകാലത്ത് സ്ക്രൂളിലെ എല്ലാ കര്യങ്ങൾക്കും അവൾ അച്ഛനെയാണ് വിളിച്ചിരുന്നത്. പക്ഷെ അമ്മയെ അത് വേദനിപ്പിച്ചില്ല. അവൾ ക്ലാസിൽ മികച്ച് പഠിച്ചിരുന്നത്. ഇടയ്ക്കിടെ അവൾക്ക് സമ്മാനം ലഭിച്ചിരുന്നു. മാളെ അതിനെല്ലാം അച്ഛനെയാണ് വിളിച്ചിരുന്നത്. അമ്മ അതൊന്നും അറിഞ്ഞിരുന്നില്ല. അവൾ 9-ാം ക്ലാസിൽ പഠിക്കുമ്പോൾ ഒരു അപകടത്തിൽ അവളുടെ അച്ഛൻ മരിച്ചു. പിന്നെ സ്ക്രൂളിലെ കാര്യങ്ങൾക്ക് അവൾക്ക് വിളിക്കാൻ ആകെ അമ്മയായി. ഒരു പ്രാവിശ്യം അവളുടെ അമ്മവന്നു. അത് കണ്ട് കുട്ടികളെല്ലാം അവളെ കളിയാക്കി. 10-ാം ക്ലാസ് SSLC കഴിഞ്ഞ് അവൾ അമ്മയോട് പറഞ്ഞു. എനിക്ക് വിദേശത്ത് പോയി പഠിക്കണം എന്ന് അമ്മ അതിന് സമ്മതിച്ചു. അത്രയ്ക്കും പാവമായിരുന്നു

അവളുടെ അമ്മ. വിദേശത്ത് പോയി കുറെ വർഷങ്ങൾ കഴിഞ്ഞിട്ടും അവളുടെ ഒരു ഫോൺ കോൾ പോലും അമ്മയ്ക്കിട്ടിയില്ല. 10 വർഷങ്ങൾ കടന്നുപോയി. അമ്മയ്ക്ക് തീരെ വയ്യാതായി അവർ തന്റെ അമ്മയുടെ വീട്ടിൽ അഭയം തേടി. അങ്ങനെ പലജോലിക്ക് അമ്മ അപേക്ഷിച്ചു കിട്ടിയില്ല. അവസാനം ഒരു ജോലി കിട്ടി വീട്ടു ജോലി അതും അങ്ങ് വിദേശത്ത്. അമ്മ അതിന് പുറപ്പെട്ടു. അഡ്രസ്സ് അനുസരിച്ച് അവൾ ഒരു വീട്ടിലേക്ക് പോയി. പക്ഷെ അവിടെ എത്തിയപ്പോൾ അമ്മയുടെ കണ്ണ് നിറഞ്ഞു. തന്റെ പൊന്നു മോളുടെ വീടായിരുന്നു. അത് അമ്മാളു എന്നു വിളിക്കാൻ അവൾക്കു കഴിഞ്ഞില്ല. അവളുടെ കണ്ണുനിറഞ്ഞു നിന്നു. അവൾക്ക് മനസ്സിലായി അത് അമ്മയാണെന്ന്. പക്ഷെ മനസ്സിലാകാത്ത ഭാവം നടിച്ച് അവൾ അടുക്കള കാണിച്ചുക്കൊടുത്തു. അന്ന് മുഴുവൻ അമ്മ കരഞ്ഞു. പക്ഷെ അത് സന്തോഷകണ്ണീരായിരുന്നു. തന്റെ മകൾ വലുതായി ഉയർന്ന പദവിയിൽ ഇരിക്കുന്നത് കണ്ടു മതി മറന്നാണ് അവളുടെ കണ്ണുനിറഞ്ഞത്. അന്ന് മുഴുവൻ അവൾ ആലോചിച്ചു. അമ്മയെ ഇവിടെ നിന്ന് പുറത്താക്കാനായിരുന്നു അത്. അവളുടെ ഭർത്താവിനോട് പറഞ്ഞ് അമ്മയെ പുറത്താക്കി. ആ വലിയ നഗരത്തിൽ അലഞ്ഞു തിരിഞ്ഞു നടന്ന് അവസാനം ഒരു ആശ്രമത്തിലെത്തി. അമ്മയ്ക്ക് വയ്യാതെ അന്ന് ആശുപത്രിയിലേക്ക് കൊണ്ടു പോയി. ആ ആശുപത്രിയുടെ കിടക്കയിൽ കിടന്ന് അമ്മ ആവശ്യപ്പെട്ടത് ഒരു പേനയും കടലാസുമായിരുന്നു. അമ്മ ഒരു കത്തെഴുതി.

"പ്രിയപ്പെട്ട മാളു

നീ എന്നെ പലപ്പോഴും ഒഴിവാക്കിയത് എന്റെ ഒറ്റക്കണ്ണ് കാരണമല്ലെ. പക്ഷെ എന്റെ ഒരു കണ്ണ് ആർക്കുവേണ്ടി കളഞ്ഞതെന്നു നിനക്കറിയുമോ?എന്നാൽ കേൾക്കു നീ ചെറുപ്പത്തിൽ കുസൃതിയായിരുന്നു. അങ്ങനെ നീ ഒരു പ്രാവിശ്യം കല്ല് എടുത്ത് കളിച്ച് കല്ല് ഒരു ഗ്ലാസ്മേൽ തട്ടി. ആ ഗ്ലാസ് പൊട്ടി നിന്റെ കണ്ണിൽ തറച്ചു. ആ കണ്ണിന് പകരമാണ് എന്റെ കണ്ണ് നിനക്ക് തന്നത് എന്ന്, ഇത്രയും പറഞ്ഞ് ഞാൻ നിർത്തുന്നു. എന്ന്

നിന്റെ സ്വന്തം അമ്മ."

ഈ കത്തെഴുതി അമ്മ ആശുപത്രിയിൽ നിന്ന് ആരും കാണാതെ ഇറങ്ങി. മാളുവിന്റെ വീടിന്റെ മുന്നിലുള്ള ഒരു റോഡ് മുറിച്ച് കടക്കുന്നതിനിടെ അമ്മയെ വണ്ടി തട്ടി ചോരയൊഴുകി ഒരു പുഴയായി. പിറ്റെ ദിവസം മാളു ഓഫീസിൽ പോകാൻ ഒരുങ്ങി റോഡിലിറങ്ങിയപ്പോൾ ഒരുക്കൂട്ടം ആളുകളെ അവൾ കണ്ടു. അതിന്റെ അടുത്തേക്ക് അവൾ ഓടിച്ചെന്നു. അവൾ കണ്ടു ഒരു വൃദ്ധ റോട്ടിൽ വണ്ടി തട്ടി വീണ് കിടക്കുന്നത്. അവരുടെ കൈയിൽ ഒരു പേപ്പർ ചുരുട്ടി പിടിച്ചിരുന്നു. അത് മാളുവിന്റെ അമ്മയാണെന്ന് അവൾക്ക് മനസ്സിലായി. ആ പേപ്പർ ആരും കാണാതെ അവൾ എടുത്തു. അതിലുള്ള കര്യങ്ങൾ കേട്ടപ്പോൾ അവൾ അറിയാതെ വിതുമ്പിപോയി. അവളുടെ അമ്മയെ അവൾ വാരിയെടുത്ത് കരയാൻ തുടങ്ങി. അമ്മയ്ക്ക് അപ്പോൾ കുറച്ച് ജീവൻ ഉണ്ടായിരുന്നു. അവൾ അമ്മയെ കൊണ്ട് ആശുപത്രിയിലേക്ക് ഓടി. കുറച്ച് നേരം കഴിഞ്ഞപോൾ അമ്മയ്ക്ക് ബോധം വന്നു. മാളു അമ്മയെ കേറിക്കണ്ടു. കുറെ നേരം കരഞ്ഞു. അമ്മ പറഞ്ഞു."മോളേ നീ കാ....." എന്ന് പറഞ്ഞതും അമ്മയുടെ ബോധം പോയി. മാളു

ഓടിച്ചെന്നു ഡോക്ടറെ വിളിച്ചു. അപ്പോഴേക്കും അമ്മ അവളെ വിട്ട് പോയി കഴിഞ്ഞിരുന്നു. എന്തു ചെയ്യണമെന്ന് അവൾക്ക് അറിയില്ലായിരുന്നു. താൻ ചെയ്ത പ്രവർത്തിയെ അവൾ സ്വയം അറിഞ്ഞു. അവൾ അവളെത്തന്നെ കുറ്റപെടുത്തി. അമ്മയെ നാട്ടിൽ എത്തിച്ചശേഷം അച്ഛന്റെ അടുത്ത് അഥവ അച്ഛൻ ഉറങ്ങിക്കിടക്കുന്ന സ്ഥലത്ത് അവൾ അമ്മയെയും ഉറക്കി അവൾക്ക് അമ്മയുടെ സ്നേഹം അന്നാണ് മനസ്സിലായത്. അമ്മ എന്ന വാക്കിന്റെ അർത്ഥവും. ഒരു നിമിഷം അവളുടെ ക്രൂര പ്രവർത്തികൾ ഓർത്ത് അവൾ നെഞ്ച് പൊട്ടി കരഞ്ഞു.

# മറവി എന്ന മാറാ രോഗം



റെന ഫാത്തിമ
8-A

ഒരു പട്ടണത്തിൽ സന്തോഷത്തോടെ ഒരു കുടുംബം ജീവിച്ചിരുന്നു. അച്ഛനും അമ്മയും മൂന്ന് പെൺമക്കളും അടങ്ങുന്ന ഒരു കൊച്ചു കുടുംബം. മക്കളിൽ രണ്ട് പേർക്ക് കല്ല്യാണപ്രായമായിരുന്നു. മൂന്നു പേരും പഠിത്തത്തിൽ മിടുക്കരായിരുന്നു. അച്ഛൻ പട്ടണത്തിലെ ഒരു കമ്പനിയിൽ പ്യൂണായി ജോലി ചെയ്യുന്നു. അച്ഛനും അമ്മയും മക്കളെ ഒരു ബുദ്ധിമുട്ടും അറിയിക്കാതെയാണ് വളർത്തിയത്.

അങ്ങനെ വർഷങ്ങൾക്കു ശേഷം മൂന്ന് മക്കളേയും വളരെ നല്ല രീതിയിൽ നല്ല കുടുംബത്തിലേക്ക് കല്ല്യാണം കഴിച്ച് അയച്ചു. മക്കൾ മൂന്ന് പേർക്കും ഓരോ ജോലിയായി. മൂന്നു പേരും ഇന്ന് വിദേശത്താണ്. അച്ഛനും അമ്മയും മാത്രം വീട്ടിൽ. അച്ഛൻ ജോലിക്കു പോയാൽ അമ്മ വീട്ടിൽ ഒറ്റയ്ക്കാണ്. അങ്ങനെയിരിക്കെ ഒരു ദിവസം ഒരു മുന്നറിയിപ്പും ഇല്ലാതെ തങ്ങളുടെ മൂന്ന് മക്കളും വീട്ടിലേക്കുവന്നു. മൂത്ത മകൾക്ക് കുട്ടികളുണ്ടായിരുന്നു. മൂത്തമകൾ വീട്ടിൽ ഒരു ടി.വി വാങ്ങിച്ചു. മൂത്തമകൾക്ക് വിദേശത്തുനിന്നു ജോലി നാട്ടിലേക്കുമാറി. ബാക്കി രണ്ടു മക്കളും വിദേശത്തേക്ക് തന്നെ മടങ്ങി പോയി. മൂത്ത മകൾ ജോലിക്കുപോകുമ്പോൾ മകളുടെ കുട്ടികളെ അമ്മ നോക്കണമായിരുന്നു.

ഒരു ദിവസം രാവിലെ മൂത്ത മകൾ ജോലിക്ക് പോയി. മൂത്ത മകളുടെ മക്കളെ അമ്മ സ്ക്കൂളിൽ പറഞ്ഞയക്കുമ്പോൾ അമ്മയോട്

പേരക്കുട്ടി തന്റെ ബുക്ക് എടുത്ത് അലമാറയിൽ വച്ച് ലഞ്ച്ബോക്സ് എടുക്കാൻ പറഞ്ഞു. പക്ഷെ അമ്മ ബുക്കെടുത്ത് ഫ്രിഡ്ജിൽ വച്ചു. ലഞ്ചബോക്സിനുപകരം ഫ്രിഡ്ജിലെ ഒരു പാത്രം എടുത്ത് കുട്ടിയുടെ കൈയ്യിൽ വെച്ചു കൊടുത്തു. പിന്നീട് അച്ഛന്റെ ഫയൽ എടുത്ത് വെള്ളത്തിൽ ഇട്ടു. തുണികൾ എടുത്ത് മടക്കി ഫ്രിഡ്ജിൽ വച്ചു. വീട്ടിലെ പ്രദാത ഭക്ഷണം അമ്മയായിരുന്നു ഉണ്ടാക്കിയിരുന്നത്. അമ്മ അതെല്ലാം മറന്നു. ഒന്നും അറിയാതെ കുറെ പൊട്ടത്തരങ്ങൾ ചെയ്തു. വളരെ പെട്ടെന്ന് തന്നെ എല്ലാവരും ഇത് അറിഞ്ഞു. അമ്മയെ ഒരു ഡോക്ടറെ കാണിച്ചു. ഡോക്ടർ പറഞ്ഞു. "ഇത് അൽഷിമിസ് ആണ് മറവി."തന്റെ മക്കളും അമ്മയ്ക്ക് ഇതിനുള്ള മരുന്നു കൊടുത്തു. പക്ഷെ മാറ്റമുണ്ടായില്ല അമ്മയുടെ മറവി കാരണം മൂത്തമക്കൾ ഒരു വീടു വാടകെയ്യെടുത്ത് അവിടെ താമസിച്ചു. ഭാര്യയുടെ മറവി കാരണം അച്ഛനാണ് ബുദ്ധിമുട്ട്. അനുയോജ്യമായ ഒരു തീരുമാനം എടുക്കാനാകാതെ അച്ഛൻ വിഷമിച്ചു. അച്ഛൻ ഭാര്യക്ക് രോഗത്തിനുള്ള മരുന്നുകൾ കുറേ കൊടുത്തു . പക്ഷെ ഒന്നും ഫലിച്ചില്ല.

അങ്ങനെ കുറച്ചു മാസങ്ങൾ കഴിഞ്ഞുപോയി. ഇന്ന് വീട്ടിലേക്കുള്ള ഭക്ഷണം എല്ലാം അച്ഛനാണ് ഉണ്ടാക്കുക. അങ്ങനെ അച്ഛൻ ജോലിക്കുപോയപ്പോൾ അമ്മ വീട്ടിൽ ഒറ്റക്കായി. അപ്പോഴാണ് വീട്ടിൽ പൂട്ടിവച്ചിരിക്കുന്ന ഒരു ടീ.വി കണ്ടത്. അമ്മയ്ക്കും അതൊന്ന് ഉപയോഗിക്കണം എന്ന് ആഗ്രഹം തോന്നി. അമ്മ അത് പതിയെ ഓൺ ചെയ്തു. അങ്ങനെ അമ്മ എന്നും ടി.വി കാണാൻ തുടങ്ങി. ടിവിയിലെ ചിരിയും, കരച്ചിലും എല്ലാം കണ്ട് അമ്മയുടെ കൂട്ടുകാരിയായി ടി.വി. അമ്മയ്ക്ക് ഏറ്റവും ഇഷ്ടം തമാശയും, ചിരിയുമാണ്. അമ്മ എന്നും ആ ചാനൽ തന്നെ കാണാൻ തുടങ്ങി. പതിയെപ്പതിയെ ടി.വിയിലെ ചിരിമൂലം അമ്മയ്ക്ക് മറവി എന്ന മാറാ രോഗം മാറിക്കിട്ടി. ഇതറിഞ്ഞ എല്ലാവർക്കും വളരെ ആശ്ചര്യം തോന്നി. ഭാര്യയുടെ രോഗത്തിൽ അതു

യോജ്യമായ ഒരു തീരുമാനം എടുക്കാൻ കഴിയാതെ വിഷമിച്ച അച്ഛന് വളരെ സന്തോഷമായി.

# ചക്കര ഉമ്മ



*ഹസ്ന.എം.പി*
*8-A*

ഒരിടത്ത് ഒരു നല്ല സൃഹൃത്തുക്കൾ ഉണ്ടായിരുന്നു. ഒരു ദിവസം അവർ പിറന്നാളിന് പോവുകയായിരുന്നു. ഒരു കൂട്ടുകാരിയുടെ കൈയിൽ വസ്ത്രമുണ്ട്. എന്റെ കൈയിൽ ഒന്നുമില്ല. ഞാൻ അവിടെ എത്തി. എല്ലാവരും സമ്മാനം കൊണ്ടു കൊടുക്കുകയാണ്. എനിക്ക് പേടിയാവുന്നു. അവൻ അനുയോജ്യമായ തീരുമാനം എടുക്കാനാവാതെ നിശ്ചലനായി. അവൻ ഒഴിഞ്ഞ് മാറി നിന്നു. എല്ലാവരും പിരിഞ്ഞുപോയി. അവൻ ആ പിറന്നാൾക്കുട്ടിയെ വിളിച്ചു. അവൻ ഒരു ചുംബനം നൽകി. അവൾ പറഞ്ഞു. എന്റെ ഈ പിറന്നാളിന്റെ ഏറ്റവും വലിയ നവചാനം ഏട്ടന്റേതാണ് എന്ന് പറഞ്ഞ് അവൻ അവിടെ നിന്ന് ഇറങ്ങി. കൂരാ കൂരിരുട്ട്. നിലാവു പോലുമില്ല. അവൻക്ക് പോവാൻ പേടിയായി. അവൾ റൂമിൽ പോയി ആകാശത്ത് നോക്കി. അതിൽ ഒരു പുതിയ നക്ഷത്രത്തെ കണ്ടു. ആ നക്ഷത്രം പറഞ്ഞു: “ഇത് ഞാനാണ് എനിക്ക് പോവാൻ പേടിയാണ്.” അവൾ ഓടിപ്പോയി. അവൾ അവനേംക്കൂട്ടി അച്ഛന്റെയും അമ്മയുടെ അടുത്തേക്ക് കൊണ്ടുപോയി. അച്ഛനോടും അമ്മയോടും പറഞ്ഞു: "അച്ഛ ഇത് എന്റെ ഒരു ഏട്ടനാണ്. കൂരാക്കൂരിരുട്ട്. പോവാൻ പേടിയാവില്ലേ, ഇന്ന്

ഏട്ടൻ ഇവിടെ കെടന്നോട്ടേ അച്ഛാ". അച്ഛൻ പറഞ്ഞു: "അപ്പോ ഇവന്റെ അച്ഛനും അമ്മയും" അവൻ സങ്കടത്തോടെ പറഞ്ഞു: "എനിക്ക് അച്ഛനും അമ്മയും ഒന്നുമില്ല. ഞാൻ അനാധനാണ്." അപ്പോൾ അവർ പറഞ്ഞ: "ഇനി മുതവൽ നിന്റെ അച്ഛനും അമ്മയും ഞങ്ങളാണ്. എന്റെ മക്കളെപ്പോലെ നിന്നെയും വളർത്തിക്കോളാം." നാട്ടിലുള്ളവരെല്ലാം അദ്ഭുതത്തോടെ ചോദിച്ചു: "നിങ്ങൾക്ക് ഭ്രാന്താണോ? ഒരു അനാതനെ ഇങ്ങനെ വളർത്താൻ." അയാൾ പറഞ്ഞു: "അമ്മയുള്ളവർ അമ്മയെ കൊല്ലുന്നു. അമ്മയില്ലാത്തവർക്ക് അതെല്ലാം കേൾക്കുമ്പോൾ അവർ കരുതും ഈ അമ്മ എനിക്കായിരുന്നെങ്കിൽ. അമ്മയില്ലാത്തവർ എങ്ങനെ കഷ്ടപ്പെട്ട് വളരുന്നു. വേസ്റ്റിൽ ഇടുന്നത് കഴിച്ച് നായക്കളെപ്പോലെ അലഞ്ഞ് തിരിഞ്ഞ് നടന്ന് നമ്മളിൽ നിന്ന് പയ്സക്ക് വരുമ്പോൾ ആട്ടിയോടിക്കുന്നു. അങ്ങനെ ആവാൻ വിടണോ ഇവനെ. നിന്റെ മോൾടെ പ്രായം അല്ലേ ഇവനും." അനുയോജ്യമായ തീരുമാനം എടുക്കാനാവാതെ നാട്ടുകാർ

# വെള്ളം പൊങ്ങിയ ആ രാത്രി



ജസില. പി
8-B

നല്ല മഴയുള്ള ഒരു രാത്രി. ചുറ്റും കൂരാക്കൂരിരുട്ട്. എന്താണെന്നറിയില്ല. അവൾ  വല്ലാത്തൊരു പേടി. അവൾ ആ വീട്ടിൽ തനിച്ചാണെങ്കിലും അവൾ ഇതുവരെ അത്രക്കും ഭയപ്പെട്ടിട്ടില്ലായിരുന്നു. വീട്ടിൽ തനിച്ചാണെന്നോർക്കുമ്പോൾ പേടി വർധിച്ചുകൊണ്ടിരിക്കുന്നു. എവിടെ പോകണമെന്നറിയില്ല. ആരെ വിളിക്കണമെന്നറിയില്ല. അവൾ ആകെ ആശയക്കുഴപ്പത്തിലായി. ഇങ്ങനെ ഒരു ദിവസം അവളുടെ ജീവിതത്തിലാദ്യമായാണ്. അവൾ അടുത്ത വീട്ടിലേക്ക് പോകാമെന്നു കരുതി. മുറ്റത്തേക്കിറങ്ങി. മുറ്റത്ത് വെള്ളം വർധിച്ചു വന്നു. അവളുടെ പ്രതീക്ഷകൾ നക്ഷപ്പെട്ടു. അവൾ മുകളിലേക്കോടി. അവൾ ഒരു കാഴ്ച കണ്ടു. പണ്ഡിതൻ പമരൻ താണജ്യാതി കോരജ്യാതി ഇവരുടെ എല്ലാം ജീവനു വേണ്ടിയുള്ള കരച്ചിൽ ഒരു പോലെയായിരുന്നു. സന്തോഷിക്കാൻ പാടില്ലാത്ത ആ നിമിഷത്തിൽ അവൾ അല്പം സന്തോഷിച്ചു. കാരണം, അവളുടെ വീട്ടിൽ ആദ്യമായാണ് ഇത്രയും അതിഥികൾ ഒരുമിച്ച് എത്തുന്നത്. അവർ പരസ്പരം സംസാരിച്ചു. പിന്നെ ഭക്ഷണം പങ്കിട്ടെടുക്കാൻ തുടങ്ങി. അവിടെയും സുരക്ഷിതമല്ല എന്നറിയാൻ അധികം സമയം വേണ്ടിവന്നില്ല. അവർ ഒരുമിച്ച് കൈകോർത്ത് മരണത്തെ

കാത്തുനിന്നു. പിന്നെ അവർ അവിടെയൊരു ശബ്ദം കേട്ടു. ആ ശബ്ദം അവർക്ക് ഒരിക്കലും മറക്കാൻ കഴിയാത്തതായിരുന്നു. ഹെലികോപ്റ്റർ, കപ്പൽ, തോണി, ചങ്ങാടം, ഫയർഫോഴ്സ് എല്ലാം അവരുടെ മുന്നിൽ നിരന്നു നിൽക്കുന്നു. പിന്നെ എന്താണ് സംഭവിച്ചതെന്ന് ആർക്കും ഒരു ഓർമ്മയുമില്ല. പിന്നെ അവർ ഏതോ ഒരു ക്യാമ്പിലാണെന്ന് മനസ്സിലായി. അവിടെ  നിൽക്കുന്നവർക്ക് പലരും പലതും നൽകി സഹായിച്ചു. അവരിൽ പലർക്കും ഉറ്റവരും ഉടയവരും പോയി. എങ്കിലും അവർ എല്ലാം ഒന്നിൽ നിന്ന് തന്നെ തുടങ്ങും. എല്ലാവരും ഒന്നിച്ചു തുടങ്ങും. കാരണം കേരളം ദൈവത്തിന്റെ സ്വന്തം നാടാണ്. അവിടെ എല്ലാം തുടങ്ങണമന്ന് അവർ നിശ്ചയിച്ചു. പക്ഷെ അവളുടെ മനസ്സിൽ എന്തൊ ഒരു പേടി ഒളിഞ്ഞിരിപ്പുണ്ടായിരുന്നു. എന്താണെന്ന് അവൾക്കു പോലും മനസ്സിലായില്ല.അവൾ ആകെ കുഴഞ്ഞുപോയി.

# നല്ലവരുടെ നാട്



വന്ദന.വി.പി
10.C

വിശാലമായ ഒരു ഗ്രാമത്തിൽ നല്ല വരായ ചില കുടുംബങ്ങൾ താമസിച്ചിരുന്നു. അവർ കിടയിൽ വാക്കുതർക്കങ്ങളില്ല വഴക്കില്ല. എല്ലാവരും ഒന്നായി കഴിയുന്ന ഒരു ചെറിയ ഗ്രാമമായിരുന്നു കുട്ടന്നൂർ. അരുവികൾ,ധാരാളം മരങ്ങൾ എന്തിന് മലകൾ പോലും അവിടെ ഉണ്ട്. ഒന്നിനു പുറമെ ഒന്നായി വീടുകൾ. സ്നേഹത്തിന്റെ വിശാലമായ ഒരു നാട്. പട്ടണത്തിൽ നിന്ന് ഒരു കുടുംബം അവിടെ താമസിച്ചു. നാടൻ ശൈലിയിൽ നിന്ന് വ്യത്യസ്തമായിരുന്നു അവരുടെ ജീവിതം. കുട്ടികൾ മൈതാനത്തിൽ കളിക്കുന്നുണ്ടായിരുന്നു. കിളവികൾ ആടുകളെ മെയ്ക്കുന്നുണ്ടായിരുന്നു. ഓരോരുത്തരും അവരവരുടെ കാര്യങ്ങളിൽ ശ്രദ്ധപതിപ്പിക്കുന്നു. പുതിയ വീട്ടുകാരെ കണ്ട നാട്ടുക്കാർ അതിശയിച്ചു പോയി. വലിയ കാർ,വിലക്കൂടിയ വസ്ത്രങ്ങൾ, ആഭരണങ്ങൾ പിന്നെ ഒട്ടനവധി സാധനങ്ങൾ. പുതുതായി വന്ന ദമ്പതികൾക്ക് രണ്ട് മക്കളാണ് ണ്ടായിരുന്നത്. മൂത്തവൻ കില്ലൂ, ഇളയവൾ ചില്ലൂ. കില്ലൂട്ടൻ ചില്ലൂട്ടി എന്നിങ്ങനെ ഇവരെ ഓമനപ്പേര് വിളിക്കുന്നത്. അവിടുത്തെ കുട്ടികൾ കേൾക്കുമായിരുന്നു. കുട്ടികൾ പുതുതായി വന്ന വീടിനു മുൻപിൽ നിന്ന് അവിടത്തെ കുട്ടികളെ ശ്രദ്ധിക്കുമായിരുന്നു. എല്ലാവർക്കും

ഓരോ പ്രായമാണ് ഉള്ളത്. കില്ലുവിന്റെയും ചില്ലുവിന്റെയും കളിപ്പാട്ടങ്ങൾ കണ്ട് അവർ അത് ആഗ്രഹിക്കുമായിരുന്നു. എന്നാൽ കില്ലുവിന്റെയും സ്വഭാവസവിശേഷത നാട്ടിൽ കുട്ടികളെക്കാൾ വ്യത്യസ്തമായിരുന്നു. ചെരുപ്പിടാതെ മുറ്റത്തേക്ക് ഇറങ്ങില്ല. പല്ലിയെയും ഉറുമ്പിനെയും പശുവിനെയും പേടിയാണ് അവർക്ക്. നാട്ടിൽ കുട്ടികൾ കളിക്കാൻ വിളിക്കും. താൽപ്പര്യമില്ലെങ്കിലും അവർ കളിക്കാൻ പുറത്തിറങ്ങുമ്പോൾ അവരെ അമ്മ ചീത്തപറയും. "ഈ വൃത്തികെട്ട കുട്ടികളുടെ കൂടെയാണ് നിങ്ങൾ കളിക്കാൻ പോകുന്നത്". നാട്ടിൽ കുട്ടികൾക്ക് അത് വിഷമമുണ്ടാക്കുമായിരുന്നു. കുറച്ചു ദിവസങ്ങൾക്ക് ശേഷം കുട്ടിക്കൾ മൈതാനത്തിൽ പട്ടം പറപ്പിക്കുന്നു. ചിലർ വട്ടുരുട്ടുന്നു. ഓടിക്കളിക്കുന്നു. കള്ളനും പോലിസും കളിക്കുന്നു. തൊട്ടുകളി അങ്ങനെ ഒത്തിരികളികൾ കളികൾ കളിക്കുന്നു. എന്നാൽ ഇവർ കളിക്കുന്ന കളികളെല്ലാം കില്ലുവും ചില്ലുവും കാണുന്നുണ്ടായിരുന്നു. അവർക്ക് അവരുടെ കൂടെ കളിക്കാൻ ആഗ്രഹമായി. അമ്മ സമ്മതികില്ലായെങ്കിലും അവർ അമ്മ പറഞ്ഞുപോയ സമയം നോക്കി നാട്ടിൻ കുട്ടികളുടെ കൂടെ കളിക്കാൻ പോയി. അങ്ങനെ കുറെ ദിവസങ്ങൾ കടന്നുപോയി. കില്ലുവും ചില്ലുവും അവരുടെ കൂടെ കളികൾ കളിച്ചു നടന്നു. അവർ രണ്ടുപേരും പല കളികൾ പഠിച്ചു. എന്നാൽ ഇതൊന്നും അമ്മ അറിയുന്നുണ്ടായിരുന്നില്ല. കില്ലുവും ചില്ലുവും തികച്ചും നാടൻ കുട്ടികളുടെ ശൈലിയിലേക്ക് വന്നു. ഒരു ദിവസം അമ്മ ദൂരെയെങ്ങോ പോയ സമയത്ത് കില്ലുവും ചില്ലുവും കളിക്കാൻ പുറത്തുപോയി. അവർ ആദ്യം തൊട്ടുകളി കളിച്ചു. പിന്നെ അവരെല്ലാവരും കൂടി കപടികളിക്കാനായി പാടത്തേക്ക് പോയി. കളിക്കുന്ന സ്ഥലത്ത്

ആകെ ചെളിയായിരുന്നു. അവർ ആ ചെളിയിൽ കളിച്ചു. കളിക്കുന്നതിനിടയിൽ സമയം പോയത് അവർ അറിഞ്ഞില്ലായിരുന്നു. അവർ രണ്ടുപേരും കൂട്ടുകാരോട് യാത്ര പറഞ്ഞ് പാടവരമ്പത്തുകൂടെയും കുന്നിൻ മുകളിലൂടെയും പാഞ്ഞു. ഒടുവിൽ അമ്മ വരുന്നതിന് മുൻപ് അവർ വീട്ടിലെത്തിച്ചേർന്നു. അവരുടെ ദേഹത്താകെ ചെളി പുരണ്ടിരുന്നു. വീടിനുള്ളിൽ നടന്ന സ്ഥലത്ത് ചെളിയുണ്ടായിരുന്നു. അവർ രണ്ടുപേരും കൂടി ചെളിയെല്ലാം തുടച്ച് കളഞ്ഞ് വസ്ത്രങ്ങളലക്കി കുളിച്ചു. എന്നാൽ പാടത്തെ ചെളിയുടെ ആ പരിമിതി മണം തികച്ചും പോയില്ലായിരുന്നു. അവർ ഈ മണത്തെ കളയാൻ വേണ്ടി ചില സ്പ്രേ അടിച്ചു. അവർക്ക് ആശ്വാസമായി. അമ്മ വന്നു. അവർ പഠിക്കുന്ന നേരം അമ്മ കണ്ടു. നാട്ടിലെ മാതാക്കളെ പോലെ ആയിരുന്നില്ല അവർ. മാതൃത്ത്വത്തിൽ നിന്നു അകലുന്നതുപോലെ ഒരു സ്വഭാവം കുട്ടികൾക്ക് വൈകുന്നേരം ചായകുടിക്കുന്നില്ല. അവരുടെ പഠനകാര്യങ്ങൾ ശ്രദ്ധിക്കുന്നില്ല. അതുകൊണ്ടുതന്നെ അവരെ ഒരമ്മ എന്ന് വിളിക്കാൻ തികച്ചും അസാധ്യമായിരുന്നു. കുട്ടികളുടെ കാര്യത്തിൽ ആ സ്ത്രീ സെന്റിമെന്റ്സ് മാത്രമായിരുന്നു കാണിച്ചത്. അതുകൊണ്ടു തന്നെ അമ്മ പറയുന്ന കാര്യങ്ങൾ കുട്ടികൾ അനുസരിക്കണമായിരുന്നു. അമ്മ രാത്രിയും പകലും എങ്ങോട്ടോ ഇറങ്ങിപ്പോകുമായിരുന്നു. അതൊക്കെ കണ്ടു നിൽക്കാനാണ് മക്കളുടെ വിധി. പിറ്റെ ദിവസം അമ്മ ജോലിക്ക് പോയില്ല. അവർ കളിക്കാൻ പോകാതെ വിഷമിച്ചു. നാട്ടിലെ കുട്ടികൾ അവരുടെ വീടിനു മുമ്പിൽ എത്തി. അവർ ഉറക്കെ വിളിച്ചു "കില്ലൂ.....ചില്ലൂ..... വേഗം വാ....." വീട് അടച്ചിട്ടിരുന്നതു

കൊണ്ട് അവർ വിചാരിച്ചു കിലുവിന്റെയും ചിലുവിന്റെയും അമ്മ പുറത്തു പോയി എന്ന്. എന്നാൽ വാതിൽ തുറന്നത് അമ്മയായിരുന്നു. ആ സ്ത്രീ ഉറക്കെ പറഞ്ഞു "പോ കള്ളജാതികളേ" കുട്ടികളുടെ മനസ്സിൽ ആ സ്ത്രീ ഒരു ക്രൂരയായി മാറി. കുട്ടികൾ അവിടെ നിന്ന് മൈതാനത്തിലേക്കു പോയി. കില്ലുവിനും ചില്ലുവിനും വിഷമമായി. അവർ രണ്ടു പേരും റൂമിന്റ ഒരു മൂലയിലിരുന്ന് കരഞ്ഞു. അവർ ജനൽപ്പാളികളുടെ ഇടയിലൂടെ തങ്ങളുടെ കൂട്ടുകാരെ നോക്കി.

പിറ്റേന്ന് അവർ കളിക്കാൻ പോയി. അമ്മ ആ സമയം ജോലി ഇല്ലാത്തതു കൊണ്ട് വരുകയായിരുന്നു. അമ്മ അവർ കളിക്കുന്നതു കണ്ടു. അമ്മ പെട്ടെന്ന് ഒരു വടിയുമായി അവരുടെ അടുത്തു ചെന്നു. ആ സമയത്ത് കൃത്യമായ തീരുമാനം എടുക്കാനാവാതെ അവനും അവളും വഷമിച്ചു.

*അക്ഷരം ഡിജിറ്റൽ മാഗസിൻ*

# വിദ്യാലയ വാർത്തകൾ

## മാത്സ് സ്റ്റോറി ടെല്ലിങ് ഡെ

"MATHS STORY TELLING DAY"-യോടനുബന്ധിച്ച് അധ്യാപകരായ ലിനി ടീച്ചർ, അർഷ ടീച്ചർ, ദിവ്യ ടീച്ചർ, രാധിക ടീച്ചർ എന്നിവരുടെ നേതൃത്വത്തിൽ സ്ക്കൂളിൽ ഗണിത ശാസ്ത്ര പ്രദർശനം നടത്തുകയുണ്ടായി. ഗണിത പൂക്കളം ഗണിത ചരിത്ര സെമിനാർ എന്നിവയും നടത്തുകയുണ്ടായി. ദശാംശസംഖ്യകൾ എന്ന വിഷയത്തിൽ പേപ്പർ പ്രെസെന്റേഷനും നടത്തി.



*ലിറ്റിൽ കൈറ്റ്സ് ഗോഖലെ.ജി.എച്ച്.എസ്.എസ്.കല്ലടത്തൂർ*

# അറബിക് എക്സിബിഷൻ ശ്രദ്ധേയമായി

അന്താരാഷ്ട്ര അറബി ദിനാചരണത്തിന്റെ ഭാഗമായി ഗോഖലെ ഗവ. ഹയർ സെക്കൻഡറി സ്ക്കൂൾ അറബിക് ക്ലബിന്റെ നേതൃത്വത്തിൽ എക്സിബിഷൻ നടത്തി.

അറബി ഭാഷയുടെ വളർച്ചയും വ◌ികാസവും സാധ്യതകളും മനസിലാക്കാൻ ഉതകുന്ന വിധത്തിലായിരുന്നു പ്രദർശനം. കുട്ടികളുടെ സൃഷ്ടികൾക്കു പുറമെ വിവിധ രാജ്യങ്ങളിലെ പത്രമാസികകളെ പരിചയപ്പെടുത്തിയും അറബി ഭാഷയിലെ ശാസ്ത്ര പ്രതിഭകളെ കുറിച്ചും കാലിഗ്രഫിയെകുറിച്ചും അറിവു പകർന്നും എക്സിബിഷൻ ശ്രദ്ധേയമായി. ഹെഡ്മാസ്റ്റർ പി.വി.റഫീഖ് എക്സിബിഷൻ ഉദ്ഘാടനം ചെയ്തു. പി.ടി.എ പ്രസിഡന്റ് രാമകൃഷ്ണൻ ,പ്രമോദ് ചന്ദൻ ,മോഹനൻ,അധ്യാപകരായ ജാഫറലി,സഫിയ,അബ്ദുൽ കരീം,മുർഷിദ്, അസ്കറലി,ഉണ്ണികൃഷ്ണൻ, സിന്ധു, സന്തോഷ് കുമാർ സുധ,താജ്ലിഷ്, ദിവാകരൻ, രൂപേഷ്, ജയപ്രകാശൻ സംബന്ധിച്ചു. കുട്ടികൾ തയ്യാറാക്കിയ അറബി കൈയ്യെഴുത്ത് മാഗസിൻ ഹെഡ്മാസ്റ്റർ അസംബ്ലിയിൽ പ്രകാശനം ചെയ്തു.



# ഓപ്പൺ ക്ലാസ് റൂം ഉദ്ഘാടനം ചെയ്തു



കല്ലടത്തൂർ ഗോഖലെ ഗവ. ഹയർ സെക്കന്ററി സ്കൂളിൽ ഓർമ്മച്ചിമിഴ് 1986 എസ് എസ് എൽ സി ബാച്ച് നിർമിച്ചു നൽകിയ ജൈവവൈവിധ്യ ഓപ്പൺ എയർ ക്ലാസ് മുറിയുടെ ശിലാഫലകത്തിന്റെ അനാച്ഛാദനം പൂർവ്വ വിദ്യാർത്ഥി കൂടിയായ വി.ടി ബൽറാം എംഎൽഎ നിർവ്വഹിക്കുന്നു. സി.പി മോഹനൻ, പ്രൻസിപ്പൽ ബേബി,പ്രധാന അധ്യാപകൻ പി.വി

റഫീഖ് എന്നിവർ സംബന്ധിച്ചു.

# ഗണിത ക്ലബ് ഉദ്ഘാടനം ചെയ്തു.



ഗോഖലെ ഗവ. ഹയർസെക്കന്ററി സ്ക്രൂൾ കല്ലടത്തൂരിൽ 2018-19 അധ്യയനവർഷത്തിൽ"സിഗ്മ" എന്ന ഗണിതക്ലബ് രൂപീകരിക്കുകയും ക്ലബിന്റെ ഉദ്ഘാടനം പാസ്ക്കൽ ദിനത്തോടനുബന്ധിച്ച്  ജൂൺ 19 ചൊവ്വാഴ്ച എ .യു .പി .എസ് .ഇരുമ്പകശ്ശേരിയിലെ ഗണിത അധ്യാപികയായ ശ്രീമതി.ജിജിടീച്ചർ നിർവ്വഹിക്കുകയുണ്ടായി.

# ശാസ്ത്ര വണ്ടി



ഭാരത സർക്കാറിന്റെ സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള കോഴിക്കോട് മേഖല ശാസ്ത്രകേന്ദ്രത്തിലെ ശാസ്ത്ര വണ്ടി ഗോഖലെ സ്ക്കൂളിൽ രണ്ട് ദിവസം പ്രദർനം നടത്തി. വിദ്യാർത്ഥികൾക്ക് ശാസ്ത്രാഭിരുചി വർദ്ധിപ്പിക്കുന്നതിന് സഹായകമായിരുന്നു ഈ പ്രദർശനം.

കല്ലടത്തൂർ ഗോഖലെ ഗവ.
ഹയർസെക്കന്ററിസ്ക്കൂൾ
ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കിയ
ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാൻ
സൃഷ്ടികൾ എഴുതിയവർ,
ചിത്രങ്ങൾ വരച്ചവർ,
നിർദ്ദേശങ്ങൾ നൽകിയവർ,
സഹായിച്ചവർ,
അധ്യാപകർ,
എല്ലാവർക്കും നന്ദി